Reg. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 മകരം 27—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ഫെബ്രുവരി 9 | ലക്കം 25

## ഫാത്തിമായിലെ പ്രവചനങ്ങൾ

(സി എം. സെബാസ്റ്റ്യൻ, അതിരമ്പുഴ)

ഇപ്പോൾ ഭുവനപ്രസിദ്ധമായിത്തീർന്നിരിക്കുന്ന പോർട്ടുഗലിലെ ഫാത്തിമാ ചെററക്കുന്നിൻപുറം പോലുള്ള ഒരു പ്രദേശമാണു്. ദൈവജനനി അവിടെ പ്രത്യക്ഷമായതുമൂലം ലൂർദ്ദ്പോലെ ഫാത്തിമായും ഒരു തീർത്ഥാടനകേന്ദ്രമായിത്തീർന്നിരിക്കുന്നു. ഭക്തജനങ്ങൾ ഇഷ്ടസിദ്ധിക്കായി അങ്ങോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. വാർത്താവിതരണത്തിനായി പത്രപ്രതിനിധികളും അവിടെ ഓടിക്കൂടുന്നുണ്ടു്. കവികളും ഗ്രന്ഥകാരന്മാരും കവിതയ്ക്കും ഗ്രന്ഥനിർമ്മാണത്തിനും വേണ്ട സാമഗ്രികൾ ശേഖരിക്കുവാനും അങ്ങോട്ടുപോകുന്നുണ്ടു്. പല ദേശക്കാരും പല ഭാഷക്കാരും അവിടെ കൂട്ടംകൂടുന്നു. ചുരുക്കത്തിൽ പോർട്ടുഗൽ ദൈവാനുഗ്രഹം നിറഞ്ഞ കത്തോലിക്കർ നിവസിക്കുന്ന ഒരു രാജ്യമായി കരുതപ്പെടുന്നു.

എന്നാൽ ഈരാജ്യവും യൂറോപ്പിലെ മററു രാജ്യങ്ങളെപ്പോലെ മതപീഡനത്തിലും നിർമ്മതപ്രസ്ഥാനത്തിലുംനിന്നു നിശ്ശേഷം അകന്നുനിന്നരാജ്യമായി ചരിത്രംസമ്മതിക്കുന്നില്ല. രാഷ്ട്രീയനിയമങ്ങൾ സഭാനിയമങ്ങളെഎതിർത്തുമൂലം പോർട്ടുഗലിൽ കത്തോലിക്കാസഭയ്ക്കു സ്തംഭനം സംഭവിച്ചിട്ടുണ്ടു്. തന്മൂലം പല മെത്രാസനങ്ങളും പള്ളികളും പരിശുദ്ധസിംഹാസനത്തിൽനിന്നും നിരോധിക്കുകയും നിറുത്തലാക്കുകയും ചെയ്തതായി നമുക്കു കാണാൻ കഴിയും. 1910 മുതൽ 1920 വരെ ജനാധിപത്യത്തിൻെറ പേരിൽ പല മർദ്ദനങ്ങളും ഉണ്ടായി. അനേകം അൽമേനികളും വൈദികരും ഈ മതമർദ്ദനപ്പേപ്പിശാചിൻെറ പിടിയിൽ എരിപൊരികൊള്ളുന്നതിനിടയായി. 1817-ൽ ദിവ്യജനനി ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ട സന്ദർഭങ്ങളിലും കത്തോലിക്കാസഭ അവിടെ സുരക്ഷിതമായിരുന്നില്ല.

ജനാധിപത്യശക്തിയാൽ മർദ്ദിതനായ ഒരു വന്ദ്യവൈദികൻ അനേകം മണിക്കൂർ മഞ്ഞുറയുന്ന വെള്ളത്തിൽ നില്ക്കുന്നതിനു ശിക്ഷിക്കപ്പെട്ടു. മഞ്ഞുകട്ടിയുടെ സമ്മർദ്ദത്താൽ കാലു മരച്ചു ആ പുരോഹിതൻ മുടന്തനായിത്തീർന്നു. കസേരയിൽതന്നെ അനേകദിവസങ്ങൾ അദ്ദേഹത്തിനു കഴിച്ചുകൂട്ടേണ്ടിവന്നു. മരിയഭക്തനായ അദ്ദേഹം പോർട്ടുഗൽ മതമർദ്ദനത്തിൽനിന്നും മോചിതമാകുന്നതിനുവേണ്ടി വ്യാകുലമാതാവിൻെറ വിശേഷമാദ്ധ്യസ്ഥം തേടുകയുണ്ടായി. ദിവ്യജനനിയുടെ ഏഴുവ്യാകുലങ്ങളെക്കുറിച്ചു് ആ പുണ്യശ്ലോകൻ നിരന്തരം പ്രാർത്ഥിച്ചു. അദ്ദേഹത്തിൻെറ പ്രാർത്ഥന ഫലിക്കുകതന്നെ ചെയ്തു. കത്തോലിക്കാസഭ പോർട്ടുഗലിൽ സ്വാതന്ത്ര്യം പ്രാപിച്ചു. കൃതകൃത്യനായ ഈ വൈദികശിരോമണി ദൈവമാതാവിനോടുള്ള കൃതജ്ഞതാപ്രകടനത്തിനായി ഏഴുപ്രാവശ്യം ലൂർദ്ദിലേക്കു തീർത്ഥയാത്ര നടത്തുകയുണ്ടായി. പതിനഞ്ചാം ബനദിക്തോസു മാർപ്പാപ്പാ തിരുമേനിയാൽ ഇദ്ദേഹം ലീരിയയുടെ മെത്രാനായി നിയമിക്കപ്പെട്ടു.

ഫാത്തിമായിൽ ദിവ്യജനനിയുടെ പ്രത്യക്ഷങ്ങൾ ദർശിച്ച മൂന്നിടയക്കുട്ടികളിൽ ശേഷിച്ച ലൂസിയെ ഡൊറോത്തിയൻ മഠത്തിലേക്കു പറഞ്ഞയച്ചതു് ഈ വൈദികശ്രേഷ്ഠനാണു്.

ഫാത്തിമായിലെ പ്രത്യക്ഷങ്ങളെക്കുറിച്ചു് വേണ്ട അന്വേഷണം നടത്തി തെളിവു ശേഖരിക്കുവാൻ നിയുക്തമായ കമ്മീഷനിലെ ഒരു പ്രമുഖാംഗം ഈ വൈദികാദ്ധ്യക്ഷൻ തിരുമേനിയാണു്. ദൈവജനനിമൂലം ലൂസി നൽകിയ മൂന്നു പ്രവചനങ്ങളിൽ ശേഷിച്ചിട്ടുള്ള മൂന്നാമത്തെ പ്രവചനം ലൂസിയുടെ കൈപ്പടയിൽ എഴുതി വാങ്ങി സൂക്ഷിച്ചിരിക്കുന്നതു് ഈ വന്ദ്യമെത്രാൻ തിരുമേനിയാകുന്നു. ഡോംജോസ് ആൽവേസ് കൊറിയാ ഡാസിൽവാ എന്ന് നാമധേയത്താൽ അറിയപ്പെടുന്ന ആ രൂപതാദ്ധ്യക്ഷൻ ഇപ്പോഴും ഇതൊരു രഹസ്യമായി സനിഷ്കർഷം സൂക്ഷിക്കുന്നുണ്ടു്. ഫാത്തിമായിലേക്കു തീർത്ഥയാത്ര ചെയ്യുന്ന അനേകം ആളുകൾ ഈ ബിഷപ്പിനെ സന്ദർശിക്കുകയും പ്രവചനത്തിൻെറ രഹസ്യം വെളിപ്പെടുത്തുവാൻ നിർബന്ധിക്കുകയും ചെയ്യുന്നതായിട്ടറിവുണ്ടു്. എങ്കിലും ആർക്കും ആ രഹസ്യം ഇന്നോളം അറിവാൻ സാധിച്ചിട്ടില്ല.



പരിശുദ്ധകന്യകമറിയത്തിൻെറ ലൂർദ്ദിലെ പ്രത്യക്ഷം

തിരുനാൾ—ഫെബ്രുവരി 11

താനൊരു പ്രവാചകയായി അറിയപ്പെടാതിരിക്കുന്നതിനുവേണ്ടി കോയിംപ്രായിലെ ഒരു കർമ്മലീത്താമഠത്തിൽ ലൂസിയാ സന്യാസിനിയായി ഏകാന്തജീവിതം അനുഷ്ഠിക്കുകയാണു്. പ്രാർത്ഥനയിലും ധ്യാനത്തിലും ത്യാഗാനുഷ്ഠാനങ്ങളിലും ജീവിതം നയിക്കുന്ന ഈ കന്യകയുടെ രണ്ടു പ്രവചനങ്ങളും അക്ഷരംപ്രതി നിറവേറിക്കഴിഞ്ഞു.

യുദ്ധംമൂലം ദൈവം ലോകത്തെ ശിക്ഷിക്കുമെന്നു ദിവ്യജനനി ലൂസിയെ അറിയിച്ചു. യൂറോപ്പിലെ അന്തരീക്ഷത്തിൽ ഇതുവരെ കണ്ടിട്ടില്ലാത്തവിധം ഒരു പ്രത്യേകപ്രകാശം ഉണ്ടാകുമെന്നും തുടർന്നു യുദ്ധം പൊട്ടിപ്പുറപ്പെടുമെന്നും ആ കന്യക പ്രവചിച്ചു. 1938 ജനുവരി 24, 25 എന്നീ തീയതികളിൽ ഈമാതിരി പ്രകാശങ്ങൾ യൂറോപ്പിൽ പലേടത്തും പ്രകടമായി കാണപ്പെട്ടു. 1938 മാർച്ചുമാസത്തിൽ നിരാശ്രയയായ ആസ്ട്രിയാ ഹിററ്ലർ ആക്രമിച്ചതും തുടന്നു രണ്ടാമത്തെ ലോകമഹായുദ്ധമുണ്ടായതും സർവ്വവിദിതമാണല്ലോ.

രഷ്യയെക്കുറിച്ചു ലൂസിയാക്കു് ദൈവജനനിയിൽനിന്നും നിർദ്ദേശം ലഭിച്ചിരുന്നു. ഈ നിർദ്ദേശം ആദ്ധ്യാത്മികോപദേഷ്ടാക്കളുടെ നിർബന്ധംമൂലം പന്ത്രണ്ടാം പീയൂസു് മാർപ്പാപ്പാ തിരുമേനിയെ അറിയിക്കുകയുണ്ടായി. 1952 ജൂലൈമാസത്തിൽ പരിശുദ്ധ പിതാവു രഷ്യയെ ദിവ്യജനനിയുടെ അമലോത്ഭവഹൃദയത്തിനായി പ്രതിഷ്ഠിച്ചു.

ഇന്നും അജ്ഞാതമായി സൂക്ഷിക്കുന്ന ലൂസിയുടെ പ്രവചനത്തെക്കുറിച്ചു് പലരും പല കള്ളക്കഥകളും ലോകത്തിൽ പ്രചരിപ്പിക്കുന്നുണ്ടു്. ഈ പ്രവചനത്തിൻെറ ഒരു കോപ്പി വത്തിക്കാൻ കൊട്ടാരത്തിലുണ്ടെന്നു ഒരു കൂട്ടർ. പരിശുദ്ധ പിതാവു അതു വായിച്ചു ദുഃഖനിമഗ്നനായി മുട്ടിന്മേൽ നിന്നു അധികനേരം പ്രാർത്ഥിച്ചു പരവശനായിപ്പോയെന്നു വേറൊരു കൂട്ടർ. അതു് അന്തിക്രിസ്തുവിൻെറ വരവിനെക്കുറിച്ചുള്ള പ്രവചനമാണെന്നു മൂന്നാമതൊരുകൂട്ടർ. ആ പ്രവചനം എന്തെന്നറിയുമ്പോഴേക്കും അതിലെ കാര്യങ്ങൾ മുഴുവൻ നടന്നുകഴിഞ്ഞിരിക്കുമെന്നും അതുകൊണ്ടു അതു വായിക്കുന്നതും അറിയുന്നതുംകൊണ്ടു യാതൊരുപ്രയോജനവുമില്ലെന്നുമാണു ചിലർ പരത്തുന്ന കഥ. ഏതായാലും മേൽപ്രസ്താവിച്ച ലീരിയയുടെ മെത്രാനായ ഡോം ജോസു് തിരുമേനിയാണു് ആ പ്രവചനം സൂക്ഷിച്ചിരിക്കുന്നതെന്നതിൽ ആരും തർക്കിക്കുന്നില്ല. ദൈവമാതൃഭക്തിയിൽ അദ്വിതീയനായ ഈ വൈദികാധികാരി അതിനുവേണ്ടിത്തന്നെ ദൈവത്താൽ നിയുക്തനാണെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു.

1917-ൽ ഫാത്തിമായിലുണ്ടായ പ്രത്യക്ഷത്തെക്കുറിച്ചു സശ്രദ്ധം പഠിക്കുകയും വാർത്തകൾ നിയന്ത്രിക്കുകയും ചെയ്തുകൊണ്ടിരുന്നതു് ഇദ്ദേഹമാണു്. പതിമൂന്നു കൊല്ലക്കാലം ഫാത്തിമായിലെ

സൂര്യഭ്രമണദർശനമാകുന്ന അത്ഭുതത്തെ അദ്ദേഹം അംഗീകരിച്ചില്ല. അദ്ദേഹത്തിൻെറ നിയന്ത്രണത്തിലാണു ഫാത്തിമായിലെ സകല ഏർപ്പാടുകളുമെന്നുതന്നെ പറയാം. ഫാത്തിമാ ആളുകൾ തിങ്ങിക്കൂടുന്ന ഒരു സ്ഥലമായപ്പോൾ പെട്ടെന്നു ഒരു കച്ചവടകേന്ദ്രമായിത്തീരാനെളുപ്പമുണ്ടല്ലോ. എന്നാൽ അങ്ങനെ യാതൊരു വ്യാപാരത്തിനും അദ്ദേഹം അവിടെ സ്ഥാനം അനുവദിച്ചിട്ടില്ല. ഹോട്ടലുകൾക്കോ ഒരു ചായക്കടയ്ക്കുപോലുമോ അദ്ദേഹം അവിടെ സ്ഥാനം നൽകിയിട്ടില്ല. അഞ്ചോ ആറോ പീടികകളുള്ളതു് കേവലം മതപരമായ സാധനസാമഗ്രികൾ മിതമായും ഒതുക്കമായും അത്യാവശ്യക്കാർക്കു കൊടുക്കുന്നതിനു മാത്രമുള്ളതാണു്. കൊവേന്തയോ മഠങ്ങളോ പണിയാനേ അദ്ദേഹം അവിടെ സ്ഥലം അനുവദിച്ചിട്ടുള്ളു. ഡോംജോസു് തിരുമേനി ജീവിച്ചിരിക്കുന്നിടത്തോളംകാലംഫാത്തിമായിൽച്ചെന്നു വ്യാപാരംചെയ്തു പണംനേടാമെന്നു ആരും കരുതേണ്ട. തിരുനാളാഘോഷങ്ങളേയും തീർത്ഥാടനങ്ങളേയും മററും ഭക്തിക്കച്ചവടമാർഗ്ഗമായി വിധിക്കുന്ന ധനതത്വശാസ്ത്രജ്ഞന്മാർ യൂറോപ്പിൽ ധാരാളമുണ്ടു് നമ്മുടെ രാജ്യത്തും ഈമാതിരി ധനശാസ്ത്രജ്ഞന്മാർ കുറവല്ലല്ലോ. ഫാത്തിമായിലെ കാര്യങ്ങളിൽ ഡോം ജോസ് തിരുമേനിയുടെ നിയന്ത്രണം ഒരനുഗ്രഹംതന്നെയാകുന്നു.

ഈ വന്ദ്യ തിരുമേനി സൂക്ഷിച്ചിരിക്കുന്ന ലൂസിയായുടെ പ്രവചനം ഒരു കെട്ടുകഥയെന്നു പ്രഖ്യാപിച്ച ഒരു പത്രം ചോദിക്കുന്നു: 1960 നു മുമ്പു് ആ പ്രവചനരേഖ അദ്ദേഹം തുറക്കുകയില്ലെന്നു സമ്മതിക്കാമെങ്കിലും അതിനുശേഷവും അതു തുറക്കണമെന്നുവല്ല നിർബന്ധനിയമമോ ഉടമ്പടിയോ ഉണ്ടോ? തുറക്കേണ്ട ദിവസം നീട്ടിവച്ചുകൂടേ?

ഏതാനും നാളുകൾക്കുമുമ്പു് വിവിധ രാജ്യക്കാരും ഭാഷക്കാരും വേഷക്കാരുമായ ഒരുകൂട്ടം തീർത്ഥാടകർ ഡോം ജോസു് തിരുമേനിയെ സമീപിച്ചു് ലൂസിയുടെ പ്രവചനത്തെക്കുറിച്ചു പലതും ചോദിക്കുകയുണ്ടായി. അവരോടദ്ദേഹം സത്യബോധ്യത്തോടെ പറയുന്നു: "ലൂസിയുടെ പ്രവചനം പരിശുദ്ധ പിതാവിനറിഞ്ഞുകൂടാ. അതിൻെറ പകർപ്പു് വത്തിക്കാനിലല്ല, ഒരിടത്തും കാണുകയില്ല." വീണ്ടും ചോദ്യം തുടർന്നു. ഇംഗ്ലീഷുഭാഷാഭിജ്ഞരായ തീർത്ഥയാത്രക്കാരെ, മെത്രാൻ തിരുമനസ്സിലെ അന്തേവാസിയും ഇംഗ്ലീഷുഭാഷ സരളമായി സംസാരിക്കാൻ കഴിയുന്നവനുമായ കാനൻഗാലംബൊ എന്നയാൾ മെത്രാൻ തിരുമേനിയുടെ ഉത്തരം വിശദമായി അറിയിച്ചു. 1960-ൽ മാത്രമേ ലൂസിയുടെ കത്തു തുറന്നു വായിക്കുകയുള്ളൂ. അതു നശിക്കുകയോ നശിപ്പിക്കപ്പെടുകയോ ചെയ്താൽ ലൂസി ഇപ്പോഴും ജീവിച്ചിരിക്കുന്നതുകൊണ്ടു യാതൊരാശങ്കയ്ക്കും അവകാശമില്ല. വീണ്ടും അവളിൽനിന്നു അതു നമുക്കറിയാം. കാനൻ തുടർന്നു: "ലൂസിയിൽനിന്നും പ്രവചനം എഴുതിവാങ്ങിക്കുമ്പോൾ ഞാൻകൂടി ഉണ്ടായിരുന്നു. ബിഷോപ്പിൻെറ ഇഷ്ടംപോലെ അതു അദ്ദേഹത്തിനു വായിക്കുകയോ വായിക്കാതിരിക്കുകയോ ചെയ്യാമെന്നു ലൂസി പറഞ്ഞു. ബിഷോപ്പതു വായിക്കുകയാകട്ടെ അതിലെ കാര്യം എന്തെന്നു ചോദിക്കുകയാകട്ടെ ചെയ്തില്ല. ലൂസി പ്രവചനം എഴുതി ഭദ്രമാക്കിക്കൊണ്ടു് 1960 ലേ അതു തുറക്കാൻ പാടുള്ളുവെന്ന വാഗ്ദാനത്തോടുകൂടി ബിഷോപ്പിനെ ആ കത്തു് ഏല്പിച്ചു. ലൂസിപോലും അതിലെ കാര്യം ആരോടും പറയുകയില്ല. 1960-ൽ ലൂസിയും മെത്രാനച്ചൻ തിരുമേനിയും കൂടി ആലോചിച്ചു തീരുമാനിച്ചു ശേഷം അതു തുറക്കുന്നതിനുള്ള നിമിഷം നിശ്ചയിക്കുന്നതാണു്."

ബിഷോപ്പു് ചോദിച്ചാൽ പ്രവചനം എന്തെന്നു പറയാമെന്നും അദ്ദേഹത്തിനതു വായിക്കാമെന്നും ലൂസി പറഞ്ഞപ്പോൾ ബിഷോപ്പു് അതിനൊന്നിനും വഴിപ്പെടാതിരുന്നതിൽ ഉൽക്കണ്ഠാകുലയായ ഒരു സ്ത്രീ ആ തീർത്ഥകസംഘത്തിൽനിന്നും ബിഷോപ്പിനോടു ആ കത്തു വായിക്കേണ്ടതായിരുന്നെന്നും, ഞാനായിരുന്നെങ്കിൽ അതു വായിക്കുമായിരുന്നെന്നും പറഞ്ഞപ്പോൾ ബിഷോപ്പു തിരുമേനി പുഞ്ചിരിതൂകിക്കൊണ്ടു് ആ തരുണിയോടു പറയുന്നു: "മകളേ, അതുകൊണ്ടല്ലേ സ്ത്രീകളെ മെത്രാന്മാരാക്കാത്തതു്." ഈ ഉത്തരം ആ തീർത്ഥകസംഘത്തെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു.

# ചെറുകഥ

# പെങ്ങൾ

(ചാരുമ്മൂട്)

ഉച്ചസ്ഥനായ സൂര്യൻെറ തല പടിഞ്ഞാട്ടോട്ടു ചാഞ്ഞു. ജീവജാലങ്ങളുടെ നിഴൽ സ്വന്തം ചവിട്ടിപ്പിടിത്തത്തിൽനിന്നും കിഴക്കോട്ടും. സ്വാർത്ഥതയുടെ ചുവട്ടടികളിൽനിന്നും ജീവരാശികളുടെ നിഴൽ സ്വാതന്ത്ര്യാന്തരീക്ഷത്തിലേക്കു നീളുകയാണു്. പടിപടി ഉയർന്നു് ഔന്നത്യത്തിൻെറ പാരമ്യത്തിലെത്തിയ മാർത്താണ്ഡൻ തദനുസരണം താഴുന്നു. പിടിയിൽ ഒതുങ്ങാത്ത ഏതോ അദൃശ്യശക്തിയുടെ നിയന്ത്രണം. ചിന്താർഹമായ ആ സന്ധിഘട്ടത്തെ ദേവാലയത്തിൻെറ നാവു് വിളിച്ചറിയിച്ചു. അതെ— ആ ഘണ്ടാനാദം മൂവുരു മുഴങ്ങിക്കഴിഞ്ഞു. വിമലാംബികയുടെ തിരുനാമത്തിൽ പരിലസിക്കുന്ന പ്രശാന്തമനോഹരമായ ദേവാലയം. പ്രകൃതിസുന്ദരമായ അപ്പരിസരത്തിൽ അതിരുനാമത്തിൽത്തന്നെ വിരാജിക്കുന്ന ഒരു പ്രൈമറിപള്ളിക്കൂടം.

വിദ്യാർത്ഥികളായ ഓമനക്കുഞ്ഞുങ്ങൾ. അവർ സ്വപ്നം കാണുകയാണു്, വൈവിധ്യമാന്ന അവരുടെ വീടുകളിലെ ഉച്ചഭക്ഷണം. ആ സ്വപ്നം കാണിക്കുന്ന വയറിൻെറ ഓർമ്മപ്പെടുത്തലുകൾ. അദ്ധ്യാപകരും അദ്ധ്യയനസമയത്തിൻെറ ആ നീണ്ട അർദ്ധവിരാമമറിയിക്കും കൊച്ചുമണിനാദം പ്രതീക്ഷിക്കയാണു്. സാമാന്യേന ശാന്തരായിരിക്കുന്നു. അക്കൊച്ചുകുഞ്ഞുങ്ങളുടെ അന്തരംഗത്തിലെ കിലുകിലാരവത്തിനൊപ്പം മണികിലുങ്ങി. പച്ചത്തഴപ്പാന്ന വനമദ്ധ്യത്തിൽ സരസ്സിൻെറ കരകളിലേ തളിർത്ത പുല്ലണിഞ്ഞ മൈതാനത്തിൽ മേഞ്ഞുനിന്ന മാൻകിടാങ്ങൾ അപശബ്ദം കേട്ടാലെന്നവിധം പള്ളിക്കൂടം കുട്ടികൾ വീട്ടിലേക്കോടി, ഉച്ചഭക്ഷണത്തിനു്.

ഏതാനും കുഞ്ഞുങ്ങളും, ഞങ്ങൾ അദ്ധ്യാപകരിൽ ചിലരും ദേവാലയത്തിൽ കയറി. ദിവ്യജനനിയുടെ തൃക്കരങ്ങളിലെ പൊന്നുണ്ണി എന്നവണ്ണം അമലോത്ഭവജനനിയുടെ ദേവാലയത്തിലെ ദിവ്യകാരുണ്യം. ആ ദിവ്യസന്നിധിയിൽ അല്പസമയം ഞങ്ങൾ കഴിച്ചു. പള്ളിയകംവിട്ടു ഞങ്ങൾ പുറത്തിറങ്ങുമ്പോഴേക്കും പൊതുനിരത്തിൽനിന്നും അതിമനോഹരമായ ഒരു പ്ലഷർ കാർ പള്ളിയങ്കണത്തിൽ ആഗതമായി. ഞങ്ങളുടെ പാവപ്പെട്ട ഗ്രാമത്തിലെ പള്ളിയങ്കണത്തിൽ ഒരു കാർ! വളരെ വിരളമായ ഒരു കാഴ്ച! കുട്ടികൾ ഒട്ടൊന്നകന്നുനിന്നു് ആ കാഴ്ച കാണുകയാണു്. ഞാനും അങ്ങോട്ടുനോക്കി. മെത്രാനച്ചനല്ല. ഡ്റൈവറെക്കൂടാതെ ഒരാൾമാത്രം. ഞാൻ അദ്ദേഹത്തെ സൂക്ഷിച്ചുനോക്കി. അദ്ദേഹം കാറിൽ മാറിയിട്ടിരുന്ന അദ്ദേഹത്തിൻെറ ഷർട്ടു് ധരിക്കുകയാണു്. ചേരയുടെ വായിലകപ്പെട്ട തവളയെപ്പോലെ അദ്ദേഹം പരിഭ്രാന്തനായിരുന്നു. അപരിചിതൻ. അദ്ദേഹം പള്ളിയകത്തേക്കുപോയി.

ഉച്ചപ്പട്ടിണിക്കാരായ കുഞ്ഞുങ്ങൾക്കു് ബ. വികാരിയച്ചൻെറ നേതൃത്വത്തിൽ ഭക്ഷണം ഉണ്ടു്. ജാതിമതഭേദമെന്യേ അർഹരായ കുട്ടികൾക്കു ദിവസവും ഉച്ചയ്ക്കു് അദ്ദേഹം ഭക്ഷണം കൊടുക്കുന്നു. അവരുടെ ഭക്ഷണം കഴിഞ്ഞേ അദ്ദേഹം ഉച്ചഭക്ഷണം കഴിക്കയുള്ളൂ. നാട്ടുകാരിൽ ചിലരുടെ സഹായം ഉണ്ടെങ്കിലും സാമ്പത്തികമായി ഇക്കാര്യത്തിൽ അദ്ദേഹം വളരെയധികം ക്ലേശിക്കുന്നുണ്ടു്. ശുദ്ധീകരണസ്ഥലത്തു വേദനയനുഭവിക്കുന്ന ആത്മാക്കൾക്കുവേണ്ടി ഈ സുകൃതകർമ്മം നടത്തുകയാണു്.

ഉച്ചയ്ക്കുശേഷം കുട്ടികളെ വിളിച്ചുകൂട്ടുന്ന മണിനാദം ഉയരുംമുമ്പുതന്നെ ഞാൻ തിരിച്ചെത്തി. ആ പ്ലഷർ കാറിൽ വന്നിറങ്ങി പള്ളിയകത്തു പ്രവേശിച്ച മനുഷ്യൻ എൻെറ സമീപത്തേക്കുവന്നു. ഞാൻ അയാളെ സൂക്ഷിച്ചുനോക്കി. പള്ളിയകത്തേക്കു കേറിയ പരിഭ്രാന്തനായിരുന്നില്ല, തികച്ചും പ്രശാന്തനായിട്ടത്രേ അദ്ദേഹം ഇറങ്ങിവന്നതു്.

"അച്ചനെ കാണാൻ സൗകര്യപ്പെടുമോ?" ആഗതൻ ചോദിച്ചു.

"കാണാം. പക്ഷെ, ഇപ്പോൾ കുട്ടികൾക്കു് ഉച്ചഭക്ഷണം കൊടുത്തുകഴിഞ്ഞതേയുള്ളു. അതിൻെറ മുഴുവൻ മേൽനോട്ടവും അദ്ദേഹത്തിനാണു്. കുഞ്ഞുങ്ങളുടെ ഭക്ഷണം കഴിഞ്ഞാണദ്ദേഹം ഭക്ഷിക്കുക. ഇപ്പോൾ അദ്ദേഹത്തിൻെറ ഭക്ഷണസമയമായിരിക്കും. ഭക്ഷണം കഴിഞ്ഞു് ഒരു മണിക്കൂറോളം വിശ്രമിക്കും. എന്നാലും ഏതുസമയവും ആക്കും അദ്ദേഹത്തെ കാണാം. ഇപ്പോൾ കാണണമെങ്കിലും അങ്ങോട്ടുചെന്നാൽ മതി." ഞാൻ പറഞ്ഞു.


"അദ്ദേഹത്തെ ഉപദ്രവിക്കണ്ടാ. അദ്ദേഹം ഇന്നിവിടെ ഉണ്ടായിരിക്കുമല്ലോ! വിശ്രമത്തിനുശേഷം എനിക്കദ്ദേഹത്തെ കണ്ടാൽ മതി." ആഗതൻ പ്രതിവചിച്ചു,

നാലു മണിക്കു സ്കൂൾവിട്ടു. മനോജ്ഞമായ ആ പള്ളിയങ്കണത്തിൽ ഒഴിഞ്ഞൊതുങ്ങി ഒരു കൂണ്പകെപ്പുമൊട്ടുപോലെ ആ കാർ കാണപ്പെട്ടു. അദ്ദേഹം അച്ചൻെറ ബംഗ്ലാവിൽനിന്നും ഇറങ്ങിവന്നു പറഞ്ഞു: "സാറിനെ കണ്ടു സംസാരിക്കണമെന്നുകൂടി കരുതിയതുകൊണ്ടാണു്, ഞാനിതുവരെയും പോകാതിരുന്നതു്." 'അല്പമൊരഹങ്കാരത്തിൻെറ കൊലൃാൻ എൻെറ ഉള്ളിൽ ഒന്നു മിന്നിപ്പൊലിഞ്ഞോ എന്നെനിക്കൊരു സംശയം! ഞാൻ സബഹുമാനം പ്രത്യുത്തരിച്ചു:- "പറയാമല്ലോ!"

"നമുക്കാ സ്കൂളിൻെറ പടിഞ്ഞാറുവശത്തെ വരാന്തയിൽ പോയിരിക്കാം. നല്ല കാററും കിട്ടുമല്ലോ!" അദ്ദേഹത്തിൻെറ അഭിപ്രായപ്രകാരം ഞങ്ങൾ വരാന്തയിൽ ഇരിപ്പുറപ്പിച്ചു. അദ്ദേഹം പറയാൻ തുടങ്ങി:-

"അല്പംപോലും മനസ്സമാധാനം ഇല്ലാതാണു സാറേ, ഞാനിവിടെ വന്നതു്. പള്ളിയകത്തു പ്രവേശിക്കുന്നതിനു മുമ്പു് എന്നെ ആരെങ്കിലും സൂക്ഷിച്ചുനോക്കിയെങ്കിലോ എന്നു ഞാൻ ഭയപ്പെട്ടു. കാരണം, എന്നെ നോക്കുന്നവർ ഭയാക്രാന്തരാകാനിടയുണ്ടായിരുന്നു. വ്യാകുലന്മാരുടെ ആശ്വാസമായ പ: ദേവമാതാവു് എന്നെ ആശ്വസിപ്പിച്ചു. ദിവ്യകാരുണ്യസന്നിധിയിൽ എനിക്കു സമാധാനം ലഭിച്ചു. എൻെറ സാറേ, ഇപ്പരിസരമാകെ സമാധാനവും സംതൃപ്തിയും നൃത്തം ചെയ്യുന്നതായി എനിക്കനുഭവപ്പെടുന്നു. ബ. വികാരിയച്ചനുമായുള്ള സംഭാഷണം, എന്നിൽ അവശേഷിച്ചിരുന്ന അസമാധാനവും ദൂരീകരിച്ചിരിക്കുന്നു. ഇനി എനിക്കു സമാധാനത്തോടുകൂടിപ്പോകാം. വളരെക്കാലത്തിനുശേഷം ഇന്നു ഞാൻ ആശ്വാസം കണ്ടെത്തി. താങ്ങാനാവാത്ത എൻെറ ഹൃദയത്തിൻെറ ഭാരം ഞാൻ ഇറക്കിവെച്ചു. ഒരു നല്ല കുമ്പസാരം ഞാൻ ചെയ്തു. എനിക്കു ലഭിച്ച ആത്മസംതൃപ്തി അനുഭവസ്ഥർക്കു മാത്രമേ അറിഞ്ഞുകൂടു.

ബ. അച്ചൻെറ മേൽനോട്ടത്തിൽ ഉച്ചഭക്ഷണം കൊടുക്കുന്ന കുഞ്ഞുങ്ങൾക്കു് എൻെറ വകയായി കുറച്ചുദിവസം ഭക്ഷണം കൊടുക്കണം. അക്കാര്യം ഞാൻ ബ. അച്ചനെ ധരിപ്പിച്ചപ്പോൾ, അതിനു ചുമതലപ്പെട്ട കമ്മററിയംഗങ്ങളിൽ ഒരാൾ സാറാണെന്നും, സാറാണു ഖജാൻജി എന്നും പണം സാറിനെ ഏല്പിക്കണമെന്നും

PC. 308


## നോക്കൂ—ഇപ്പോൾ നമുക്ക് ഒരു റേഡിയോ വാങ്ങിക്കുവാൻ സാധിക്കും

ഇതു് വെറും ഊഹംമാത്രമല്ല—അവർ കണക്കുകൂട്ടി തിട്ടപ്പെടുത്തിയതാണു്. അവക്കു വളരെ നാളുകളായി വാങ്ങിക്കുവാൻ ആഗ്രഹമുണ്ടായിരുന്ന ആ റേഡിയോ ഈ മാസത്തിൽതന്നെ അവക്കു് വാങ്ങിക്കുവാൻ കഴിയും. അവരുടെ ഈ മാസത്തെ ചിലവുകൾ അല്പം ചുരുക്കേണ്ടിവരുമെന്നുള്ളതു് വാസ്തവമാണു്. അതുപോലെ സേവിംഗ്സ് കണക്കിൽ നിന്നും ഒരു ചെറിയ സംഖ്യ പിൻവലിക്കേണ്ടിവരികയും ചെയ്യും. എന്നാൽ അതു് അവരുടെ ഈ ആഗ്രഹപ്രാപ്തിക്കുവേണ്ടിയാണല്ലോ. ഫാമിലി ബഡ്ജററ ബുക്ക് പാലാ ബാങ്കിൽനിന്നും വാങ്ങിയതുമുതൽ ശങ്കറിനും കമലയ്ക്കും മുടങ്ങാതെ സമ്പാദിക്കാൻ സാധിച്ചു.

**നിങ്ങൾക്കും സമ്പാദിക്കുവാൻ കഴിയും**

ഓരോ മാസത്തിൻേറയും ആരംഭത്തിൽ ആ മാസത്തിൽ പ്രതീക്ഷിക്കുന്ന വരവു് ഫാമിലി ബഡ്ജററ ബുക്കിൽ കുറിക്കുക. എന്നിട്ടു് നിങ്ങൾക്കു ഉണ്ടാകാൻ ഇടയുള്ള ചിലവുകൾ ആ ബുക്കിലുള്ള 35 ഇനങ്ങളിൽ ഉദ്ദേശമായി എഴുതുക. അങ്ങിനെ നിങ്ങളുടെ സേവിംഗ്സ് കണക്കിലേക്കു് എത്ര മിച്ചം ഉണ്ടാക്കുവാൻ സാധിക്കുമെന്നും, മററിനങ്ങൾക്കു് എത്രയുണ്ടെന്നും നിങ്ങൾക്കു കണിശമായി അറിയാം.

പാലാ ബാങ്കിൽനിന്നും കിട്ടുന്ന ഫാമിലി ബഡ്ജററ ബുക്ക് നിങ്ങളുടെ സമ്പാദ്യങ്ങളുടെ ഒരു ശരിയായ വിവരണം എഴുതുന്നതിനും ഉപകരിക്കും. അതു് നിങ്ങൾ കൊടുത്തു തീക്കേണ്ടതായ കരം, ഇൻഷ്വറൻസ് തവണകൾ മുതലായ കാര്യങ്ങളെപ്പററി നിങ്ങളെ അനുസ്മരിപ്പിക്കും. ഈ ചെറിയ ബുക്കു് നിങ്ങൾക്കു് ഒരനുഗ്രഹമായിരിക്കും. ഇതു് നിങ്ങളുടെ ധനപരമായ പല മനക്ലേശങ്ങളേയും ദൂരീകരിക്കുന്നതിനു് സഹായിക്കും.



പാലാ സെൻട്രൽ ബാങ്കിൽ കണക്കുള്ളവക്കെല്ലാം സൌജന്യമായി ലഭിക്കുന്നതാണു് ഉപകാരപ്രദമായ ഈ ഫാമിലി ബഡ്ജററ ബുക്കിൻെറ ഒരു പ്രതി. നിങ്ങൾക്കു കണക്കില്ലെങ്കിലും ബുക്കിൻെറ ഒരു പ്രതി ആവശ്യമുണ്ടെങ്കിൽ, അടുത്തുള്ള ബ്രാഞ്ചിലേക്കു് ത്രി-ണ3 മണിഓർഡർ അയക്കുക. ഇന്നുതന്നെ ഒരു പ്രതി കരസ്ഥമാക്കുക.

ESTD. 1927

**പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്**

ഹെഡ്ഡു് ആഫീസ്: പാലാ, തിരുവിതാംകൂർ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്ക്

അദ്ദേഹം പറഞ്ഞു. കുറച്ചു പണം സാറിനെ ഏല്പിക്കേണ്ടതാണെന്റെ ആവശ്യമെങ്കിലും, എന്റെ നിയോഗം എന്താണെന്നുകൂടി സാറിനെ അറിയിച്ചിരിക്കുന്നതു് എനിക്കു കൂടുതൽ പ്രയോജനം ആയിരിക്കുമെന്നുള്ളതുകൊണ്ടു അല്പംകൂടി ക്ഷമിച്ചു് എന്നെ കേൾക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഞാനിന്നു സാമാന്യം ഒരു ധനവാനാണെന്നു പറയാം. സാർ എന്നെ കേട്ടുകാണും. ഞാൻ— ആണു്.

ഞങ്ങൾ ഒരമ്മയ്ക്കു രണ്ടു മക്കൾ. ഞാനും എന്റെ മൂത്തസഹോദരിയും. എനിക്കു കഷ്ടിച്ചു് ഒരു വയസ്സുള്ളപ്പോൾ അമ്മ മരിച്ചു. ആ ഭാഗ്യവതിയുടെ രൂപംപോലും എനിക്കറിഞ്ഞുകൂടാ. അമ്മ മരിക്കുമ്പോൾ എന്റെ പെങ്ങൾക്കു മൂന്നരവയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ഞാൻ അവളുടെ കൺമുമ്പിൽ വളരുകയായിരുന്നു. അവളുടെ ഹൃദയത്തിൽ എന്നെക്കുറിച്ചുള്ള സ്നേഹവും. അവൾക്കവളുടെ ഇളയകുഞ്ഞിനെക്കുറിച്ചുള്ള ബോധം. അതേ, അവളുടെ ഇളയകുഞ്ഞു്. പുഞ്ചിരിതൂകുകയും പിഞ്ചുവയവങ്ങൾ ചലിപ്പിക്കുകയുംചെയ്യുന്ന കാഴ്ച! ആ ഇളയ ഓമനക്കുഞ്ഞിന്റെ രൂപം അവളുടെ സ്നേഹഹൃദയത്തിൽ വളർന്നുകൊണ്ടേയിരുന്നു, ആ കുഞ്ഞിന്റെ അവയവങ്ങൾക്കൊപ്പം. ആ കൊച്ചാങ്ങളയുടെ ഓരോ ചലനവും അവളുടെ ഹൃദയകാമറായിൽ അവൾ പിടിച്ചെടുത്തു. ശൈശവകമനീയതയിൽ മുഴുകിയിരുന്ന ആ കുഞ്ഞാങ്ങളയുടെ മുഖം എന്തെങ്കിലും കാരണവശാൽ ഒന്നു വാടിക്കണ്ടാൽ, ഒരു മ്ലാനതവീശിക്കണ്ടാൽ, അതിന്റെ പതിന്മടങ്ങുവ്യാപ്തിയിൽ ആ പെങ്ങളുടെ മുഖത്തു പ്രതിഫലിക്കും. പുകപിടിച്ച കണ്ണാടിക്കുസമം ആ കോമളമുഖത്തിൽ കരിനിഴൽ വ്യാപിക്കും. വാത്സല്യനിധിയായിരുന്ന അപ്പച്ചനു് എന്നെക്കുറിച്ചുള്ള ചുമതല ലഘൂകരിച്ചതു്, അവൾക്കെന്റെ നേർക്കുണ്ടായിരുന്ന അമിതവാത്സല്യമായിരുന്നു. പലരുടേയും അനുകമ്പയും, അതിരററ വാത്സല്യത്തിനും എന്നതുപോലെ അനാവശ്യമായ ശീലങ്ങൾ തഴച്ചുവളരാനും മാതൃവിയോഗം എനിക്കുകാരണമായി. കരിവളത്തിലെ കാട്ടുചെടി പോലെ എന്റെ ദുശ്ശാഠ്യങ്ങൾ വളർന്നു. അതു പല കുഞ്ഞുങ്ങൾക്കും വേദനയ്ക്കു കാരണമായിട്ടുണ്ടു്. അയൽപക്കത്തെ കുഞ്ഞുങ്ങൾക്കു ഞാനൊരു ശല്യമായി വളർന്നു.

ഞാനും എന്റെ പെങ്ങളും ഒരുമിച്ചുതന്നെ പള്ളിക്കൂടത്തിൽ ചേർന്നു. എന്നെക്കുറിച്ചുള്ള അപ്പച്ചന്റെ പ്രത്യേകകരുതൽ കൊണ്ടും, എന്നെ പിരിഞ്ഞിരിക്കുകയില്ലെന്നുള്ള പെങ്ങളുടെ നിർബ്ബന്ധസ്വഭാവംകൊണ്ടും കുറേനാൾ ഞങ്ങൾ വീട്ടിൽതന്നെ ഇരുന്നു പഠിച്ചു. പിന്നീടു് പെങ്ങളെ മൂന്നാംക്ലാസ്സിലും എന്നെ രണ്ടാം ക്ലാസ്സിലും ചേർത്തു. പള്ളിക്കൂടത്തിലും ഞാനൊരു മുള്ളുതന്നെയായിരുന്നു ആദ്യമൊക്കെ. അദ്ധ്യാപകർക്കു പലപ്പോഴും എന്നെ ശാസിക്കേണ്ടതായി വന്നിട്ടുണ്ടു്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ചിലപ്പോൾ എന്റെ പെങ്ങളുടെ മുഖം കാണാനിടവന്നിട്ടുണ്ടു്. അവളുടെശ്രദ്ധ എന്റെനേർക്കായിരിക്കും. ആ സന്ദർഭങ്ങളിൽ അവൾ വിഷമം അനുഭവിക്കുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. സഹികെട്ടു് ഒരിക്കൽ സാർ എന്നെ ഒന്നടിച്ചു. ഞാൻ കരഞ്ഞില്ല. എന്നാൽ അന്നു പള്ളിക്കൂടം ഒന്നുലഞ്ഞു. സ്കൂളാകമാനം ഒന്നു ഞെട്ടി. ഒരു നടുക്കം. സ്കൂൾ ചലനരഹിതമായി. കാരണം എന്റെ പെങ്ങളുടെ കരച്ചിലായിരുന്നു. അവൾ അടുത്ത ക്ലാസ്സിൽനിന്നുവാവിട്ടുകരഞ്ഞു. സകലശ്രദ്ധയും അവളിൽ കേന്ദ്രീകരിച്ചു. ഒരിക്കൽക്കൂടി അങ്ങനെ ആവർത്തിച്ചിട്ടുണ്ടെന്നാണോർമ്മ. പിന്നെ സാറന്മാർ എന്നെ അടിച്ചിട്ടില്ല. അത്തരം രംഗം ഉണ്ടാകാതിരിക്കാൻ ഞാനും ശ്രദ്ധിച്ചു. എന്റെ പെങ്ങൾക്കു വേദനയുണ്ടാകുന്നതു് എനിക്കും സഹ്യമായിരുന്നില്ല.

എന്നെക്കുറിച്ചുള്ള എന്റെ പെങ്ങളുടെ വാത്സല്യവായ്പിന്റെ ആഴത്തിൽ ഞങ്ങളുടെ അപ്പച്ചൻ ആനന്ദനിമഗ്നനാകുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. ആനന്ദനിർവൃതിയിൽ അദ്ദേഹത്തിന്റെ നയനങ്ങൾ വെൺമുത്തുകളാൽ നിറയുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. അമ്മച്ചിയെക്കുറിച്ചു ചിന്താരഹിതനായിരുന്ന ഞാൻ അപ്പച്ചന്റെ കണ്ണുനീരിനു് കാരണം ആരാഞ്ഞിട്ടുണ്ടു്. ശരിയായ സമാധാനം ആ വാത്സല്യക്കലവറയിൽ നിന്നും ലഭിച്ചിട്ടില്ല. അദ്ദേഹം ഞങ്ങളുടെ അമ്മയെക്കുറിച്ചോർത്തിരിക്കും. ആ ചിന്ത അദ്ദേഹത്തിന്റെ മാനസസരസ്സിൽ ചൂടേററിയിരിക്കും. ആ സരസ്സിലെ ജലകണങ്ങൾ ആവിയായി ഉയർന്നിരിക്കും. ആ നീരാവി എന്റെ പെങ്ങളുടെ സഹോദരസ്നേഹത്തിന്റെ ഉത്തുംഗശൃംഗങ്ങളിൽ തട്ടി തണുത്തതായിരിക്കാം അപ്പച്ചനിൽനിന്നും പൊഴിഞ്ഞ ആ ആനന്ദബാഷ്പങ്ങൾ.

ഞങ്ങളുടെ വിദ്യാഭ്യാസകാലം വളരെയൊന്നും ദീർഘിച്ചില്ല. മലമ്പ്രദേശങ്ങളിൽക്കൂടി ഒഴുകിവന്നു സമതലത്തിൽ പ്രവേശിച്ചു നദി രണ്ടു കൈവഴികളായി ഒഴുകിയാലെന്നവിധം ജീവിതത്തിന്റെ തിരിവിൽ ഞങ്ങൾ ഇരുമാർഗ്ഗങ്ങളിലായി. പെങ്ങളുടെ കല്യാണം. അവൾ അപ്പച്ചനോടു പറഞ്ഞു "കുഞ്ഞിനെ പിരിഞ്ഞെങ്ങും താമസിക്കുന്നില്ല" എന്നു്. അപ്പച്ചൻ അർത്ഥഗർഭമായി ചിരിച്ചു. എന്തു ചെയ്യും! എനിക്കവളോടുകൂടി പോയിക്കഴിയാനും, അവൾക്കു് ഭർത്തൃഗൃഹത്തിൽ പോകാതിരിക്കാനും കഴിവില്ലാതെ ഞങ്ങൾ ഇരുവഴിക്കായി. ഞാനും വിവാഹിതനായി. ഞങ്ങളുടെ അന്യോന്യബന്ധം, കൊടുംവേനലിലെ കൊച്ചാറിനു തുല്യം അവിടവിടെ മണൽത്തിട്ടകളാൽ വേർതിരിക്കപ്പെട്ട വെള്ളക്കുഴികളെപ്പോലെയായി. കൂടെക്കൂടെയുള്ള ഞങ്ങളുടെ പോക്കുവരവിൽ എന്റെ ഭാര്യ അതൃപ്തി പ്രകടിപ്പിച്ചുതുടങ്ങി. സാമ്പത്തികച്ചോർച്ചയെക്കുറിച്ചു് അവൾ ഭയപ്പെട്ടു. ഞങ്ങൾ അകലുകയായി. കൃഷ്ണപക്ഷത്തെ ചന്ദ്രനെപ്പോലെ ദിവസത്തിനു ദിവസം ഞങ്ങൾ തമ്മിലുള്ള അകലത്തിനു ദൈർഘ്യം വർദ്ധിച്ചു. അവരവരുടെകാര്യം! കുടുംബജീവിതത്തിലെ ഒടുങ്ങാത്ത ഏടാകൂടങ്ങളിലമർന്നാഴ്ന്നു് കൂടുതൽ സുഖസൗകര്യങ്ങൾക്കായി ഞാൻ പരക്കംപാഞ്ഞു. ഫലമോ? ചിലന്തിവലയിലകപ്പെട്ട സാധു പൂച്ചിയുടേതും. എത്രമാത്രം രക്ഷപ്പെടുവാൻ ശ്രമിച്ചു, അത്രമാത്രം ഭൗതികവലയിൽ കുരുങ്ങുകയായി.

സാമ്പത്തികമായി കുറെയൊക്കെ സൗകര്യമുണ്ടായിരുന്ന എന്റെ കഴിവു് വിവാഹാനന്തരം വർദ്ധമാനമായിക്കൊണ്ടേയിരുന്നു. ധനം വർദ്ധിക്കുന്നതു് ഒരു രസമാണു്. സാമ്പത്തികവൃക്ഷംവളരാനും തഴയ്ക്കാനും തുടങ്ങിയാൽ അതിരുമാത്രമേ ആകാവൂ എന്നില്ല! അങ്ങു വളരുകയാണു്. പക്ഷെ ഒരു കാര്യം! ആ മരായയിൽനിന്നു് അകന്നുകൂടാ. അകലാനും സാധ്യമല്ല. എന്റെ സാറെ, ഇതൊന്നും കരുതിക്കൂടിയുണ്ടാകാവുന്നതാണെന്നു് എനിക്കഭിപ്രായമില്ല. നടിപ്പിക്കാനൊരുങ്ങാതിരുന്നേ മതിയാവൂ. എനിക്കു വിശ്രമിക്കുവാനവസരം ഇല്ലാതായി. സമയം ഒന്നിനും മതിയാകാതായി. മററുകാര്യങ്ങളെപ്പററി, മററുള്ളവരെപ്പററി, എന്റെ ധനപരമായ വളർച്ചയിൽ നിന്നന്യമായി, ഒന്നും തന്നെ എന്റെ ചിന്താവീഥിയിലൂടെ കടന്നുപോകാതായി. എന്റെ വീടു്. എന്റെ വസ്തുവകകൾ. എന്റെ കുഞ്ഞുങ്ങൾ സാറേ, സത്യം പറഞ്ഞാൽ അക്കാര്യങ്ങളിൽ നിന്നൊന്നൊഴിഞ്ഞു് ഒരല്പം വിശ്രമിക്കാൻ കഴിയാതായി. ആരെല്ലാം എന്തെല്ലാം കാര്യങ്ങൾക്കാണു സമീപിക്കുക! ഞാനെത്രമാത്രമാണദ്ധ്വാനപ്പെടുന്നതു്. എനിക്കു തോന്നിയിട്ടുണ്ടു്, എന്നെപ്പോലെ മററുള്ളോർക്കും വിശ്രമഹീനം പണി ചെയ്യുന്നതോ എന്നു്. സംഭാവനകൾ! എന്തിനെല്ലാം! ഇരിക്കപ്പൊറുതിയില്ല.

രണ്ടു മൂന്നു മക്കൾ കോളെജിൽ. ബാങ്കു്, കച്ചവടം, എസ്റ്റേററു്, കൃഷികാര്യങ്ങൾ ഇങ്ങനെ എന്തെല്ലാം. അവിടവിടൊക്കെ എല്ലാററിനും ചെന്നുപററാതൊക്കുമോ? കണ്ടു തൃപ്തിപ്പെടുത്തേണ്ടവരെ ചെന്നുകാണേണ്ടേ. ഓരോ സ്ഥലത്തും പറഞ്ഞുതീരുമ്പൊഴത്തേക്കോ? കാറില്ലാതെ ജീവിക്കാനൊക്കുമോ? ഇങ്ങനരോട്ടുപറഞ്ഞാൽ ഒടുങ്ങുകില്ല. (തുടരും)



"ജബ്കോ"

5-ാം നമ്പ്ര് തൂക്കുവിളക്കു്

ഗുണത്തിൽ

എതിരാളിയില്ലാത്തതു്-

"ജബ്കോ ബെഡ്റൂം"വിളക്കും

അങ്ങിനെതന്നെ

ജയ ഭാരതം കമ്പനി

എറണാകുളം-1

# ഫാദർ ലോർഡ് നിര്യാതനായി

(ഫാദർ മാത്യു മങ്കുഴിക്കരി)

സുപ്രസിദ്ധ വാഗ്മിയും ഗ്രന്ഥകാരനും സാമൂഹ്യപ്രവർത്തകനുമായിരുന്ന ഫാദർ ഡാനിയേൽ അലോഷ്യസ് ലോർഡ് എസ്സ്. ജെ. നിര്യാതനായിരിക്കുന്നു. ഈ വന്ദ്യവൈദികൻ ക്യാൻസർ രോഗ ബാധിതനായിരിക്കുന്നുവെന്ന വാർത്ത പ്രസിദ്ധമായതിനോടുകൂടി അഭിജ്ഞലോകം ആകുലാധീനമായി. നാനാരാജ്യങ്ങളിൽനിന്നും അമേരിക്കയിലെ സെൻറു് ലൂയിസിലേക്കു സുഹൃൽസന്ദേശങ്ങളുടെ ഒരു പ്രവാഹംതന്നെ ഉണ്ടായി. എന്നാൽ ധീരചിത്തനായ ആ പുണ്യചരിതൻ ഏററം ആശങ്കാവഹമായ തന്റെ ആരോഗ്യസ്ഥിതിയിൽ ആഹ്ലാദംകൊള്ളുകയാണുണ്ടായതു്! ഇനി തനിക്കു് കുറച്ചുകാലം മാത്രമേ ശേഷിച്ചിട്ടുള്ളു, ആകയാൽ അനുസ്യൂതം പ്രയത്നിക്കേണ്ടിയിരിക്കുന്നു എന്നാണു് അദ്ദേഹംതന്നെ ആയിടെ ഒരു ലേഖനത്തിൽ എഴുതിയതു്. അങ്ങനെ നിരന്തരം വളർന്നുവന്ന ക്യാൻസർരോഗത്തോടുള്ള ഒരു വെല്ലുവിളി എന്നവണ്ണം ആ ജീവിതായോധനവും തുടർന്നു. ഒടുവിൽ കഴിഞ്ഞ 22-ാംതീയതി ശനിയാഴ്ച ആ കർമ്മയോഗി ലോകത്തിൽനിന്നു് എന്നേക്കുമായി തിരോധാനം ചെയ്തു.

എന്നാൽ ഫാദർ ലോർഡിന്റെ അറുപത്തിയാറുകൊല്ലം ദീർഘിച്ച ജീവിതകാലത്തു് സാധിച്ചിട്ടുള്ള മഹാകാര്യങ്ങളിലൂടെ അദ്ദേഹം എന്നും നമ്മുടെ മദ്ധ്യേ ജീവിക്കുതന്നെ ചെയ്യും. പണ്ഡിതനും കർമ്മകുശലനും ത്യാഗസമ്പന്നനുമായ ഈ വന്ദ്യവൈദികന്റെ നോട്ടമെത്താത്തതായി ഒരു സേവനരംഗവുമില്ലെന്നുതന്നെ പറയാം. അദ്ദേഹത്തിന്റെ കീഴിൽ അറുപതിലധികം സെക്രട്ടറിമാർ നിരന്തരം ജോലിചെയ്തിരുന്നുവെന്നറിയുമ്പോൾ പരേതന്റെ ബഹുമുഖങ്ങളായ പ്രവർത്തനങ്ങളെപ്പററി ഏതാണ്ടു മനസ്സിലാക്കാമല്ലോ.



പരേതനായ
ഫാദർ ലോർഡ് എസ്. ജെ.

അമേരിക്കൻ കത്തോലിക്കാ യുവാക്കന്മാരുടെ ഏററം വലിയ നേതാവായിരുന്നു ഫാദർ ഡാനിയേൽ. അവിടത്തെ മിക്ക കത്തോലിക്കാ പത്രങ്ങളിലും ആഴ്ചതോറും അദ്ദേഹം എഴുതിക്കൊണ്ടിരുന്ന ലേഖനങ്ങൾതന്നെ അതിനു സാക്ഷ്യം വഹിക്കുന്നു. ഇംഗ്ലണ്ടിലെ പ്രശസ്ത വാരികയായ "യൂനിവേഴ്സി"ന്റെ എല്ലാ ലക്കങ്ങളിലും "ഫാദർ ലോർഡ് സംസാരിക്കുന്നു" എന്ന അഭിധാനത്തിൽ ഏറെക്കാലത്തേക്കു ചേർത്തിരുന്ന യുവജനപംക്തിയും എല്ലാവരുടേയും ശ്രദ്ധയെ സവിശേഷം ആകർഷിക്കുകയുണ്ടായി. അധഃപതിച്ചുവന്ന സിനിമാലോകത്തെ സംസ്കരിക്കാനും ബഹുജനങ്ങളുടെ സാന്മാർഗ്ഗികജീവിതത്തെ പരിരക്ഷിക്കുവാനുമായി മുമ്പോട്ടുവന്ന സമുദായപ്രവർത്തകന്മാരുടെ നേതൃത്വം വഹിച്ചുകൊണ്ടു് "സഭ്യതാസംരക്ഷണസംഘം" ഏർപ്പെടുത്തി ആധുനികലോകത്തിനു നൽകിയിട്ടുള്ള മഹനീയമാതൃകമാത്രം മതി ഫാദർ ലോർഡിന്റെ സ്മരണയെ ശാശ്വതമാക്കുവാൻ. ഹോളിവുഡ്ഡിലെ സിനിമാപ്രവർത്തനങ്ങളെ സംസ്കരിക്കാനും നിയന്ത്രിക്കാനുമുള്ള നിയമങ്ങൾ അദ്ദേഹം ക്രോഡീകരിച്ചു. അവരുടെ ഉപദേഷ്ടാവും അദ്ദേഹംതന്നെയായിരുന്നു.

ഫാദർ ഡാനിയേലിന്റെ വിദഗ്ദ്ധവും വാസനാസമ്പന്നവുമായ തൂലിക സ്പർശിക്കാത്ത കലാവിഭാഗങ്ങളുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹം നടത്തിയിരുന്ന "Queens Work" മാസികയ്ക്കു ഒരു ലക്ഷത്തിൽപരം വരിക്കാരുണ്ടായിരുന്നു. പ്രതിമാസം ഒരു ലഘുലേഖവീതം പ്രസിദ്ധം ചെയ്യുക ഒരു പതിവാക്കിയിട്ടു് പല കൊല്ലങ്ങളായി. "വിവാഹജീവിതത്തിലെ പരാജയത്തിനുള്ള കാരണങ്ങൾ" തുടങ്ങി "ദൈവൈക്യജീവിതത്തിലെ അത്ഭുതകരാനുഭവങ്ങൾ"വരെയുള്ള വിവിധവിഷയങ്ങളായിരുന്നു ഏററം തന്മയത്വപൂർവ്വം ഇവയിൽ ചർച്ചചെയ്തിരുന്നതു്. അതിമാത്രം സുന്ദരവും ആകർഷകവുമായ ഈ പ്രസിദ്ധീകരണങ്ങളുടെ പ്രത്യേക പതിപ്പുകൾ നമ്മുടെ ഭാരതമുൾപ്പെടെ മിക്ക രാജ്യങ്ങളിലും ലക്ഷക്കണക്കിനു് പ്രചരിച്ചുകൊണ്ടിരിക്കുന്നു. ഇതിനും പുറമേ അദ്ദേഹം എഴുതിയിട്ടുള്ള ശാസ്ത്രീയവും സാഹിത്യപരവുമായ വലിയ ഗ്രന്ഥങ്ങളും വളരെയുണ്ടു്. മാതാപിതാക്കന്മാർക്കും മക്കൾക്കും യുവതികൾക്കും യുവാക്കന്മാർക്കും സന്യാസിനികൾക്കും മററുമായി ജീവിതപ്രശ്നങ്ങളുടെ വിവിധവശങ്ങളെ ആസ്പദമാക്കി ഈ അനുഗൃഹീതപണ്ഡിതൻ പലതരത്തിലുള്ള കൃതികൾ രചിച്ചിട്ടുണ്ടു്. അദ്ദേഹം എഴുതിയിട്ടുള്ള നാടകങ്ങളിലും പ്രഹസനങ്ങളിലും ചേർത്തിരിക്കുന്ന ഗാനങ്ങളിൽനിന്നു് അദ്ദേഹത്തിനുണ്ടായിരുന്ന അസാധാരണമായ സംഗീതപാടവം മനസ്സിലാക്കാവുന്നതാണു്. ഫാദർ ലോർഡ് കൊച്ചുകുട്ടികളുടേയും ആപ്തമിത്രമായിരുന്നു. അദ്ദേഹം അവർക്കായി ഒട്ടു വളരെ മനോഹരചിത്രഗ്രന്ഥങ്ങൾ പ്രസിദ്ധംചെയ്തിട്ടുണ്ടു്. കത്തോലിക്കാ മതപഠനത്തിനു് അവ എന്നും കാര്യക്ഷമമായ ഒരുപാധിയായിരിക്കുതന്നെ ചെയ്യും.

എന്നാൽ ഒരു വശ്യവാഗ്മിയെന്ന നിലയിൽ ഫാദർ ഡാനിയേൽ നിർവ്വഹിച്ചിട്ടുള്ള സേവനം ഇതിലെല്ലാം വിപുലമാണെന്നു പറയാം. അമേരിക്കയിൽ അദ്ദേഹം എത്താത്ത സ്ഥലമില്ലതന്നെ. പാനസമിതികൾ നടത്തുക, ധ്യാനപ്രസംഗങ്ങൾ ചെയ്യുക, കത്തോലിക്കാ പ്രവർത്തനസംഘങ്ങൾക്കു് ഉത്തേജനം നൽകുക, പൊതുസമ്മേളനങ്ങളിൽ പങ്കെടുക്കുക, വിദ്യാസ്ഥാപനങ്ങളിൽ പ്രസംഗിക്കുക എന്നിങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ വിശ്രമരഹിതമായ സഞ്ചാരപരിപാടി. കരകവിഞ്ഞു പ്രവഹിച്ചിരുന്ന ആ പ്രേഷിതചൈതന്യം മരണംവരെ നീണ്ടുനില്ക്കുകയും ചെയ്തു.

സ്മര്യപുരുഷന്റെ ഈ വമ്പിച്ച നേട്ടങ്ങൾക്കെല്ലാം അടിസ്ഥാനമായി നിലക്കുന്നതു് അദ്ദേഹത്തിന്റെ വിപുലമായ ആദ്ധ്യാത്മികസമ്പത്താണെന്നുള്ള കാര്യംകൂടി ഇവിടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു. ഈശോസഭയിൽ ചേ

തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്:– ആലുവാ റെയിൽവേസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

# സെൻറ് വിൻസെൻറ് ഡി പോൾ സഖ്യവും മരിയ ഭക്തിയും

(ഡേവിഡ് മഹാപിള്ള)

പരസ്നേഹപ്രവൃത്തികൾവഴി ആത്മവിശുദ്ധീകരണം നേടുവാൻ നിലകൊള്ളുന്ന സെ. വി. ഡി പോൾ സഖ്യത്തിൽ മരിയഭക്തിക്കു വലിയ സ്ഥാനമില്ലെന്നുള്ള ഒരു അഭിപ്രായം പലരിലുമുള്ളതായറിയാം. ഇതൊരു തികഞ്ഞ മിഥ്യാധാരണയാണ്. യഥാർത്ഥമായ മരിയഭക്തി ഈ സഖ്യത്തിൽ പ്രാരംഭം മുതലേ രൂഢമൂലമാണ്. “മാതാവായ മറിയം വഴി മകനായ മിശിഹായിലേക്ക്” എന്നതു ഇതിൻ്റെ സ്ഥാപകർ സ്വീകരിച്ച മുദ്രാവാക്യങ്ങളിലൊന്നത്രെ. സഖ്യം ഇതിലെ നാനാതരപരസ്നേഹപ്രവത്തനങ്ങളെ സംഭരിച്ചു ഒന്നാക്കി ക്രിസ്തുനാഥനു കാഴ്ചവയ്ക്കുന്നതു ഈ പരി. അമ്മ വഴിയാണ്. ഇതിൻ്റെ സ്ഥാപകർ ഈ സഖ്യത്തെ പ. ക. മറിയത്തിനു സമപ്പിച്ചു; ഈ അമ്മയെ പ്രത്യേക സംരക്ഷികയായി വരിക്കുകയും ചെയ്തു. അവർ അവരുടെ എളിയ പ്രവത്തനങ്ങളുടെ വിജയത്തിനു ഈ അമ്മയുടെ സഹായം പ്രത്യേകമായപേക്ഷിച്ചിരുന്നതായി സഖ്യത്തിൻ്റെ ചരിത്രം സാക്ഷിക്കുന്നു. പരസ്നേഹത്തിനു മാതൃകയും പ്രേരണയുമായി ഈ പരി. അമ്മയെ ഓസ്സാനാം തൻ്റെ സഹപ്രവത്തകർക്കു നിരന്തരം എടുത്തുകാണിച്ചിരുന്നു. ഗർഭിണിയായിരുന്ന മറിയം എലീശ്വായെ സന്ദർശിച്ചു അവരുടെ അവശതയിൽ സഹായിച്ചു ശുശ്രൂഷിച്ചതും, കാനായിലെ കല്യാണത്തിനു് വെള്ളം വീഞ്ഞാക്കിച്ചു ആ ഗൃഹനായകനെ വിഷമത്തിലും അവമാനത്തിലുംനിന്നു രക്ഷിച്ചതും പരസ്നേഹത്തിൻ്റെ മകുടോദാഹരണങ്ങളായി ഓസ്സാനാം അനുസ്മരിച്ചിരുന്നു. ഈവിധം ദൈനംദിനജീവിതാവശ്യങ്ങളിലുണ്ടാകുന്ന വിഷമതകളിൽ സഹായിക്കുകയാണു സെ. വി. ഡി പോൾ സഖ്യത്തിൻ്റെ പരസഹായപ്രവത്തനാദർശം.

“ഉപവിയുടെ കോൺഫറൻസെ”ന്ന പേരിൽ ചെറുതായാരംഭിച്ച ഈ സഖ്യം വികസിച്ചു വ്യാപിക്കുന്നതിനുള്ള ദൈവതിരുചിത്തം പ്രത്യക്ഷമായി തുടങ്ങിയപ്പോൾ, ഇതിൻ്റെ സ്ഥാപകൻ പ. ക. മറിയത്തോടുള്ള ഭക്തിയും വിശ്വാസവും ഇതിൽ അനവരതം ദൃഢതരമായി നിലനിത്തണമെന്നു നിശ്ചയിച്ചു. ഇതിനു സഖ്യതയുടെ പ്രാത്ഥനകളിൽ മാതാവിനോടുള്ള പ്രത്യേക അപേക്ഷകളും “നന്മനിറഞ്ഞ മറിയവും” കൂട്ടിച്ചേക്കണമെന്നും, അമലോത്ഭവദിനം പ്രത്യേകം ഒരു തിരുനാളായി ആഘോഷിച്ചുകൊണ്ടാടണമെന്നും വ്യവസ്ഥപ്പെടുത്തി.

പ. കന്യകയുടെ അമലോത്ഭവം ഒരു വിശ്വാസസത്യമായി തിരുസഭ സ്വീകരിക്കുന്നതിനു രണ്ടു ദശവത്സരങ്ങൾക്കു മുമ്പുതന്നെ—1834 ഫെബ്രുവരി 24-ാംനു—അമലോത്ഭവദിനം പ്രത്യേക തിരുനാളായി ആചരിക്കുവാൻ നിശ്ചയിച്ചതു ഈ സഖ്യത്തിൻ്റെ സ്ഥാപകരുടെ വിശാലവീക്ഷണത്തിനും മരിയഭക്തിക്കും പ്രത്യക്ഷ തെളിവാണല്ലോ. ഇന്നു വിശ്വമെങ്ങുമുള്ള കോൺഫറൻസുകളും, കേന്ദ്രസമിതിയായ കൗൺസിൽ ജനറലും ഈ ഭക്തിമാർഗ്ഗങ്ങളെ പൂർവ്വാധികം ദൃഢതരമാക്കി പരിരക്ഷിച്ചുവരുന്നു.

## പ. ക. മറിയം പാവങ്ങളുടെ മാതാവ്

“സ്രഷ്ടാവിൻ്റെ മാതാ”വെന്നു തുടങ്ങി നിരവധി ഗുണവിശേഷണങ്ങളാൽ പ. കന്യകമറിയത്തെ നാം കീത്തിക്കുന്നുണ്ട്. മനോമോഹനമായ “മാതാവിൻ്റെ ലുത്തനിയാ”യിൽ “പാവങ്ങളുടെ മാതാ”വെന്നുകൂടി ചേക്കുന്നെങ്കിൽ അതു അത്ഥവത്തും ഈ മാതാവിനു ഏററം ഇഷ്ടവുമായിരിക്കും. എന്തുകൊണ്ടെന്നാൽ സകലത്തിൻ്റെയും ഉടയവനായ ക്രിസ്തു കാലിക്കൂട്ടിലെ പിറവിമൂലം തൻ്റെ മാതാവിൻ്റെമേൽ പരമദാരിദ്ര്യം ചുമത്തി. അനന്തരം ദാരിദ്ര്യത്തിലും ദുഃഖത്തിലും നിമഗ്നയായി ജീവിച്ചു. ഇങ്ങനെ ജീവിതകാലമത്രയും പരമാവധി ദാരിദ്ര്യവും ദുഃഖവുമനുഭവിച്ച ഈ മാതാവിനു് ദാരിദ്ര്യവും ദുഃഖവുമനുഭവിക്കുന്നവരിൽ പ്രത്യേകമായ അനുകമ്പയും സ്നേഹവുമുണ്ടായിരിക്കുമെന്നുള്ളതു സ്വാഭാവികമല്ലേ?

ഈ അമ്മയുടെ ഓമനസുതനാകട്ടെ ദരിദ്രരിൽ ദരിദ്രനായി പിറന്നു; ദരിദ്രനായി ജീവിച്ചു; ദരിദ്രനായിതന്നെ മരിച്ചു. കടം വാങ്ങിയ കല്ലറയിൽ അടക്കപ്പെടുകയും ചെയ്തു. തൻ്റെ തിരുക്കുമാരനെപ്പോലെ ദാരിദ്ര്യാവസ്ഥയിലായിരിക്കുന്നവരിൽ ഈ അമ്മയ്ക്കു സവിശേഷമായ വാത്സല്യവും അനുകമ്പയും ഉണ്ടാകുമെന്നുള്ളതും സാധാരണവും സ്വാഭാവികവും മാത്രമാണല്ലോ. കുഷ്ഠരോഗികളിൽ ക്രിസ്തുവിനെ ദർശിച്ച അസീസ്സിയിലെ ഫ്രാൻസീസിനെപ്പോലെ, അനാഥരിൽ ക്രിസ്തുവിനെ കണ്ടു ദൈവത്തിൻ്റെ യോഹന്നാനെപ്പോലെ, വഴിയരികിൽ വസ്ത്രമില്ലാതെ തണുത്തുമരവിച്ചു കിടന്ന സാധുവിൽ ക്രിസ്തുവിനെ കണ്ടു് തൻ്റെ വസ്ത്രം മുറിച്ചുകൊടുത്ത മാർട്ടിനെപ്പോലെ, അല്ല ഇതിലെല്ലാമുപരിയായിതന്നെ, ഈ അമ്മ പാവങ്ങളിൽ തൻ്റെ ഓമനസുതനെ ദർശിക്കാതിരിക്കുമോ? മാത്രമല്ല, “എൻ്റെ ഏററം എളിയ സഹോദരന്മാരിൽ ഒരുവനു ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാകുന്നു ചെയ്തതു്”, എന്നുള്ള ആ തിരുക്കുമാരൻ്റെ “അഴിവില്ലാത്ത വാക്കുകൾക്കു” ഈ അമ്മ പരമാവധി വിശ്വാസവും വിലയും കൊടുക്കുമെന്നുള്ളതും നിസ്സന്ദേഹമല്ലേ? ഇങ്ങനെ പലതുകൊണ്ടും ഈ അമ്മ പാവങ്ങളുടെ മാതാവാണ്; പാവങ്ങൾക്കു നിത്യാശ്രയവും സഹായവുമായിരിക്കും.

പാവങ്ങളെ അവരുടെ വസതികളിൽ ചെന്നു സന്ദർശിച്ചു സഹായിച്ചാശ്വസിപ്പിക്കുന്നതു പാവങ്ങളുടെ ഈ മാതാവിനു എത്ര സന്തോഷകരമായിരിക്കുമെന്നു സഖ്യാംഗങ്ങൾ പ്രത്യേകം പരിചിന്തിക്കേണ്ടതാണ്. വാസ്തവത്തിൽ തൻ്റെ വാത്സല്യമക്കളായ പാവങ്ങൾക്കു നാം ചെയ്യുന്ന സേവനങ്ങളിലും അവരോടു കാണിക്കുന്ന സ്നേഹത്തിലും പ്രിയംകരമായി മറെറന്താണു ഈ അമ്മയ്ക്കുണ്ടായിരിക്കുക? ഈദൃശമായ നമ്മുടെ എത്ര നിസ്സാരസേവനങ്ങൾക്കും ഈ അമ്മ തക്ക പ്രതിഫലം വാങ്ങി തരാതിരിക്കുമോ? ഇതുകൊണ്ടത്രെ ദീർഘദൃഷ്ടികളായിരുന്ന നമ്മുടെ പൂർവ്വഗാമികൾ പ. ക. മറിയത്തെ സഖ്യത്തിൻ്റെ പ്രത്യേകമദ്ധ്യസ്ഥയും സംരക്ഷകയുമായി വരിച്ചതും അവിടത്തെ സഹായം എന്നെന്നും അപേക്ഷിച്ചുവന്നതും.

കേരളസുറിയാനി കമ്മലീത്താസഭയുടെ ശതവത്സരജൂബിലി 1955-ാമാണ്ടു് മുഴുവനുംമരിയഭക്തിസംവദ്ധകമായി കേരളമൊട്ടുക്കു് കൊണ്ടാടുവാൻ പോകുന്നതു മരിയഭക്തിവദ്ധനവിനു് സഹായകമായിരിക്കും. ഈയവസരത്തിൽ, ഐർലണ്ടിലെ ചില കോൺഫറൻസുകൾ മരിയഭക്തി പ്രചാരണാത്ഥം സ്വീകരിച്ചിട്ടുള്ള ചില പരിപാടികൾ കേരളത്തിലെ കോൺഫറൻസുകളുടേയും ലീജിയൻ്റെയും പരിഗണനയ്ക്കും സ്വീകരണത്തിനുമായി ഇവിടെ എടുത്തുകാണിച്ചുകൊള്ളട്ടെ.

1. കുടുംബങ്ങളിൽ ജപമാല അനുദിനം കൂട്ടമായി ഭക്തിപൂർവ്വം എത്തിക്കുന്നതിനു കുടുംബങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു “റോസറി ക്രൂസേഡ്,” എല്ലാ ഇടവകകളിലും നടത്തുക. (ജപമാല എത്തിക്കുന്ന ദൃഢമായ പാരമ്പര്യം പുലത്തിപ്പോരുന്ന കേരളത്തിൽ ഇതിനു് ആവശ്യമില്ലെന്നു് ചിലർ പറഞ്ഞേക്കാം. ഗ്രാമപ്രദേശങ്ങളിൽ മിക്ക കുടുംബങ്ങളിലും പ്രതിദിനം ജപമാല എത്തിക്കുന്നുണ്ടെങ്കിലും മിക്ക പട്ടണങ്ങളിലും അപൂർവ്വം ഗ്രാമീണരിലും ഈ ഭക്തി വേണ്ട പോലെ പാലിക്കപ്പെടുന്നില്ലെന്നുള്ളതു ഒരു യാഥാത്ഥ്യമാണ്. ഈ പോരായ്മ പരിഹരിക്കുന്നതിനും, ജപമാല കൂടുതൽ ഭക്തിയോടും ക്രമത്തോടും നടത്തുന്നതിനും ഈവിധ “ക്രൂസേഡ്” സഹായകരമായിരിക്കും.)

2. ഓരോ ഇടവകയിലും എല്ലാ ആദ്യശനിയാഴ്ചയും ആ ദിവസം മുഴുവനും മുടങ്ങാതെ ജപമാല എത്തിക്കുന്നതിനുള്ള ഒരു പരിപാടി (a full day Rosary programme) നടപ്പാക്കുക. (ഓരോ വീട്ടിലും ക്രമാനുസരണം ഓരോ സമയം നിശ്ചയിച്ചു മുറപ്രകാരം ജപമാല എത്തിക്കുന്നതായിരുന്നാൽ, ആ ദിവസം മുഴുവനും എന്നല്ല പല ഇടവകകളിലും ഒരേസമയത്തു് ഒന്നിലധികം ജപമാലതന്നെ എത്തിക്കുവാൻ ഇടയാകുന്നതും, ഈ പരിപാടി വിജയപൂർവ്വം നടത്താൻ സാധിക്കുന്നതുമാണ്.)

3. ജപമാലഭക്തിയും ഉത്തരീയഭക്തിയും പ്രചരിപ്പിക്കുന്നതിനും സജീവമാക്കുന്നതിനും, കുടുംബങ്ങൾ സന്ദർശിച്ചു സംഭാഷണം നടത്തിയും, പ്രസംഗങ്ങളും ലഘുലേഖനങ്ങളും വഴിയും പരിശ്രമിക്കുക. ഇതിനു ആവശ്യമായ ജപമാല, വെന്തിങ്ങ, കാശുരൂപം ആദിയായവ വാങ്ങി മിതമായ വിലയ്ക്കും, സാധുക്കൾക്കു സൗജന്യമായും കൊടുക്കുക.

4. എല്ലാ കുടുംബങ്ങളേയും മാതാവിൻ്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുവാൻ വേണ്ടതു ചെയ്യുക.

5. പ. ക. മറിയത്തിൻ്റെ സ്തുതിക്കായി പാവപ്പെട്ട രോഗികളെ സന്ദർശിച്ചു ശുശ്രൂഷിച്ചാശ്വസിപ്പിക്കുക.

മാത്രമല്ല പരി. പിതാവു് നിർദ്ദേശിക്കുന്നതുപോലെ, ഓരോ കോൺഫറൻസും എന്തെങ്കിലും സ്ഥിരമായ ഒരു പരസഹായപ്രവത്തനം—അനാഥശാല, സൗജന്യവൈദ്യശാല, ലഘുനിക്ഷേപപദ്ധതി, സാധുക്കൾക്കായി വായനശാല എന്നിത്യാദി എന്തെങ്കിലും—നടത്തുവാൻ നിശ്ചയിച്ചുവേണ്ട പരിപാടികൾ സ്വീകരിക്കേണ്ടതുമാണ്.

---

ൻ സന്യാസംവരിച്ചുകൊണ്ടു് അദ്ദേഹം സ്വജീവിതത്തെ ദൈവത്തേയും രാജ്യത്തേയും സേവിക്കുന്നതിനായി സമപ്പിച്ചു. മരിയാസഖ്യങ്ങളുടെ നാഷണൽ ഡിറക്ടരെന്നനിലയിൽ അമേരിക്കൻ ജനതയെ പരിശുദ്ധദൈവജനനിയോടുള്ള ഭക്തിയിൽ അടിയുറപ്പിച്ചു വളത്തിക്കൊണ്ടുവരുവാൻ അദ്ദേഹം അശ്രാന്തം യത്നിച്ചു. മാതാവിനെപ്പററി അദ്ദേഹം രചിച്ചിട്ടുള്ള ഓരോ ഗ്രന്ഥങ്ങളും മരിയഭക്തി വഴിഞ്ഞൊഴുകുന്നവയാണ്. ഒടുവിൽ ആ മരിയഭക്തൻ ഒരു ശനിയാഴ്ചതന്നെ ഭാഗ്യമരണം പ്രാപിക്കാനും ഇടയായി. നമുക്കു് അദ്ദേഹത്തിൻ്റെ ആത്മശാന്തിക്കായി പ്രാത്ഥിക്കാം.

---

ആദ്ധ്യാത്മികവീഥി 41

# മനഃപ്രാർത്ഥന

(തുടർച്ച)

ദൈവത്തിൻ്റെ വത്സലമക്കളേ,

കഴിഞ്ഞലക്കത്തിൽ പക്ഷപ്രകരണങ്ങളേയും സംഭാഷണത്തേയും കുറിച്ചാണല്ലോ പറഞ്ഞതു്. സംഭാഷണത്തിൻ്റെ ഒരു പ്രധാനവിഷയം പ്രതിജ്ഞയായിരിക്കണം. ധ്യാനത്തിൻ്റെ മുഖ്യോദ്ദേശ്യം ജീവിതഗുണീകരണമായിരിക്കണമെന്നു നാം കണ്ടുകഴിഞ്ഞു. ജീവിതത്തെ നന്നാക്കുന്നതിനു് നമ്മിലുള്ള ദുർഗ്ഗുണങ്ങളെ വർജ്ജിക്കയും നാം അഭ്യസിച്ചുതുടങ്ങിയിട്ടില്ലാത്ത സുകൃതങ്ങൾ അഭ്യസിക്കുകയുമാണല്ലോ വേണ്ടതു്. ഒരു സ്ഥിരനിശ്ചയം കൂടാതെ ഇതു രണ്ടും സാദ്ധ്യമല്ല. മനസ്സിൻ്റെ ഈ സ്ഥിരനിശ്ചയത്തിനാണു് പ്രതിജ്ഞയെന്നു പറയുന്നതു്.

പ്രതിജ്ഞ ഫലപ്രദമാകുന്നതിനു രണ്ടു ലക്ഷണങ്ങളാവശ്യമാകുന്നു. ഒന്നാമതുതന്നെ അതുപൊതുവായിരിക്കരുതു്. “ഇനി ഞാൻ പാപമൊന്നും ചെയ്യുകയില്ല” എന്നതുപോലെ പൊതുവായ ഒരു പ്രതിജ്ഞ ചെയ്താൽ പടപ്പടച്ചു വെടിവയ്ക്കുന്നതുപോലുള്ള അനുഭവമായിരിക്കും ഉണ്ടാകുന്നതു്. ഒരു പക്ഷിയെമാത്രം നോക്കി വെടിവച്ചാൽ ഒന്നെങ്കിലും കിട്ടും അല്ലെങ്കിൽ എല്ലാം പറന്നുപോകും. അതുപോലെതന്നെ ഒരു ദുർഗ്ഗുണത്തെക്കുറിച്ചോ അഥവാ പുണ്യത്തെക്കുറിച്ചോ മാത്രം പ്രതിജ്ഞ ചെയ്താൽ നമ്മുടെ ശ്രദ്ധമുഴുവൻ ആ ഒരു സംഗതിയിലേക്കു തിരിക്കാൻ സാധിക്കുന്നതുകൊണ്ടു കൂടുതൽ ഫലമുണ്ടാകും.

ഉദാഹരണമായി “ഞാൻ ഇനി നിഗളിക്കുകയില്ല” എന്ന പൊതുപ്രതിജ്ഞയ്ക്കുപകരം “ഞാൻ ഇനി സ്വയം പുകഴ്ത്തിസംസാരിക്കുകയില്ല” എന്ന രീതിയിലുള്ള പ്രതിജ്ഞയായിരിക്കും ഉത്തമം.

പ്രതിജ്ഞയ്ക്കുണ്ടായിരിക്കേണ്ട രണ്ടാമത്തെ ലക്ഷണം അതു നിവൃത്തിയുള്ളിടത്തോളം അപ്പോൾതന്നെയോ, അന്നുതന്നെയോ പ്രാവത്തികമാക്കത്തക്കതായിരിക്കണമെന്നുള്ളതാണ്. “ഞാൻ കുടുംബത്തിലെ കാരണവരാകുമ്പോൾ, അപ്പനെപ്പോലെ കുടിക്കുകയില്ലെ”ന്നു ഒരു കുട്ടി പ്രതിജ്ഞചെയ്യുന്നെങ്കിൽ അതുകൊണ്ടു വലിയ പ്രയോജനമൊന്നുമില്ല. “ഞാൻ എൻ്റെ പുകവലി നിറുത്തിക്കളയാം, ഇന്നു സ്നേഹിതന്മാർ തന്നാൽപോലും ഒററ ബീഡിപോലും വലിക്കുകയില്ല”. എന്നാണു് പ്രതിജ്ഞ ചെയ്യുന്നതെങ്കിൽ എന്തെങ്കിലും പ്രയോജനമുണ്ടാക്കാൻ കഴിയും. “ആത്മപ്രശംസ ചെയ്യുകയില്ല” എന്ന പ്രതിജ്ഞയും ഉടനെതന്നെ പ്രായോഗികമാക്കാവുന്നതാണ്.

സാമാന്യം പറഞ്ഞാൽ നാം നല്ലവണ്ണം ധ്യാനിച്ചു് നമ്മിലുള്ള ന്യൂനതകൾ ശരിയായി കാണുന്നപക്ഷം പ്രതിജ്ഞ സ്വാഭാവികമായിതന്നെ വന്നുകൊള്ളും. എന്നാൽ അതു ഒരു വെറും നല്ലയാഗ്രഹത്തിൽ കലാശിച്ചുപോകാനെളുപ്പമുണ്ടു്. അതുകൊണ്ടാണു് അന്നുതന്നെ ചെയ്യത്തക്ക ഏതെങ്കിലുമൊരു പ്രത്യേകസംഗതി പ്രതിജ്ഞാവിഷയമാക്കണമെന്നു പറഞ്ഞതു്.

രാവിലെ ചെയ്ത പ്രതിജ്ഞയെപ്പററി ദിവസത്തിൽ പല പ്രാവശ്യം ഓക്കുകയും രാത്രി ആത്മശോധനസമയത്തു അതെങ്ങനെ പ്രായോഗികമാക്കിയെന്നു പരിശോധിക്കയും ചെയ്യേണ്ടതാണ്. ഉദ്ദേശിച്ച ഫലം സിദ്ധിക്കുന്നതുവരെ ഒരേപ്രതിജ്ഞതന്നെ ആവത്തിക്കണം.

എന്നു പ്രാത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

—o—

## ഫിലിപ്പൈൻസിലെ കത്തോലിക്കാസഭ

മാനിലായിൽനിന്നു പ്രസിദ്ധീകരിച്ചിരിക്കുന്ന 1955-ലെ കത്തോലിക്കാ ഡിറക്ടറിയനുസരിച്ചു ഫിലിപ്പൈൻദ്വീപുകളിലുള്ള മൊത്തം ജനസംഖ്യയായ 2 കോടി 5 ലക്ഷത്തിൽ 1 കോടി 63 ലക്ഷത്തിൽ ചില്വാനംപേർ കത്തോലിക്കരാണു്.



# വിവിധവൃത്താന്തങ്ങൾ

## വത്തിക്കാൻെറ 1955–ലെ വാർഷികഗ്രന്ഥം

ലോകത്തിലാകെ 1954 അവസാനത്തിലെ കണക്കനുസരിച്ചു 64 കർദ്ദിനാളന്മാരും, രൂപതാഭരണം നടത്തുന്ന 337 മെത്രാപ്പോലീത്താമാരും, 1157 മെത്രാന്മാരും, 15 പാത്രിയർക്കീസ്മാരും രൂപതാഭരണമില്ലാത്ത 882 മെത്രാപ്പോലീത്താമാരും മെത്രാന്മാരുമാണ് തിരുസഭയിലുള്ളതു്. "ആനുആറിയോ പോൻറിഫിച്ചിയോ" എന്നാണ് ഈ വാർഷികഗ്രന്ഥത്തിൻെറ പേർ. അതിൻെറ പ്രഥമപ്രതി കഴിഞ്ഞ ആഴ്ചയിൽ പരിശുദ്ധമാർപ്പാപ്പായ്ക്കു സമർപ്പിക്കപ്പെട്ടു. "വിശ്വാസത്തിനുവേണ്ടി ബന്ധനത്തിൽ," "അജ്ഞാതസ്ഥാനങ്ങളിലേക്കു മാററപ്പെട്ടു," "ജോലി തടസ്സപ്പെടുത്തപ്പെട്ടു" എന്നിങ്ങനെ മതമർദ്ദനത്തെ സൂചിപ്പിക്കുന്ന ശീർഷകങ്ങളിൽ കർദ്ദിനാളന്മാർ മെത്രാപ്പോലീത്താമാർ മെത്രാന്മാർ ഉൾപ്പടെ 150 പേരുടെ കണക്കാണ് കൊടുത്തിരിക്കുന്നതു്. 1872ലാണ് ഈ പ്രസിദ്ധീകരണം സമാരംഭിച്ചതു്.


## പാർട്ടിയാപ്പീസ് അടച്ചുപൂട്ടി

ദക്ഷിണ ഇററലിയിൽ റിഞ്ഞാനോ ഗർഗാനിക്കോ എന്ന നഗരത്തിലെ കമ്മ്യൂണിസ്റ്റ് മേയർ കമ്മ്യൂണിസ്റ്റു പാർട്ടിയിൽനിന്നു രാജിവച്ചു ക്രിസ്ത്യൻ ഡെമോക്രാറ്റിക്കു പാർട്ടിയിൽ ചേർന്നിരിക്കുന്നു. അദ്ദേഹത്തിൻെറകൂടെ ഡെപ്യൂട്ടി സിക്രട്ടറിയും മററു പല നേതാക്കന്മാരും പാർട്ടി വിട്ടുപേക്ഷിക്കുകയും ക്രിസ്ത്യൻ ഡെമോക്രാട്ടു കക്ഷിയിൽ ചേരുകയും ചെയ്തിട്ടുണ്ടു്. 1943 മുതൽ ഇവരെല്ലാം കമ്മ്യൂണിസ്റ്റു പാർട്ടിക്കുവേണ്ടി പ്രശസ്തസേവനം നിർവ്വഹിച്ചിട്ടുള്ളവരാണ്. ചുരുക്കത്തിൽ അംഗങ്ങളുടെ സംഖ്യ വളരെ കുറഞ്ഞുപോയതുകൊണ്ടു് ഇപ്പോൾ അവിടത്തെ പാർട്ടിശാഖ നിർത്തലാക്കിയിരിക്കുന്നു.

## ലൂർദ്ദിലെതീർത്ഥസ്ഥലം വിപുലപ്പെടുത്തുന്നു

ലൂർദ്ദിൽ പരിശുദ്ധ കന്യക പ്രത്യക്ഷപ്പെട്ട ലോകപ്രസിദ്ധമായ തീർത്ഥസ്ഥലം തീർത്ഥകരുടെ സൗകര്യാർത്ഥം വിപുലപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയാറാക്കി വരുന്നു. 1958 ലൂർദ്ദിലെ പ്രത്യക്ഷം നടന്നതിൻെറ ശതാബ്ദപൂർത്തിയാണല്ലോ. ആ പ്രത്യേക അവസരത്തിൽ അവിടെ ലോകത്തിൻെറ നാനാഭാഗത്തുനിന്നും വന്നുചേരുമെന്നു പ്രതീക്ഷിക്കപ്പെടുന്ന ജനസഞ്ചയത്തിനു അസൗകര്യം നേരിടാതിരിക്കുന്നതിനു അതിനുമുമ്പേ ഈ ജോലി തീർത്തിരിക്കേണ്ടതാവശ്യമായിരിക്കുന്നു. നദിയുടെ കിടപ്പുകൊണ്ടു ബസ്സിലിക്കായും ഗ്രോട്ടോയും മററും ഇരിക്കുന്നതിനു മുൻവശത്തു പുഴയ്ക്കക്കരെയുള്ള കൃഷിസ്ഥലങ്ങൾ ഇതിനോടു ചേർക്കുകയല്ലാതെ മററു മാർഗ്ഗമില്ല സ്ഥലം കിട്ടുവാൻ. അതുകൊണ്ടു പുഴയുടെ ഗതി മാററണമോ, രണ്ടു പാലംകൊണ്ടു് ആ സ്ഥലങ്ങൾ തീർത്ഥസ്ഥലത്തോടു ബന്ധിക്കണമോ എന്നാണാലോചിക്കുന്നതു്. പാലങ്ങളുടെ പണിയായിരിക്കും പ്രായോഗികമായി നടക്കാൻ പോകുന്നതു്. ഈ പാലങ്ങൾ കടന്നു് അങ്കണത്തിൽക്കൂടി നേരെ ഗ്രോട്ടോയിൽ എത്താവുന്ന തരത്തിലാണു പ്ലാൻ. അങ്കണം കൂടുതൽ വിസ്തൃതമാക്കുന്നതിനു അതിൻെറ വശങ്ങളിലുള്ള ആശുപത്രി മുതലായ കെട്ടിടങ്ങൾ പൊളിച്ചു പിറകോട്ടു നീക്കേണ്ടിവരും. സ്നാനഘട്ടങ്ങളും പൊളിച്ചു ആധുനികരീതിയിൽ പണികഴിപ്പിക്കുകയും അവ ഗ്രോട്ടോയിൽനിന്നു

## ഉപകാരസ്മരണ


Sr. Alphonsa, I.C.

എൻെറ മൂത്തമകളുടെ കുട്ടി, ലീലാമ്മയുടെ വളരെക്കാലം എത്തിയ തലവേദന ബ. അൽഫോൻസാമ്മയുടെ സഹായത്താൽ മാറിയതിനു് ഉപകാരസ്മരണ. കാലതാമസം നേരിട്ടതിൽ ക്ഷമാപണം.

മേരി പോൾ, മങ്ങലി
തുറവൂർ, അങ്കമാലി.

പാടുള്ളിടത്തോളം അകലത്തിലേക്കു മാററുകയുംചെയ്യും. ഈ പ്ലാനുകളുണ്ടാക്കുന്നതിനും പണിനടത്തിക്കുന്നതിനും എല്ലാ രാജ്യങ്ങളിൽനിന്നുമുള്ള വിദഗ്ദ്ധന്മാരുടെ ഒരു കമ്മററി നിയമിക്കപ്പെടുന്നതാണ്. അനേകലക്ഷം പവൻ ഇതിനു ചിലവുവരുന്നതും, ഏതാനും കൊല്ലങ്ങൾകൊണ്ടുമാത്രം പണി പൂർത്തിയാകുന്നതുമായ ഒരു പദ്ധതിയാണിതെന്നു സംശയമില്ല. ഏതായാലും ഈ പരിഷ്കരണം അത്യാവശ്യമാണ്. കഴിഞ്ഞകൊല്ലത്തിൽതന്നെ ലൂർദ്ദു സന്ദർശിച്ച തീർത്ഥകരുടെ സംഖ്യ 40 ലക്ഷത്തിലധികമാണ്.

## പൂർവ്വജർമ്മനിയിൽ വിശ്വാസം പുരോഗമിക്കുന്നു

എവഞ്ചേലിക്കൽ സഭാവിഭാഗക്കാർ പൂർവ്വജർമ്മനിയിലെ 1700 പള്ളികൾ കത്തോലിക്കർക്കു വിട്ടുകൊടുത്തിരിക്കുന്നതായി ബർലിനിലെ മെത്രാൻ വെസ്റ്റാം തിരുമേനി പ്രസ്താവിച്ചു. തിരുമേനി അവിടത്തെ പുതിയ കുടുംബനിയമത്തെ പ്രതിഷേധിച്ചു പുറപ്പെടുവിച്ച ലേഖനമാണ് മിക്ക പ്രോട്ടസ്റ്റൻറു പള്ളികളിലും വായിക്കപ്പെട്ടതു്. തിരുമേനി പശ്ചിമബെർലിനിൽ വന്ന വിദേശപത്രലേഖകന്മാരോടു പ്രസ്താവിച്ചു, അവിടുന്നു ആദ്യമായിട്ടാണ് ഇപ്പോൾ പോളിഷ് മെത്രാന്മാരുമായി സമ്പർക്കത്തിലേർപ്പെടുന്നതെന്നു്. പൂർവ്വജർമ്മനിയിലെ ഇപ്പോഴത്തെ ആശങ്കാപരമായ സാഹചര്യങ്ങളിൽപോലും മതവിശ്വാസം അവിടെ ശക്തിപ്രാപിച്ചുവരികയാണെന്നും, ഒരുപക്ഷെ അതു പശ്ചിമജർമ്മനിയിലുള്ളവരുടെ വിശ്വാസത്തെ തീക്ഷ്ണതയിലും സ്ഥിരതയിലും അതിശയിക്കുന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പൂർവ്വരാജ്യങ്ങളിലെ സഭയുടെ പീഡനം പശ്ചിമരാജ്യങ്ങളിലെ സഭകളെ അവയുടെ അലസതയുടേയും തികവില്ലായ്മയുടേയും മേധാവിത്വത്തിൻേറയും ആത്മവിശ്വാസത്തിൽനിന്നുണർത്തുന്നതിനു സഹായിക്കുന്നതാണെന്നാണ് അദ്ദേഹം പറഞ്ഞതു്. അദ്ദേഹത്തിൻെറ രൂപതയുടെ ആസ്ഥാനം പശ്ചിമബെർലിനിലാണെങ്കിലും അദ്ദേഹം നഗരാധികാരികളുടെ മുമ്പിൽ വിശ്വാസപ്രതിജ്ഞ നടത്തുന്നതിനു കൂട്ടാക്കിയില്ല.

## മതപഠനത്തിനു ശിക്ഷ


കമ്മ്യൂണിസ്റ്റധീനമായ പൂർവ്വജർമ്മനിയുടെ ഡെപ്യൂട്ടി പ്രൈംമിനിസ്റ്റർ മി. വാൾട്ടർ ഉൾബ്രിററു് എല്ലാ മാതാപിതാക്കന്മാർക്കും മുന്നറിയിപ്പു നൽകിയിരിക്കുന്നു, അവർ അവരുടെ കുട്ടികൾക്കഞ്ഞുകൂട്ടുന്നതിനുള്ള ആ കുട്ടികളുടെ സൗകര്യങ്ങൾ അതുമൂലം നശിപ്പിക്കുകയായിരിക്കുമെന്നു്. ആധുനികശാസ്ത്രത്തിൻെറ വിധികളെ അവർ പഠിച്ചെങ്കിൽ മാത്രമേ ഈ ചെറുപ്പക്കാർക്കു ജീവിക്കാൻ സാധിക്കുകയുള്ളൂ. ശാസ്ത്രമെന്നാണ് മാർക്സിൻെറ ഭൗതികവാദത്തിനു അവർ പേരു സങ്കല്പിച്ചിരിക്കുന്നതു്. ഈ ശാസ്ത്രജ്ഞാനം കൂടാതെ ചെറുപ്പക്കാർക്കു പുരോഗതിയുണ്ടാവുകയില്ല എന്നാണ് കമ്മ്യൂണിസ്റ്റുകൾ ഏർപ്പെടുത്തിയിട്ടുള്ള "യുവജനപ്രതിഷ്ഠാ" കർമ്മത്തിൽ പങ്കെടുക്കുന്നതിനു അവരുടെ കുട്ടികളെ അനുവദിക്കരുതെന്നു മുടക്കിക്കൊണ്ടു് വെസ്റ്റാം മെത്രാൻ മാതാപിതാക്കന്മാർക്കു നൽകിയ നിർദ്ദേശത്തെ പരാമർശിച്ചു് രാഷ്ട്രാധികാരികൾ പ്രസ്താവിച്ചതു്. സ്ഥൈര്യലേപനം എന്ന കൂദാശയ്ക്കു ബദലായിട്ടാണ് കമ്മ്യൂണിസ്റ്റുകൾ ഈ പ്രതിഷ്ഠാകർമ്മത്തെ ഉദ്ദേശിച്ചിട്ടുള്ളതത്രെ.

[മതപരമായ ശിക്ഷണം നൽകുകയാണെങ്കിൽ ലോകത്തിൽ കഴി]






## നിര്യാതനായി



കോതമംഗലത്തു് ശ്രീ തോമാ ചാക്കുണ്ണി തെക്കേക്കര തൻെറ 95-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം ജനുവരി 29-ാംനു- ശനിയാഴ്ച രാവിലെ 6-30നു് നിര്യാതനായി. ഞായറാഴ്ച രാവിലെ കോതമംഗലം പുത്തൻപള്ളിയിൽവച്ചു് ശവസംസ്കാരം യഥാവിധി നിർവ്വഹിക്കപ്പെട്ടു.

"കർത്താവെ, ഈ ആളുടെ ആത്മാവിനു് നിത്യാശ്വാസം കൊടുത്തരുളേണമെ."

R. I. P.

By his Beloved Children

## ജനാധിപത്യം

"രാജവാഴ്ചയുടെ നിർവ്വചനത്തിനു് രാജാവു് ആവശ്യമായിരുന്നതുപോലെ ജനാധിപത്യത്തിൻെറ ശരിയായ നിർവ്വചനത്തിനു് ദൈവം ആവശ്യമാണ്."

—ടെന്നസ്സി സ്റ്റേററു് ഗവർണർ ഫ്രാങ്ക് ജി. ക്ലെമൻറു്.

## കൈപ്പററി

R. Ramalingaier & Bros. Paper-Boards, Broadway Ernakulam വക 1955ലെ കലണ്ടർ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു.


സത്യദീപം വരിസംഖ്യ

| | |
|---|---|
| പ്രതിവർഷം | |
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—12—0 |

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam—1



ഫെബ്രുവരി 15–ാംതീയതി മുതൽ
കാളൻ'സ് ഔഷധങ്ങളുടെ വില 12 ശതമാനം കുറയ്ക്കുന്നു
പൂർണ്ണവിവരങ്ങൾ അടുത്താഴ്ചയിലെ പത്രത്തിൽ
കാളൻ, നെല്ലായി




# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 ‖ ERNAKULAM, FEBRUARY 9 ‖ No. 25


# സദാചാരപരവും മതപരവുമായ വിദ്യാഭ്യാസപദ്ധതി

മാനവവംശത്തിന്റെ സാംസ്കാരികമായ പുരോഗതിയെ നിർണ്ണയിക്കുന്നതിനുള്ള പ്രധാന മാനദണ്ഡമാണ് സദാചാരപരവും മതപരവുമായ അതിന്റെ നിലവാരം. മനുഷ്യൻ ഏതെല്ലാം രംഗങ്ങളിൽ അഭിവൃദ്ധി നേടിയിരുന്നാലും അവന്റെ സദാചാരബോധവും മതാസക്തിയും അധഃപ്പതിച്ചിരുന്നാൽ അതു അധോഗതിയുടെ ലക്ഷണമാണ്. ആധുനികകാലത്തെ ഭൗതികവാദികൾ ഇതംഗീകരിക്കയില്ലായിരിക്കാം. എന്നാൽ അഭിജ്ഞലോകം ഇതെന്നും സമ്മതിച്ചിട്ടുള്ള ഒരു യാഥാർത്ഥ്യമാണ്. ഇന്നും സംസ്കാരസമ്പന്നരായ മനുഷ്യരെല്ലാം ഇതംഗീകരിക്കുന്നുണ്ട്. അതുകൊണ്ടു ഈ വസ്തുതയുടെ നിജസ്ഥിതിയെപ്പററി പ്രതിപാദിച്ചിട്ടാവശ്യമില്ല. ഈ സ്ഥിതിവിശേഷം എങ്ങിനെ കൈവരുത്തണമെന്നുള്ളതാണ് പ്രശ്നം. ഒരു കൃഷീവലനറിയാം, ഏതെങ്കിലും ചെടി നന്നായി വളരണമെങ്കിൽ അതിനു ചെറുപ്പത്തിൽ തക്കകാലത്തു് വേണ്ട വളം ചേർക്കണമെന്ന്. കതിരിൽ വളം വയ്ക്കുന്നതു ഫലശൂന്യമാണെന്നു ചൊല്ലുതന്നെയുണ്ട്. മനുഷ്യന്റെ സ്വഭാവരൂപവല്ക്കരണത്തെ സംബന്ധിച്ചു ഈ തത്വം തികച്ചും പരമാർത്ഥമാണെന്നു സമ്മതിക്കാത്തവരില്ല. അതുകൊണ്ടാണല്ലോ ബാല്യകാലത്തു വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും ഭാവിജീവിതത്തിനനുഗുണമായ സാങ്കേതികപരിശീലനം പ്രദാനം ചെയ്യുന്നതിനും എല്ലാ മാതാപിതാക്കന്മാരും അവരവരുടെ മക്കളെ സംബന്ധിച്ച് പ്രത്യേകം ശ്രദ്ധാലുക്കളായി കാണുന്നതു്. ഇതു വളരെ സ്വാഭാവികവും ബുദ്ധിപൂർവ്വകവുമായ ഒരേർപ്പാടാണ്, സംശയമില്ല. എന്നാൽ ഇക്കാര്യത്തിൽ ഒരു വിഭാഗം വിസ്മരിച്ചുകളയുന്നു എന്നുള്ളതാണ് ശോചനീയം. ഒരു മനുഷ്യന്റെ സർവ്വതോമുഖമായ വികാസത്തിനും ജീവിതവിജയത്തിനും അത്യന്തം അനുപേക്ഷണീയമായ അവന്റെ സദാചാരപരവും മതപരവുമായ വിദ്യാഭ്യാസത്തെ പൊതുവെ അവഗണിക്കുകയാണ് ഇന്നത്തെ രീതി. അതുകൊണ്ടു സാംസ്കാരികമായ അവന്റെ പുരോഗതി നാമ്പടച്ചുപോകുന്നു. സാക്ഷാത്തായ ജീവിതവിജയത്തിനുള്ള പരിശീലനം അവനു നഷ്ടപ്പെട്ടുപോകുന്നു.

## ഇന്ത്യ ഗവർമ്മേണ്ടിന്റെ ഉദ്യമം

കഴിഞ്ഞ ഡിസമ്പർമാസത്തിൽ പാററ്നായിൽ ഒരു അഖിലേന്ത്യാ വിദ്യാഭ്യാസകോൺഫറൻസു സമ്മേളിച്ചുവല്ലോ. അതിൽവച്ചു ഇന്ത്യയിലുള്ള എല്ലാ കോളേജുകളിലും സ്കൂളുകളിലും നടപ്പിലാക്കത്തക്കവണ്ണം സദാചാരവിഷയത്തിലും മതവിഷയത്തിലും ഒരു പൊതുപദ്ധതി ആസൂത്രണം ചെയ്യുന്നതിനു ഒരു അഞ്ചംഗകമ്മിററിയെ തിരഞ്ഞെടുക്കുകയുണ്ടായി. ഈ കമ്മററിയുടെ പ്രസിഡന്റു്, വിദ്യാഭ്യാസവിഷയത്തിലും; രാഷ്ട്രമീമാംസയിലും, സാമൂഹികശാസ്ത്രത്തിലും സർവ്വാദരണീയമായ വൈദഗ്ദ്ധ്യം നേടിയിട്ടുള്ള ഒരു പ്രശസ്തവ്യക്തിയായ റവ. ഫാദർ ടി. എൻ. സെക്യൂരാ എസ്. ജെ. അവർകളാണ്. കമ്മററി ഇപ്പോൾ ശ്രമകരമായ ഈ കർത്തവ്യനിർവ്വഹണത്തിനുവേണ്ടി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. വിനാവിളംബം ആ പദ്ധതി പൂർത്തിയാക്കപ്പെടുമെന്നും, കേന്ദ്രവിദ്യാഭ്യാസമന്ത്രിയുടേം സംസ്ഥാനഗവർമ്മേണ്ടുകളുടേയും ആത്മാർത്ഥമായ പിൻതുണയും അംഗീകാരവും അതിനു സിദ്ധിക്കുമെന്നും, ഇന്ത്യയിലെ എല്ലാ വിദ്യാലയങ്ങളിലും അതു നടപ്പാക്കപ്പെടുമെന്നും നമുക്കു പ്രത്യാശിക്കാം. കേന്ദ്രഗവർമ്മേണ്ടിന്റെ നിയന്ത്രണത്തിൽ നടക്കുന്ന ഈ പ്രസ്ഥാനം ഭാരതത്തിന്റെ സാംസ്കാരികമായ പുരോഗതിയിൽ ഗണ്യമായ ഒരു പങ്കു വഹിക്കുകതന്നെ ചെയ്യും. പദ്ധതി യാതൊരു മതത്തേയും പ്രത്യേകം സ്പർശിക്കാതെ മനുഷ്യബുദ്ധിക്കു ബോദ്ധ്യമാകത്തക്ക യുക്തിയെ ആസ്പദിച്ചുള്ളതായിരിക്കുമെന്നും, ഏതു മതവിഭാഗങ്ങൾ നടത്തുന്ന വിദ്യാലയങ്ങൾക്കും ഏതു മതവിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കും അതു സ്വീകാര്യമായിരിക്കുമെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. പാററ്നാകോൺഫറൻസിൽ സദാചാരപരവും മതപരവുമായ വിഭാഗീയസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു് റവ. ഫാദർ സെക്യൂരാ ചെയ്ത പ്രസംഗത്തിൽ ഈ വിഷയത്തെപ്പററി വിശദമായി പ്രതിപാദിക്കുകയുണ്ടായി.

## അദ്ധ്യക്ഷപ്രസംഗം

വിദ്യാഭ്യാസപരമായ സംഘടനകളുടെ അഖിലേന്ത്യാഫെഡറേഷന്റെ പ്രശസ്തനായ സിക്രട്ടറി, ഈ ഉദ്യോഗത്തിന്റെ വിഷമതയും അടിയന്തിരസ്വഭാവവും പരിഗണിച്ചാണ് പ്രസിഡന്റുസ്ഥാനത്തേക്കു എന്നെ തിരഞ്ഞെടുത്തതെന്നു് എന്നെ അറിയിച്ചപ്പോൾ കൃതജ്ഞതാപൂർവ്വം ഈ ഭാരമുള്ള ജോലി ഞാൻ സ്വീകരിച്ചു. സദാചാരപരവും മതപരവുമായ വിദ്യാഭ്യാസം താത്വികമായും പ്രായോഗികമായും നിരവധി പ്രശ്നങ്ങളെ ഉൾക്കൊള്ളുന്നതുകൊണ്ടു് എന്റെ ഉത്തരവാദിത്വം പ്രത്യേകിച്ചും ഭാരംനിറഞ്ഞതായി എനിക്കു തോന്നുന്നു. ഒരു മനുഷ്യനും മൃഗവും തമ്മിലുള്ള അന്തരം മനസ്സിലാക്കുവാൻ കഴിവുള്ള യാതൊരുത്തനും സദാചാരപരവും മതപരവുമായ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ നിഷേധിക്കുകയില്ല. വിവേചനാശക്തിയുള്ള ഒരു ജീവിക്കു അവന്റെ മൃഗീയവികാരങ്ങളേയും പ്രവണതകളേയും ബുദ്ധിയുടെ ഉന്നതനിയന്ത്രണത്തിനനുസരിച്ചു നയിക്കേണ്ടതുണ്ട്. ചില പ്രവൃത്തികൾ ബുദ്ധിപൂർവ്വകവും തദ്വാരാ മനുഷ്യനു യോജിച്ചതുമാണെന്നും മററു ചിലവ അങ്ങിനെ അല്ലെന്നും വിവേചനാശക്തി അവനു കാണിച്ചുകൊടുക്കുന്നു. വ്യത്യസ്തങ്ങളായകാര്യങ്ങളെപ്പററി ആലോചിക്കുന്നതിനും, ന്യായാന്യായവിവേചനം ചെയ്യുന്നതിനും, തീരുമാനമെടുക്കുന്നതിനും മനുഷ്യനെ പ്രാപ്തനാക്കുന്ന അതേ ആദ്ധ്യാത്മിക ശക്തിതന്നെയാണ്, സംസാരശക്തിയുടെ പ്രയോഗത്തിൽ ദീക്ഷിക്കപ്പെട്ടിരിക്കുന്ന ഉദ്ദേശ്യവും കർത്തവ്യവും സത്യസന്ധതയാണെന്നും, തന്മൂലം കളവു പറയുക എന്നതു് എപ്പോഴും തെററാണെന്നും അവനു കാണിച്ചുകൊടുക്കുന്നതു്. എന്നാൽ പ്രകൃതിയിലുള്ള മററു ശക്തികളെപ്പോലെതന്നെ സദാചാരബോധവും ജന്മനാ പൂർണ്ണവികാസം പ്രാപിച്ചിരിക്കുകയില്ല. അതു് അദ്ധ്യാപനവും വിശദീകരണവും വാദപ്രതിവാദവുംവഴി തത്വപരമായും, പരിശീലനംകൊണ്ടു് പ്രായോഗികമായും അഭ്യസിപ്പിക്കപ്പെടണം. അതുകൊണ്ടു് മതവും സദാചാരവും സ്വയം കണ്ടുപഠിക്കുകയാണ്, പഠിപ്പിക്കപ്പെടുകയല്ല വേണ്ടതു് എന്നു പറയുന്നതു് അബദ്ധമത്രെ. പക്ഷെ മററു രംഗങ്ങളിലെന്നവണ്ണം ഇവിടെയും മാതൃകവഴിയായുള്ള അദ്ധ്യാപനമാണ് നിർദ്ദേശാത്മകമായ വിദ്യാഭ്യാസരീതിയിലും മെച്ചമായിരിക്കുക. എന്നുവരികിലും, സ്കൂളുകളും കളിസ്ഥലങ്ങളും കൂടാതെ കുട്ടികൾ ബുദ്ധിപരമായും ശാരീരികമായും താനേ വികാസം പ്രാപിച്ചുകൊള്ളുമെന്നുള്ള വാദം ആരും ഉന്നയിക്കാറില്ലല്ലോ. അതുപോലെതന്നെ സദാചാരപരവും മതപരവുമായ വിദ്യാഭ്യാസം പരിപൂർണ്ണവും തൃപ്തികരവുമായ ശിക്ഷണത്തിന്റെ അവശ്യാവശ്യകവും അനിവാര്യവുമായ ഒരു ഘടകമല്ല എന്നു ആരും പറയാതിരിക്കട്ടെ.

സദാചാരവും മതബോധവും എങ്ങിനെയും ആയിക്കൊള്ളട്ടെ, നമ്മുടെ പണവും പ്രയത്നവുമെല്ലാം ശരീരത്തെ ബലിഷ്ഠമാക്കുന്നതിനും ബുദ്ധിയെ അറിവുകൾകൊണ്ടു നിറയ്ക്കുന്നതിനും ചിലവഴിക്കാം എന്നു വിചാരിക്കുന്ന രാഷ്ട്രീയചിന്തകന്മാരുണ്ട്. അവരെ വിദ്യാഭ്യാസപ്രവർത്തകരെന്നു പറയാൻ നിവൃത്തിയില്ല. ഭാഗ്യവശാൽ അത്തരക്കാരുടെ എണ്ണം അതിവേഗം കുറഞ്ഞുവരികയാണ്. സാക്ഷാത്തായ വിദ്യാഭ്യാസപ്രവർത്തകരിലും ഇന്ത്യയിൽ ഇന്നു വിദ്യാർത്ഥിലോകവുമായി അടുത്തിടപ്പെട്ടുകൊണ്ടിരിക്കുന്ന മററുള്ളവരിലും, പ്രൈമറിക്ലാസുകൾമുതൽ കോളേജ്‌വിദ്യാഭ്യാസമുൾപ്പെടെ എല്ലാ ക്ലാസുകളിലും ക്രമീകൃതമായ സദാചാരപരവും മതപരവുമായ വിദ്യാഭ്യാസം നൽകപ്പെടേണ്ടതിന്റെ ആവശ്യകതബോദ്ധ്യമാകാത്തവരായി ആരെങ്കിലും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. വിദ്യാർത്ഥികളുടെ ഇടയിലുള്ള വർദ്ധമാനമായ ശിക്ഷണരാഹിത്യത്തെപ്പററി പരാതിപ്പെടുക ഇന്നത്തെ ഒരു ഫാഷനായി തീർന്നിട്ടുണ്ട്. അതൊരു "ക്ലിക്കാ"ണെന്നു വിചാരിക്കുന്നതായിരിക്കും ശരി. എന്തുകൊണ്ടെന്നാൽ ഈ സ്ഥിതിവിശേഷത്തിന്റെ കാരണങ്ങളെപ്പററി അന്വേഷിക്കുന്നതു ഫാഷനായി പരിഗണിക്കപ്പെടുന്നില്ല. അതിനു കാരണം, വിദൂരമല്ലാത്ത ഒരു ഭൂതകാലത്തു് അവർതന്നെ "കാററുവിതച്ചതി"ന്റെ ഫലമായി ഇന്നു "കൊടുങ്കാററു കൊയ്യു"ന്നു എന്ന അപരാധബോധമായിരിക്കാം. വിദ്യാർത്ഥികളുടെ ഇടയിൽ കാണുന്ന ശിക്ഷണരാഹിത്യത്തിനു നിരവധി കാരണങ്ങളുണ്ട്:- നമ്മുടെ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികളുടെസംഖ്യാബാഹുല്യവും തന്മൂലം വിദ്യാർത്ഥികളും അദ്ധ്യാപകരുംതമ്മിൽ ഉണ്ടാകേണ്ട വ്യക്തിഗതമായ പരിചയത്തിന്റെ അഭാവവും; വളരെ കുടുംബങ്ങളിലും നഷ്ടപ്പെട്ടിരിക്കുന്ന മാതാപിതാക്കന്മാരുടെ നിയന്ത്രണവും സൽപ്രേരണയും; പലേ കാരണങ്ങളാൽ അദ്ധ്യാപകന്മാരുടെ ഗുണവിശേഷത്തിൽ വന്നു ഭവിച്ചിട്ടുള്ള താഴ്ന്ന നിലവാരം; സിനിമാ, പ്രസിദ്ധീകരണങ്ങൾ, സർവ്വോപരി കമ്മ്യൂണിസം എന്നിവയാൽ വന്നു വശായിട്ടുള്ള ദുഷ്ടപ്രലോഭനങ്ങൾ— ഇവയാണ് ഏതാനും ചില കാരണങ്ങൾ. എന്നാൽ ഇവയ്ക്കു പുറമെ സദാചാരത്തെയും മതത്തേയും സംബന്ധിച്ച തത്വങ്ങൾ വിദ്യാർത്ഥികളെ പഠിപ്പിക്കാതിരിക്കുന്നതു് തീർച്ചയായും ഒരു പ്രധാന കാരണമായി പരിഗണിക്കണം. സദാചാരം എന്നതു് ഊർജ്ജതന്ത്രം പോലെയോ,മനഃശാസ്ത്രംപോലെയോ ഒരു ശാസ്ത്രമാണെന്നും, വെറും പാരമ്പര്യത്തേയോ, ആജ്ഞാശക്തിയേയോ ആശ്രയിക്കാതെ അവയെപ്പോലെഅനിഷേധ്യമാംവിധം തെളിയിക്കാവുന്ന നിയമങ്ങൾ മതത്തിനുമുണ്ടെന്നും അവരെ പഠിപ്പിക്കാത്തതുകൊണ്ടു് പലേ വിദ്യാർത്ഥികൾക്കുംസദാചാരംസംബന്ധിച്ചവിഭിന്നാദർശങ്ങളിൽശരിയായതിനെ തിരഞ്ഞെടുക്കുന്നതിനു സാധിക്കാതെ പോകുന്നു.

## മതപരമായ വിദ്യാഭ്യാസം

സദാചാരപരമായ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പററി പറഞ്ഞശേഷം മതപരമായ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പററി പ്രതിപാദിക്കുമ്പോൾ പല വിദ്യാഭ്യാസപ്രവർത്തകന്മാരിലും ഉറച്ചമിനുസമായ ഒരു ടാറിട്ട റോഡിൽനിന്നു് ഇളകിപൊടിഞ്ഞു കിടക്കുന്ന ഒരു നാട്ടുവഴിയിലേക്കു യാത്രതുടരുമ്പോൾ ഉണ്ടാകുന്ന ഒരു പ്രതീതിയാണ് പ്രത്യക്ഷപ്പെടുന്നതു്. സദാചാരം പഠിപ്പിക്കണമെന്നുള്ളതു് അവർക്കു് സ്വാഗതാർഹമാണ്. പക്ഷെ മതം പഠിപ്പിക്കേണ്ട ആവശ്യം അവർ നിഷേധിക്കുന്നു; അല്ലെങ്കിൽ മതപഠനം രാജ്യത്തിന്റെ ഐക്യം ഇനിയും ശിഥിലമാക്കുമെന്നു ഭയപ്പെടുന്നു, അതുമല്ലെങ്കിൽമതവുംസദാചാരവും ഒന്നുതന്നെയാണെന്നു ഭാവിക്കുന്നു. മതപഠനം വീടുകളിലും ദേവാലയങ്ങളിലും അമ്പലങ്ങളിലും മോസ്കുകളിലും മാത്രം നടത്തിയാൽ മതിയെന്നാണ് ഒരു കൂട്ടർ വാദിക്കുന്നതു്. മേല്പറഞ്ഞ മൂന്നഭിപ്രായങ്ങളും പ്രമുഖന്മാരായ ചിന്തകരിൽപ്പോലും കാണുന്നതുകൊണ്ടു അതിനെപ്പററി സഗൗരവം പര്യാലോചിക്കേണ്ടതുണ്ട്.

1. മതം എന്നതു വ്യക്തിപരമായ ഒരു കാര്യമാണ്; അതുകൊണ്ടു അതു വിദ്യാലയങ്ങളിൽ പഠിപ്പിക്കേണ്ടതില്ല. ഇതാണവരുടെ വാദം. ഓരോ കുട്ടിയുടെയും ശരീരവും മനസ്സും സ്വഭാവവും അവരവർക്കു പ്രത്യേകവും വ്യക്തിഗതവും സ്വകീയവുമാണ്. ഒരേ ശരീരമോ മനസ്സോ സ്വഭാവമോ ഉള്ള രണ്ടുകുട്ടികളെ കണ്ടെത്തുവാൻ സാധിക്കുമോ? അതുകൊണ്ടു അവനവന്റെ ഭവനത്തിൽവച്ചു നൽകപ്പെടുന്നവിദ്യാഭ്യാസമല്ലാതെപുറമേ വിദ്യാലയങ്ങളിൽ പൊതുവായി നൽകപ്പെടുന്ന വിദ്യാഭ്യാസം നൽകിക്കൂടാത്തതാകുന്നു എന്നു വാദിക്കുന്നതിൽ അടങ്ങിയിരിക്കുന്ന പ്രമാദംതന്നെയാണ് അവരുടെ ഉദ്ധൃതവാദഗതിയിലും അടങ്ങിയിരിക്കുന്നതു്. അടിസ്ഥാനപരമായി മതത്തെപ്പററി പഠിക്കുന്നതിനും ജീവിതത്തിൽ അതു പരിശീലിക്കുന്നതിനും മററേതു വിഷയത്തിലുമെന്നപോലെ സുനിശ്ചിതമായ തത്വപാഠപദ്ധതിയും പരിശീലനവും കൂടാതെ കഴിയുകയില്ല. ശാസ്ത്രീയമായ തത്വപരീക്ഷണത്തെ അതിജീവിക്കാത്തമതം വിനാവിളംബം അന്ധവിശ്വാസത്തിലേക്കു അധഃപതിക്കുകയും നിർവ്വചിക്കപ്പെടാത്തതും അവ്യക്തവുമായ ഏതാനും നിയമങ്ങളുടെ ഒരു സംഹിതയായിത്തീരുകയുംചെയ്യും. മതത്തെ സംബന്ധിച്ചും അജ്ഞേയമോ വെളിപ്പെടുത്തപ്പെടുവാൻ പാടില്ലാത്തതോ ആയ ഒന്നുമില്ല. കാരണം, അതു ദൈവം വെളിപ്പെടുത്തിയതാണെങ്കിൽ ദൈവത്തിന്റെ സാക്ഷ്യം, മുദ്ര, അതിൽ കാണണം. ആർക്കും അതു വായിച്ചുമനസ്സിലാക്കുന്നതിനോ, പരിശോധിച്ചു ബോദ്ധ്യപ്പെടുന്നതിനോ, സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ കഴിയുന്നതായിരിക്കണം.

2. മതം മനുഷ്യരെ തമ്മിൽ അകററുന്നുവെന്നും അതു യുദ്ധങ്ങളേയും യുദ്ധഭീതികളേയും ഉളവാക്കുന്നുവെന്നും ഒരു പ്രചാരണം നടക്കുന്നുണ്ട്. ഇന്നത്തെ രണ്ടു വിഭിന്ന ബ്ലോക്കുകളുടേയും അവയുടെ യുദ്ധസജ്ജീകരണങ്ങളായ വിവിധ ബോമ്പുനിർമ്മാണങ്ങളുടേയും വാർത്തകളോടൊപ്പമാണ് ഇതും പ്രചരിക്കുന്നതു്. ഈ രാഷ്ട്രനേതാക്കന്മാർ വല്ല മതബോധവുമുള്ളവരാണോ, അവരുടെ പ്രായോഗികജീവിതത്തിൽ മതത്തിനു വല്ല സ്ഥാനവും നൽകപ്പെടുന്നുണ്ടോ എന്നൊന്നും ആരും അന്വേഷിക്കാറില്ല. ബോമ്പെയിൽവച്ചു നടത്തപ്പെട്ട കഴിഞ്ഞ മരിയൻ കോൺഗ്രസ്സിൽ ഡോക്ടർ എസ്. രാധാകൃഷ്ണൻ ഇപ്രകാരമാണല്ലോ പ്രസ്താവിച്ചതായി റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുള്ളതു്: "ഇന്നത്തെ ആവശ്യം മനുഷ്യരുടെ യോജിപ്പാണ്. അതു സമ്പാദിക്കുന്നതിനുള്ള മാർഗ്ഗത്തിൽ മതങ്ങൾ വലിയ പ്രതിബന്ധങ്ങളായി തീർന്നിരിക്കുകയാണ്." അദ്ദേഹം "ഇസ്രായേലിലെ ഏക ഗായകനല്ല." ഓരോരുത്തരും യഥാർത്ഥമെന്നു വിശ്വസിക്കുന്ന വെളിപാടുകൾക്കനുസരിച്ചു മതം മനുഷ്യരെ വിവിധ ഗണങ്ങളായി തിരിക്കുന്നുണ്ട്. എന്നാൽ അതേ മതം വിശ്വസിക്കാത്തവരെയെല്ലാം വെറുത്തുകൊള്ളണമെന്നോ, നിന്ദിച്ചുകൊള്ളണമെന്നോ, നിഗ്രഹിച്ചുകൊള്ളണമെന്നോ പഠിപ്പിക്കുന്ന ഏതെങ്കിലും മതമുണ്ടോ? മനുഷ്യനെ തമ്മിൽതമ്മിൽ കൈയേററങ്ങൾ നടത്തുന്നതിനും, കൊല്ലുന്നതിനും, ആക്രമിക്കുന്നതിനും പ്രേരിപ്പിക്കുന്നതു മതമാണോ, അതോ മനുഷ്യന്റെ അത്യാർത്തിയും, ദുരയും, സ്വാർത്ഥതയുമാണോ? പാശ്ചാത്യരാജ്യങ്ങളുടെയെല്ലാം നേതാക്കന്മാർ മതവിശ്വാസത്തിലും മതജീവിതത്തിലും ക്രിസ്ത്യാനികളല്ലെന്നും, അതുപോലെതന്നെ പൗരസ്ത്യരാജ്യങ്ങളുടെ ഭരണമേധാവികളെല്ലാം വിശ്വാസത്തിലും ജീവിതത്തിലും ഹിന്ദുക്കളോ മുസ്ലീമിങ്ങളോ ബുദ്ധന്മാരോ അല്ലെന്നും നാം മനസ്സിലാക്കണം.

3. ഇന്നത്തെ അഭ്യസ്തവിദ്യന്മാരെന്നഭിമാനിക്കുന്ന പലരുടേയും തലയിൽ കടന്നുകൂടിയിട്ടുള്ള ഒരബദ്ധധാരണയാണ് മൂന്നാമത്തെ പ്രമാദം: മതവും സദാചാരവും ഒന്നുതന്നെയാണെന്നുള്ളതു്. മതം എന്നുവച്ചാൽ "നന്മ ചെയ്യുക, തിന്മ വർജ്ജിക്കുക" എന്നാണവർ ധരിച്ചുവച്ചിട്ടുള്ളതു്. പിന്നെന്തിനാണ് ഒരു പ്രത്യേക വെളിപാടിനെ ആധാരമാക്കിയെന്നു പറയപ്പെടുന്ന അവജ്ഞാജഡിലമായ ഒരു തത്വസംഹിതയിൽ മതത്തെ കെട്ടിനിർത്തുന്നതെന്നാണ് അവരുടെ പ്രശ്നം. സദാചാരം മതത്തിന്റെ അടിസ്ഥാനമാണെന്നു പറഞ്ഞാൽ അതു

വാസ്തവമാണ്. എന്തുകൊണ്ടെന്നാൽ മതബോധമുള്ള ഒരാൾ ഒരു നല്ല മനുഷ്യനായിരിക്കണം. പക്ഷെ സദാചാരത്തിന്റെ ഏററവും ഉന്നതമായ നിലയിൽ പോലും മനുഷ്യനു വെറും സ്വാഭാവികമായ ഒരു അന്തരീക്ഷത്തിൽ ജീവിക്കുവാനേ സാദ്ധ്യമാവൂ. എന്നാൽ ദൈവത്തെപ്പററിയും, നിത്യരക്ഷയെപ്പററിയും, മനുഷ്യോദ്ധാരണത്തെപ്പററിയും അവനറിവു ലഭിക്കുന്ന ദിവ്യമായ ഒരന്തരീക്ഷത്തിലേക്കുയരുന്നതിനുള്ള സ്വാഭാവികമായ പ്രവണത അവനെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവനു ദൈവത്തെപ്പററി വസ്തുസ്ഥിതമായ അറിവുവേണം, അവനു ദൈവത്തെ സ്നേഹിക്കണം അതിനാണ് അവൻ വെമ്പൽകൊള്ളുന്നതു്. ഇവിടെയാണു മതപാഠനത്തിനുള്ള സ്ഥാനം. ദൈവത്തെ സംബന്ധിച്ചു മനുഷ്യന്റെ പരിമിതമായ ബുദ്ധിക്കു സ്വയം ഗ്രഹിക്കാൻ കഴിയാത്ത ഏതെങ്കിലും സത്യങ്ങൾ ദൈവം വെളിപ്പെടുത്തി തന്നിട്ടുണ്ടോ? ഈ വെളിപാടുകൾ യഥാർത്ഥത്തിൽ ദൈവംതന്നെ വെളിപ്പെടുത്തിയിട്ടുള്ള സത്യങ്ങളാണോ, അതോ മനുഷ്യനിർമ്മിതങ്ങളായ കെട്ടുകഥകളാണോ? ദൈവവെളിപാടുകളാണെങ്കിൽ അവ സ്വീകരിക്കപ്പെടണം, മനുഷ്യന്റെ കെട്ടുകഥകളാണെങ്കിൽ അവ നിരാകരിക്കപ്പെടണം. ഇതിലാണു മതപാഠനത്തിന്റെ സ്ഥാനം. ഇവയെ സംബന്ധിച്ചും, നിരീക്ഷണപരീക്ഷണങ്ങളിൽ നിന്നു നിഗമിക്കപ്പെടുന്ന ശാസ്ത്രതത്വങ്ങൾപോലെയും, മനുഷ്യന്റെ ബുദ്ധിയെ ആസ്പദമാക്കി മനസ്സിലാക്കുന്ന സദാചാരനിയമങ്ങളെപ്പോലേയും, ശാന്തവും ശാസ്ത്രീയവുമായ രീതിയിൽ പ്രതിപാദിക്കപ്പെടുകയും പഠിപ്പിക്കപ്പെടുകയും ചെയ്യേണ്ട ആവശ്യമില്ലെന്നു ആർക്കെങ്കിലും പറയാമോ? ഈ പാഠനം കൂടാതെ നമ്മുടെ വിദ്യാഭ്യാസം പൂർണ്ണമായി, സുഭഗമായി എന്നു പറയാൻ സാധിക്കുമോ?

### മതമാണ് സമാധാനത്തിന്റെ മാർഗ്ഗം

അനന്തരം അദ്ദേഹം മതപാഠനത്തിൽ നേരിടേണ്ട വിവിധ പ്രശ്നങ്ങളെപ്പററി പ്രതിപാദിച്ചശേഷം മതം വഴിയാണ് ലോകസമാധാനം കൈവരുത്തേണ്ടതെന്നുള്ള പ്രമേയം വിശദീകരിച്ചുകാണിച്ചു. മതത്തിനെതിരായി വിവിധ രാഷ്ട്രങ്ങൾ ഓരോ കാലങ്ങളിൽ നടത്തിയിട്ടുള്ള പ്രചാരണസംരംഭങ്ങളേയും അവയുടെ പരാജയചരിത്രങ്ങളേയും ചൂണ്ടിക്കാണിച്ചുകൊണ്ട് ഭാരതത്തിൽ അതിപുരാതീനകാലം മുതൽ സംരക്ഷിച്ചുപോന്നിട്ടുള്ള മതാദരവിനെ അദ്ദേഹം പുകഴ്ത്തി. പണ്ഡിതോചിതമായ അദ്ദേഹത്തിന്റെ പ്രസംഗം ഇപ്രകാരം സമാപിപ്പിച്ചു: യുദ്ധാശങ്കകൾക്കധീനമായ ആധുനികലോകത്തിനു സമാധാനം കൈവരുന്നതിനുള്ള ഏകമാർഗ്ഗം സത്യമതമാണ്. സന്മനസ്സുള്ളവർക്കു മാത്രമാണ് സമാധാനം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതു്. മനുഷ്യൻ മനസ്സാക്ഷിയിൽ അവനോടുതന്നെയും അവന്റെ സഹസൃഷ്ടികളോടും സർവ്വോപരി അവന്റെ സ്രഷ്ടാവായ ദൈവത്തോടും സമാധാനമുള്ളവനാകണം. ഓരോ വ്യക്തിയിലും അവന്റെ വിവിധ കഴിവുകളേയും പ്രവണതകളേയും ക്രമീകരിക്കുന്നതുമൂലം ഈ സമാധാനം സംജാതമാക്കണം. അപ്പോൾ അതു കുടുംബത്തിലേക്കു വഴിഞ്ഞൊഴുകുകയും കുടുംബാംഗങ്ങൾ തമ്മിൽ ഐക്യവും പരസ്പരവിധേയത്വവും അങ്കുരിക്കുകയും ചെയ്യും. അതിന്റെ അടുത്ത ഗതി സാമൂഹികരംഗത്തേക്കാണ്. വ്യക്തികളുടേയും സമുദായത്തിന്റെയും താല്പര്യങ്ങൾ ക്രമാനുഗതമായി പാലിക്കപ്പെടുകയും ആന്തരികമായ ഐക്യബോധം നടമാടുകയും ചെയ്യും. ഓരോ രാജ്യങ്ങളും ഏവംവിധം സമാധാനത്തിലും ഐക്യത്തിലും സംവിധാനം ചെയ്യപ്പെട്ടു കഴിയുമ്പോൾ അതിന്റെ സൗഭാഗ്യദായകമായ ഫലങ്ങൾ ലോകമാസകലം അനുഭവപ്പെടുകയും രാഷ്ട്രാന്തരീയഐക്യം ഒരു യാഥാർത്ഥ്യമായി നാമാസ്വദിക്കുകയും ചെയ്യും. യു. എൻ. ഓ പോലെ ഭാരിച്ച വ്യയഹേതുകമായ സംഘടനകളോ, അനിശ്ചിതമായ അതിന്റെ ഭാവിയെപ്പററിയുള്ള ആശങ്കകളോ, ഡെമോക്ലിസിന്റെ ഖഡ്ഗംപോലെ നിശിതമായ "വെറേറാ" അവകാശങ്ങളോ ഒന്നും അതിനാവശ്യമില്ല. സെൻറഗസ്റ്റിൻ നിർവ്വചിച്ചിട്ടുള്ളതുപോലെ "ക്രമത്തിന്റെ സ്വച്ഛതയിലാണ് സമാധാനം" നിലകൊള്ളുന്നതു്. സമാധാനമുണ്ടാകണമെങ്കിൽ ക്രമം പാലിക്കപ്പെടണം. മനുഷ്യന്റെ അസ്വസ്ഥമായ ഹൃദയത്തെ ക്രമത്തിലേക്കാനയിക്കുന്നതിനു മതത്തിനു മാത്രമേ സാദ്ധ്യമാകൂ. അതുകൊണ്ടു മതം വഴിയായി—അതായതു സദാചാരവും മതബോധവും കൈവളർത്തിക്കൊണ്ട്— സമാധാനത്തെ കണ്ടെത്തുന്നതിനു പരിശ്രമിക്കാം. നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും സദാചാരപരവും മതപരവുമായ വിദ്യാഭ്യാസപദ്ധതികൾ നടപ്പാക്കി സുശിക്ഷിതരായ ഒരു വിദ്യാർത്ഥിലോകത്തെ സൃഷ്ടിക്കുന്നതിനും അവരുടെ ഈ പഠനവും പരിശീലനവും കുടുംബാന്തരീക്ഷത്തിൽ പ്രഫുല്ലമാക്കുന്നതിനും ശ്രമിക്കുകയാണ് ഇന്നത്തെ അടിയന്തിരാവശ്യം. ഇന്ത്യാഗവമ്മേണ്ടു സമാരംഭിച്ചിരിക്കുന്ന ഈ മഹത്പ്രസ്ഥാനം വിജയപര്യവസായിയായി തീരട്ടെ എന്നു ഞങ്ങൾ ഹൃദയപൂർവ്വം ആശംസിക്കുന്നു.

## പ്രസാധകക്കുറിപ്പുകൾ

### സോഷ്യലിസ്റ്റ് ലക്ഷ്യം

ആവഡി കോൺഗ്രസ്സ് സമ്മേളനത്തിൽ അവതരിപ്പിച്ചു പാസ്സാക്കപ്പെട്ട കോൺഗ്രസ്സിന്റെ സോഷ്യലിസ്റ്റ് ലക്ഷ്യപ്രഖ്യാപന പ്രമേയത്തെപ്പററി കഴിഞ്ഞലക്കങ്ങളിൽ ഞങ്ങൾ പ്രതിപാദിച്ചിരുന്നുവല്ലോ. മെ. പണ്ഡിററ് നെഹ്റുവും, ആസ്സാദും, പുതിയ പ്രസിഡൻറ് ശ്രീ ധേബാറും അതേപ്പററി നൽകിയ വിവരണങ്ങളും, ഇന്ത്യയിലെ ചില പ്രമുഖ രാഷ്ട്രീയചിന്തകന്മാർ പ്രകടിപ്പിച്ചിരുന്ന അഭിപ്രായങ്ങളും ഞങ്ങൾ ഉദ്ധരിച്ചിരുന്നു. ഇന്ത്യയുടെ പുരോഗതിയെ അതിമാത്രം സ്പർശിക്കുന്ന ഒരതിപ്രധാനമായ നയപ്രഖ്യാപനമായതുകൊണ്ടാണ് ഞങ്ങൾ അതിനിത്ര പ്രാധാന്യം നൽകുന്നതു. ഭാരതത്തിലെ ഓരോ പൗരനും അതേപ്പററി ശരിയായി ഗ്രഹിക്കുകയും അതുൾക്കൊള്ളുന്ന പ്രായോഗികപദ്ധതികളുടേയും ഭവിഷ്യത്തുകളുടേയും ഏകദേശരൂപമെങ്കിലും മനസ്സിലാക്കുകയും ചെയ്യേണ്ടതു അവന്റെ കർത്തവ്യമാണ്. നേതാക്കന്മാരുടെ ഇടയിൽത്തന്നെയും അതൊരു മൂടപിടിച്ച പ്രശ്നമായിത്തീർന്നിട്ടുണ്ട് എന്നുള്ളതിൽ നിന്നു അതേസംബന്ധിച്ചുള്ള അഭിപ്രായാന്തരങ്ങളും ആശങ്കകളും വെളിപ്പെടുന്നുണ്ടല്ലോ. ഒന്നുരണ്ടു മലയാളപത്രങ്ങളുടെ അഭിപ്രായങ്ങൾകൂടി ഞങ്ങൾ ഉദ്ധരിച്ചുകൊള്ളുന്നു.

#### സഹോദരൻ

ഒരു തികഞ്ഞ രാഷ്ട്രീയചിന്തകനും പത്രപ്രവർത്തനത്തിൽ പരിചയവും പ്രാവീണ്യവും സമ്പാദിച്ചിട്ടുള്ള ആളുമായ മി. കെ. അയ്യപ്പൻ അദ്ദേഹത്തിന്റെ സഹോദരൻ പത്രത്തിൽ ജനുവരി 29-ാം തീയതിയിലെ ലക്കത്തിൽ "കോൺഗ്രസ്സിന്റെ സോഷ്യലിസ്റ്റ് ലക്ഷ്യം" എന്ന ശീർഷകത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കുറിപ്പിൽ ഇങ്ങനെയാണ് പ്രസ്താവിക്കുന്നതു്:-

ഇന്ത്യയിൽ സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമുദായവ്യവസ്ഥിതിസൃഷ്ടിക്കണമെന്നതാണ് കോൺഗ്രസ്സിന്റെ ലക്ഷ്യമെന്നു നിശ്ചയം ആവഡി കോൺഗ്രസ്സ് പാസ്സാക്കിയിരിക്കുന്നു. ഈ ലക്ഷ്യനിശ്ചയത്തിന്റെ ലക്ഷ്യത്തെപ്പററി കോൺഗ്രസ്സിലും കോൺഗ്രസ്സ് അനുഭാവികളിലും രണ്ടുതരം അഭിപ്രായമാണുള്ളതെന്നു ഇപ്പോൾത്തന്നെ തെളിഞ്ഞിട്ടുണ്ടെന്നു തോന്നുന്നു. നിശ്ചയത്തെപ്പററി ഓരോ ഘട്ടത്തിൽ സംസാരിച്ച നെഹ്റുവും ആസാദുംതന്നെ ആ അഭിപ്രായങ്ങളിൽ ഓരോന്നിന്റെ വക്താക്കളായിട്ടാണ് കാണുന്നതു്. നിശ്ചയം കോൺഗ്രസ്സിന്റെ ഒരു പുതിയ ലക്ഷ്യമല്ലെന്നു സമർത്ഥിക്കുന്നതിൽ അവർ രണ്ടുപേരും യോജിച്ചു. എന്നാൽ സോഷ്യലിസമല്ല സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമുദായവ്യവസ്ഥമാത്രമാണ് കോൺഗ്രസ്സിന്റെ ലക്ഷ്യമെന്നും സോഷ്യലിസമെന്നു പറയാതെ സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമുദായവ്യവസ്ഥിതി എന്നു പറഞ്ഞതു കരുതിക്കൂട്ടിയാണെന്നും വിശദമാക്കുവാൻ ആസാദ് അദ്ദേഹത്തിന്റെ പ്രസംഗം ഉപയോഗിച്ചു. നെഹ്റുവിന്റെ നില അതല്ല. അദ്ദേഹത്തിനു ഇന്ത്യ ഒരിക്കൽ സോഷ്യലിസത്തിൽ എത്തണം. അതു സമാധാനപരവും ജനകീയവുമായ മാർഗ്ഗത്തിൽക്കൂടി ആകണമെന്നേയുള്ളൂ. സോഷ്യലിസത്തിലേക്കുള്ള ഗതിയിൽ ഇന്ത്യയിലെ എല്ലാത്തരം താല്പര്യക്കാരേയും കോൺഗ്രസ്സിന്റെകൂടെ കൊണ്ടുപോകണം. അതുകൊണ്ട് തല്ക്കാലം മിശ്രസാമ്പത്തികത്തിൽക്കൂടി പോകാനേ തരമുള്ളൂ. ഇതാണ് നെഹ്റുവിന്റെ നില. ക്ഷേമരാഷ്ട്രം പോരാ, സോഷ്യലിസ്റ്റ് വ്യവസ്ഥിതിയോടുകൂടിയ ക്ഷേമരാഷ്ട്രം വേണമെന്നു അദ്ദേഹം തെളിച്ചുപറയുന്നതിൽനിന്നു അദ്ദേഹത്തിന്റെ ആഗ്രഹം സോഷ്യലിസം തന്നെ വേണമെന്നാണെന്നു വരുന്നുണ്ട്. ക്ഷേമം മാത്രം പോരാ കഴിയുന്നത്ര സാമ്പത്തികസമത്വവും വന്നാലേ ജനങ്ങൾ സമ്മതിക്കുകയുള്ളുവെന്നു അദ്ദേഹം കാണുന്നുണ്ട്. പക്ഷെ ക്ഷേമരാഷ്ട്രം മതി, സോഷ്യലിസം വേണ്ട എന്ന അഭിപ്രായത്തിനും കോൺഗ്രസ്സിൽ ശക്തിയുണ്ട്. ഇന്ത്യയുടെ പ്രസിഡൻറ് പ്രക്ഷേപണം ചെയ്ത റിപ്പബ്ലിക്ക് ദിന പ്രസംഗത്തിൽ ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കാൻ ഇന്ത്യ ഉറച്ചിരിക്കുന്നുവെന്നാണു പറഞ്ഞതു്. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമുദായവ്യവസ്ഥിതി വിഭാവനം ചെയ്യുന്ന ലക്ഷ്യപ്രഖ്യാപനം പാസ്സാക്കിയതിന്റെ വെക്ക ആറുന്നതിനുമുമ്പ് പ്രസിഡൻറ് ചെയ്ത ആ പ്രസംഗത്തിൽ സോഷ്യലിസത്തെപ്പററി ഒരക്ഷരം മിണ്ടാതിരുന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. എല്ലാവക്കും അവസരസമത്വവും അവകാശസമത്വവുമുള്ള ശരിയായ ക്ഷേമരാഷ്ട്രം എന്നു ക്ഷേമരാഷ്ട്രത്തെ അദ്ദേഹം വിശേഷിപ്പിച്ചതു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെ ഉള്ളിൽ വെച്ചുകൊണ്ടാണോ എന്നറിഞ്ഞില്ല. ഏതായാലും സോഷ്യലിസം ഇഷ്ടമില്ലാത്ത ചില നേതാക്കന്മാരേയും ഇടതുവശകക്ഷികളുടെ ആഹ്വാനങ്ങൾക്കു കൂടുതൽ കൂടുതൽ വിധേയരായിപ്പോകുന്ന സാധാരണക്കാരേയും തൃപ്തിപ്പെടുത്തേണ്ട വിഷമംപിടിച്ച ബാദ്ധ്യതയാണ് നെഹ്റുവിനു നേരിട്ടിരിക്കുന്നതു്. സാധാരണക്കാർക്കു പററിയ ലക്ഷ്യപ്രഖ്യാപനവും മററേ കൂട്ടർക്കു പററിയ പരിപാടിയുംകൊണ്ടാണ് ആ ബാദ്ധ്യത അദ്ദേഹം നിറവേററാൻ നോക്കുന്നതു്. ഇതു ഇരുകൂട്ടരേയും ആകർഷിക്കുന്ന നയമാകുമോ ഇരുകൂട്ടരേയും അകററുന്ന നയമാകുമോ എന്നതു കണ്ടറിയേണ്ട സംഗതിയാണ്. കോൺഗ്രസ്സിന്റെ ലക്ഷ്യപ്രഖ്യാപനവും സാമ്പത്തികനയവിവരണവും ഒന്നിച്ചെടുക്കുമ്പോൾ മനസ്സിലാക്കുവാൻ പ്രയാസം നേരിടുന്നില്ലേയെന്നു തോന്നാവുന്നതാണ്. പല താല്പര്യക്കാരും ഉൾപ്പെടുന്ന കോൺഗ്രസ്സിന്റെ ലക്ഷ്യവും നയവും പരിപാടിയും വിവരിക്കുന്നതിൽ കുറെ അവ്യക്തത വരാതെ നിവൃത്തിയില്ല. ആ വിശാലമനോഹരമായ അവ്യക്തതയാണ് ഇതുവരെ കോൺഗ്രസ്സിന്റെ ശക്തിയായിരുന്നിട്ടുള്ളതു്.

#### അപ്പാദേശ്

ഞങ്ങളുടെ മററൊരു സഹജീവിയായ അപ്പാദേശ് ഫെബ്റുവരി 2-ാം തീയതിയിലെ ലക്കത്തിൽ ഈ ലക്ഷ്യപ്രഖ്യാപനത്തെപ്പററി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അഭിപ്രായം ഇങ്ങനെയാണ്:-

ആവഡിയിൽ നടന്ന കോൺഗ്രസിന്റെ 60 ാമതു വാർഷികസമ്മേളനത്തിൽ ഇൻഡ്യ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേക്ക് തിരിയുവാൻ ഉദ്ദേശിക്കുന്നതായി അവിടെ നടന്ന പ്രസംഗങ്ങളും പ്രമേയങ്ങളും വ്യക്തമാക്കുന്നു. കോൺഗ്രസ് മുൻലക്ഷ്യത്തിൽ നിന്നും അണുപോലും പിന്മാറിയിട്ടില്ലെന്നു അതേ ശ്വാസത്തിൽതന്നെ ശ്രീ നെഹ്റു പറയുന്നുമുണ്ട്. ഇതാണ് ഞങ്ങൾക്കു മനസ്സിലാക്കാൻ വിഷമമുള്ള സംഗതി. കോൺഗ്രസിന്റെ ആരംഭകാലത്തെ ലക്ഷ്യം സോഷ്യലിസ്റ്റ് വ്യവസ്ഥിതി ആയിരുന്നെങ്കിൽ ഇൻഡ്യയിൽ ഇടതുപക്ഷപാർട്ടികൾ തന്നെ ഉണ്ടാകയില്ലായിരുന്നു. ഇടതുപക്ഷപാർട്ടികൾ എല്ലാംതന്നെ സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്കു വേണ്ടിയാണല്ലോ പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുന്നതു്. അതിനാൽ കോൺഗ്രസിന്റെ മുൻകാലങ്ങളിലെ ലക്ഷ്യം സോഷ്യലിസം ആയിരുന്നു എന്നു പറയുന്നതിനോട് പലർക്കും യോജിക്കാൻ സാധിക്കയില്ല. ആവഡിയിൽവച്ചു മാത്രമാണ് സോഷ്യലിസം കോൺഗ്രസിന്റെ ലക്ഷ്യമാണെന്ന് പ്രഖ്യാപിക്കപ്പെട്ടതു്. ഈ പ്രഖ്യാപനം ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതാണ്.

കാൺഗ്രസിൽതന്നെ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെ എതിർക്കുന്ന അനേകം പ്രമുഖവ്യക്തികൾ ഉണ്ട്. ഇതിന്റെ അനന്തരഫലം ഒരു പുതിയ പാർട്ടിയുടെ ഉദയം ചെയ്യുകയല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ഒരു പുതിയ പാർട്ടികൂടി ഉണ്ടാകുന്നപക്ഷം കോൺഗ്രസിന്റെ ശക്തിക്ഷയിക്കുകയുംകമ്മ്യൂണിസത്തിന്റെ ശക്തി വർദ്ധിക്കുകയുമായിരിക്കും ഫലം. ഒടുവിൽ അതു ഇൻഡ്യ ഒരു കമ്മ്യൂണിസ്റ്റ് രാജ്യമാക്കുവാൻ സഹായിച്ചുവെന്നും വരാം.

ഇൻഡ്യയുടെ ലക്ഷ്യം ഒരു ക്ഷേമരാഷ്ട്രമാണെന്നു നേതാക്കന്മാർ സ്ഥാനത്തും അസ്ഥാനത്തും ഉരുവിട്ടു കേൾക്കാറുണ്ട്. ജനകീയഭരണത്തിലൂടെ ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കണമെങ്കിൽ, ആ രീതി ഇംഗ്ലണ്ടിലെയോ അമേരിക്കയിലെയോ മാതൃകയിലുള്ള ഭരണഘടന ആയിരിക്കണം. ഈ രണ്ടു രാജ്യങ്ങളിലെയും ഭരണം സോഷ്യലിസ്റ്റ് സമ്പ്രദായത്തിലല്ല. എന്നാൽ അമേരിക്കയിൽ സാധാരണക്കാരുടെ നില ഏതൊരു കമ്മ്യൂണിസ്റ്റ് രാജ്യങ്ങളെ അപേക്ഷിച്ചും വളരെ മെച്ചമായിട്ടുള്ളതാണെന്നു നിഷ്പക്ഷ നിരീക്ഷകന്മാർ അഭിപ്രായപ്പെടുന്നുണ്ട്.

THANKS
FOR
FAVOURS
RECEIVED
N. J. George, Consulting
Engineer
ERNAKULAM

അമേരിക്കയിലെപ്പോലെ ഒരു തൊഴിലാളിക്കു ലോകത്തിൽ മററൊരേടത്തും കൂലി കിട്ടുന്നില്ല. തൊഴിലാളികളുടെ സാമ്പത്തികനില അവിടെ ഭദ്രമാണ്. മിക്ക തൊഴിലാളികൾക്കും സ്വന്തം കാറുകൾ ഉണ്ട്. ഒരു യഥാർത്ഥ ക്ഷേമരാഷ്ട്രം ഉടലെടുത്തിട്ടുള്ളതു് അമേരിക്കയിലാണ്. റഷ്യയിലെ ഗവമ്മെൻറ് തൊഴിലാളികളുടേതാണെന്നു പറയുന്നുണ്ടെങ്കിലും അവിടെ തൊഴിലാളികളുടെ നില ഏററവും ശോചനീയമാണ്. ഇൻഡ്യക്കു ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കണമെങ്കിൽ അതു സോഷ്യലിസത്തിലൂടെ സാദ്ധ്യമല്ലെന്നാണ് പൊതുവെ ചിന്തകന്മാർ അഭിപ്രായപ്പെടുന്നതു്.

സോഷ്യലിസം എന്നു പറഞ്ഞാൽ ഭൂമിയും വ്യവസായവും മററെല്ലാ സ്ഥാപനങ്ങളും ഗവമ്മെൻറുടമയിൽ വരുത്തുക എന്നാണ് അതിന്റെ അർത്ഥം. വ്യക്തികളുടെ സ്വാതന്ത്ര്യം തന്മൂലം ഹനിക്കപ്പെടുന്നു. ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ എല്ലാ ജനങ്ങളും സ്റ്റേററിന്റെ കീഴിലുള്ള ജോലിക്കാരായിത്തീരുന്നു. ഈ വ്യവസ്ഥിതി കോൺഗ്രസിനു നടപ്പാക്കണമെങ്കിൽ, ശക്തിമത്തായ എതിർപ്പുകളെ അഭിമുഖീകരിക്കേണ്ടിവരും. മദ്ദനവും രക്തച്ചൊരിച്ചിലും ഉണ്ടാകാതെ തരമില്ലെന്നു വന്നുകൂടും.

Thanks to Rev. Sr. Alphonsa for favours received and to be received.
K. T. J., Vilakkumadom

ഇങ്ങനെ നോക്കുമ്പോൾ ആവഡിയിൽവച്ചു കോൺഗ്രസ്സ് ചെയ്ത ലക്ഷ്യപ്രഖ്യാപനം വലിയ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്നവയാണ്. അതിനാൽ രാജ്യത്തെ ദുർബലപ്പെടുത്തുന്ന സംരംഭങ്ങളിൽനിന്നും കഴിയുന്നിടത്തോളം ഒഴിഞ്ഞുമാറുക എന്നുള്ളതായിരിക്കും ബുദ്ധിപൂർവ്വകമായ നയം.

### അടുത്തയാഴ്ചയിൽ

ഫെബ്രുവരി
10 വ്യാ: വി. സ്ക്കൊളാസ്റ്റിക്ക
11 വെ: വി. അഡോൾഫ്
12 ശ: വി. മെലേസിയൂസ്
13 ഞാ: വി. കത്രീനറിച്ചി
14 തി: വി. വലന്തീനൂസ്
15 ചൊ: വി. ഫൗസ്റ്റീൻ
16 ബു: വി. ജിൽബർട്ട്

(10-ാംപേജ് തുടർച്ച)

തെയോഫിൻ വേർനാഡ് ഒൻപതാമത്തെ വയസ്സിൽ അദ്ദേഹത്തിൻെറ സഹോദരീസഹോദരന്മാരോടുകൂടി വയലിൽ ആടുകളെ മേയിച്ചുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം ഒരു വൃക്ഷത്തണലിൽ ഇരുന്നുകൊണ്ടു് ടോങ്കിങ്ങിൽ വച്ചു് രക്തസാക്ഷിയായി മരിച്ച വി. ചാൾസ് കോർണോയുടെ ജീവചരിത്രം അവരെ വായിച്ചു കേൾപ്പിച്ചു. പുസ്തകവായന കഴിഞ്ഞ ക്ഷണത്തിൽ തെയോഫിൻ ചാടി എഴുന്നേററു് ഉച്ചസ്വരത്തിൽ ഇപ്രകാരം വിളിച്ചുപറഞ്ഞു. ഞാനും ടോങ്കിങ്ങിൽ പോകും. ഞാനും ഈശോയ്ക്കുവേണ്ടി ഒരു രക്തസാക്ഷിയായി മരിക്കും. ഒൻപതുവയസ്സു മാത്രം പ്രായമുള്ള പ്രസ്തുത ബാലൻ പിന്നീടു് ഒരു മിഷനറി വൈദികനാകുന്നതിനും ടോങ്കിങ്ങിൽവച്ചുതന്നെ ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിയായി മരിക്കുന്നതിനും പ്രചോദനം നൽകിയതു് ഈ പുസ്തകപാരായണമല്ലെന്നാരറിഞ്ഞു.

ജർമ്മൻ കവിപുംഗവനായിരുന്ന ഗോയ്ഥേ പറഞ്ഞിട്ടുണ്ടു്, നിങ്ങൾ വായിക്കുന്നതെന്താണെന്നു പറയുക; എന്നാൽ നിങ്ങളാരാണെന്നു പറയാം എന്നു്. ഇതിൽ കുറെയൊക്കെ വാസ്തവമുണ്ടെന്നു സമ്മതിച്ചേ തീരൂ. നമ്മുടെ കുഞ്ഞുങ്ങൾ മോശമായ ഗ്രന്ഥങ്ങളാണോ വായിക്കുന്നതു്? എന്നാൽ അവർ അസന്മാർഗ്ഗികളായി ഭവിക്കാതെ തരമില്ല. ഉത്തമഗ്രന്ഥങ്ങളാണോ? അവർ തീർച്ചയായും ഉത്തമരും സുശിക്ഷിതരുമായിത്തീരും.

## ഇടവകവാർത്തകൾ

**മുതലക്കോടം:** ഈ ഇടവകയിലെ സെൻറു് വിൻസെൻറു് ഡി പോൾ സംഘത്തിൻെറയും മരിയസഖ്യത്തിൻെറയും സംയുക്തവാർഷികസമ്മേളനം റവ. ഫാദർ ലിയോഗാരി സി. ഡി; ബി. എ; എൽ. ററി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ ശ്രീ തോമ്മസ് സെബാസ്റ്റ്യൻ ബി. എ; എൽ. ററി. അവർകൾ ഉജ്ജ്വലത്തായ ഒരു പ്രസംഗം ചെയ്തു.

**കാട്ടൂർ:** കാട്ടൂർ പള്ളിയിലെ വിവിധസംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ, സെൻറു് സെബാസ്റ്റ്യൻെറ തിരുനാൾ അത്യാഡംബരപൂർവ്വം കൊണ്ടാടിയിരിക്കുന്നു. പഴമയുടെ പിണ്ടിവിളക്കും ആധുനികവൈദ്യുത വിവിധവർണ്ണവിളക്കുകളും സമ്മേളിച്ച ദീപക്കാഴ്ച ഇക്കൊല്ലത്തെ ഒരു പ്രധാന സവിശേഷതയായിരുന്നു.

**മുണ്ടംവേലി:** സ്ഥലം വിൻസെൻറു ഡി പോൾ സംഘത്തിൻെറ ഒരു വിശേഷാൽ പൊതുയോഗം ജനുവരി 30-ാംനു- കാലത്തു "സെൻറു് ജെയിക്കബ് ഹാളിൽ"വച്ചു് വികാരി റവ. ഫാ. തോമസു് പുത്തൻവീട്ടിലിൻെറഅദ്ധ്യക്ഷതയിൽക്കൂടി. ഇടവകയിലെ പല പ്രമുഖവ്യക്തികളും ടി യോഗത്തിൽ സന്നിഹിതരായിരുന്നു. വിൻസെൻറു് ഡി പോൾ രൂപതാ കൗൺസിൽ പ്രസിഡണ്ടു് ശ്രീ ബി. എം. പീററർ സംഘപ്രവത്തനത്തെപ്പററി പ്രഭാഷണം നടത്തി. തുടന്നു് പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പു നടന്നു. സെക്രട്ടറിയുടെ കൃതജ്ഞതയോടുകൂടി യോഗം സമംഗളം പര്യവസാനിച്ചു.

സ്ഥലം "ദി അത്‌ലററിക് സ്പോട്ട്സ് ക്ലബ്ബി"ൻെറ 9-ാം വാർഷികം ഞായറാഴ്ച വൈകുന്നേരം 5 മണിക്കു ശ്രീ ബി. എം. പീററിൻെറ അദ്ധ്യക്ഷതയിൽ സെൻറു ലൂയീസു് ഹൈസ്കൂൾ അങ്കണത്തിൽ വച്ചു നടത്തപ്പെട്ടു. അദ്ധ്യക്ഷപ്രസംഗത്തിനുശേഷം വിവിധകായികമത്സരങ്ങളിൽ വിജയിച്ചവർക്കു സമ്മാനദാനം നടത്തി. തുടന്നു റവ. ഫാദർ പുത്തൻവീടൻ ഒരു പ്രസംഗം ചെയ്തു. അനന്തരം, ക്ലബ്ബംഗങ്ങൾ "പെണ്ണും മണ്ണും" എന്ന മലയാള സംഗീതനാടകം കലാഭംഗിയോടുകൂടി അഭിനയിച്ചു. ആൻറണി ജോർജ് വട്ടത്തറ കൃതജ്ഞത പറഞ്ഞു.

**അതിരമ്പുഴ:** സെൻറു് വിൻസെൻറു് ഡി പോൾ സൊസൈററി അതിരമ്പുഴ പർട്ടിക്കുലർ കൗൺസിലിൻെറയും സെൻറു് സെബാസ്റ്റ്യൻസ് കോൺഫറൻസിൻെറയും ഏകോപിച്ചുള്ള വാർഷികസമ്മേളനം ജാനു. 30-ാംനു- ഉച്ചകഴിഞ്ഞു് 4 മണിക്കു് റവ. ഡോ. സൈമൺ ബി. ഏ. എസ്.ഡി.ടി.(റോം)അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ സ്ഥലം ബോയിസ്ഹൈസ്കൂളിൽവച്ചു് നടത്തപ്പെട്ടിരിക്കുന്നു. കൗൺസിൽ പ്രസിഡൻറു് ശ്രീ പി. ജെ. മാത്യുബി. ഏ. എൽ. ററി. സ്വാഗതം ആശംസിച്ചു. സെക്രട്ടറി ശ്രീ പി. ജെ. ജോസഫ് ബി. എ. റിപ്പോർട്ടു വായിച്ചു. ഉപക്രമപ്രസംഗത്തിൽ യൂറോപ്പിലേയും ഇൻഡ്യയിലേയും സാമ്പത്തികവും സാമുദായികവും സാന്മാർഗ്ഗികവും ആയ സ്ഥിതിഗതികളെ വിശകലനം ചെയ്യുകയും ഉപവിപ്രവൃത്തികളാണു് ദൈവസ്നേഹത്തേയും പരസ്നേഹത്തേയും ലോകത്തിനു് ദൃശ്യമാക്കുന്നതെന്നു് സമത്ഥിക്കുകയും ചെയ്തു. ശ്രീ പി.സി.ജോസഫ്ബി.എ. അവർകളും ഒരു പ്രസംഗം ചെയ്തു. സെക്രട്ടറിശ്രീ സി. എം. സെബാസ്റ്റ്യൻകൃതജ്ഞതാപ്രകടനം നടത്തി. ഈ പർട്ടിക്കുലർ കൗൺസിലിൽ പെട്ട വിവിധസ്ഥലങ്ങളിൽ കോൺഫറൻസുകൾ അയ്യായിരത്തിൽപരം രൂപാ സാധുസംരക്ഷണത്തിനു് വിനിയോഗിക്കുകയും അയ്യായിരത്തിലധികം രോഗിസന്ദർശനങ്ങളും സാധുഗൃഹസന്ദർശനങ്ങളും രണ്ടായിരത്തോളം ആശുപത്രി സന്ദർശനങ്ങളും നടത്തുകയും ചെയ്തിട്ടുള്ളതായി റിപ്പോർട്ടിൽ വിവരിച്ചിരുന്നു.

**കുറാഞ്ചിറ:** സ്ഥലം "വിൻസെൻറു് ഡി പോൾ" സംഘത്തിൻേറയും മരിയാസഖ്യത്തിൻെറയും സംയുക്തവാർഷികസമ്മേളനം ജനുവരി 30-ാംനു- ഞായാറാഴ്ച ഉച്ചതിരിഞ്ഞു 4മണിക്കു സ്കൂൾഹാളിൽവച്ചുവെരിറവ. ഫാ. ക്ലമൻറു് ടി. ഒ. സി. ഡി. (പ്രൊവിൻഷ്യൽ) അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. ശ്രീ ജോർജ്ജ് നെല്ലായി ഒരു പ്രസംഗം ചെയ്തു. യോഗസാധാരണ ചടങ്ങുകൾക്കുപുറമേ ബാലികാബാലന്മാരുടെ വിവിധകലാപ്രകടനങ്ങളും ഉണ്ടായിരുന്നു

**ഉദയംപേരൂർ:** സ്ഥലം പഴയപള്ളിവക തൈക്കാട്ടു കപ്പേളയിൽ അത്ഭുതപ്രവത്തകയായ തൈക്കാട്ടമ്മ (ദേവമാതാവു്,യുടെ തിരുനാൾ ഫെബ്രു: 6-ാംനു- ആഘോഷിക്കപ്പെട്ടു. സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ തിരുനാൾ പ്രസംഗം നടത്തി. വാദ്യമേളങ്ങൾ ഇടയ്ക്കിടയ്ക്കു നിറുത്തി ഉച്ചഭാഷിണിയിലൂടെ കൊന്ത എത്തിച്ചുകൊണ്ടു നടത്തിയ പ്രദക്ഷിണം ഭക്തിസംവദ്ധകമായിരുന്നു.

**തിടനാട്:** സ്ഥലനിവാസികളുടേയും വിശിഷ്യാ പള്ളിവികാരി റവ. ഫാദർ ജോസഫ് പൊരുന്നോലിൽ അവർകളുടേയും ശ്രമഫലത്താൽ സ്ഥലം നഗരമദ്ധ്യത്തിൽ അതിമനോഹരമായി പണിതീർത്ത, മരിയൻജൂബിലിസ്മാരകകപ്പേളയുടെ വെഞ്ചരിപ്പും പ്രഥമദിവ്യപൂജാർപ്പണവും ഇക്കഴിഞ്ഞ ജനു: 29-ാംനു- ശനിയാഴ്ച രാവിലെ പാലാ രൂപതാദ്ധ്യക്ഷൻ തിരുമനസ്സുകൊണ്ടു് നിർവ്വഹിക്കുകയും ഉച്ചക്കുശേഷം പ്രസ്തുത കപ്പേളയിൽ വന്നുചേർന്ന വി. സെബസ്ത്യാനോസിൻെറ തിരുനാൾ പ്രദക്ഷിണത്തോടനുബന്ധിച്ചു് വെരി റവ. ഫാദർ സി. ററി. കൊട്ടാരം അവർകൾ പ്രസംഗിക്കുകയും ചെയ്തു.

**കണ്ണപ്പേട്ട:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻേറയും വിൻസെൻറു് ഡി പോൾ സംഘത്തിൻേറയും സംയുക്തവാർഷികം പള്ളിയങ്കണത്തിൽവെച്ചു് റവ. ഫാദർ റെജിനാൾഡ് ടി. ഒ. സി. ഡി. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. എ. സി. റപ്പായി, റവ. ഫാദർ പോൾ മാലിക്കാടത്തു് എന്നിവർ പ്രസംഗിച്ചു. "അപ്പൻെറ തിരിച്ചുവരവു്" എന്ന പ്രഹസനാഭിനയവും ശ്രീ എൻ. പി. കുറുപ്പിൻെറ കഥാകാലക്ഷേപവുമുണ്ടായിരുന്നു.

**തുരുത്തിപ്പുറം:** സ്ഥലം സെൻറു് ലൂയീസു് പള്ളിവക പുതുതായി പണിചെയ്യപ്പെട്ട ഉണ്ണിമിശിഹായുടെ കപ്പേള ഫെബ്രു: 1-ാംനു- ആശീർവ്വദിക്കപ്പെടുകയും അന്നുമുതൽ മൂന്നുദിവസം അതിൽ തിരുനാൾ ആഘോഷിക്കയും ചെയ്തു. 2-ാംനു- അതിൽ ദിവ്യബലി അർപ്പിക്കയുമുണ്ടായി.




**കണ്ടശ്ശാംകടവു്:** കണ്ടശ്ശാംകടവു പള്ളിയിലെ സെൻറു് വിൻസെൻറു് ഡി പോൾ സംഘടനയുടെ 6-ാം വാർഷികം റവ. ഫാദർ പീററർ ഊരാളിൽ പി എച്ചു്. എൽ., എൽ. ഡി., എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. ശ്രീ സി. എ. പോൾ എം. എ. എൽ. ടി. ബി. എൽ, പ്രൊഫസർ ഗ്രെയിസി എം. എ. എന്നിവരുടെ പ്രസംഗങ്ങളും ഉണ്ടായിരുന്നു.

## ചരമവാർത്തകൾ

**തമ്മനം:** സ്ഥലത്തെ പാലാത്തുരുത്തിൽ ശ്രീ വറീതു കുഞ്ഞുവറീതു് അവർകൾ ഫെബ്രുവരി 2-ാംനു- രാത്രി 8-30നു് വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം 79-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം റവ ഫാദർ ഗീവർഗീസു് പയ്യപ്പിള്ളിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും ബന്ധുമിത്രാദികളടങ്ങിയ ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും വൈററിലപ്പള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു. പരേതൻെറ വീട്ടിൽ വച്ചു് മലബാർമെയിൽ പത്രാധിപർ റവ. ഫാദർ തോമസു് വെളുത്തേടത്തു്, സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ്വിതയത്തിൽ എന്നിവർ ഒപ്പീസു് നടത്തുകയുണ്ടായി.

**ആവോലി:** സ്ഥലം കല്ലപാലത്തിങ്കൽ കുടുംബത്തിലെ നായകൻ ശ്രീ മത്തായി മത്തായി ക്യാൻസർരോഗംമൂലം ജനുവരി 24-ാംനു- 46-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറേറദിവസം ശവസംസ്കാരകർമ്മം റവ. ഫാദർ ജോസഫ് നമ്പ്യാപറമ്പിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും റൈററു് റവ. മോൺ. മാത്യു പോത്തനാമുഴി അവർകളുടെ സാന്നിദ്ധ്യത്തിലും ബന്ധുമിത്രാദികളടങ്ങിയ ഒരു വമ്പിച്ച ജനക്കൂട്ടത്തിൻെറ സഹകരണത്തിലും വാഴക്കുളംപള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു.

ദി മോർണിംഗ്സ്റ്റാർ ക്ലബ്ബിൻെറ സ്ഥാപകന്മാരിൽ ഒരാളും, അഭ്യുദയകാംക്ഷിയും, സജീവപ്രവത്തകനുമായിരുന്ന പരേതൻെറ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിനു ശ്രീ കെ. വി. വറുഗീസിൻെറ അദ്ധ്യക്ഷതയിൽ ഒരു യോഗംചേന്നു. ശ്രീ വി. വി. കുര്യാക്കോസ് അനുശോചനപ്രമേയമവതരിപ്പിച്ചുകൊണ്ടു് പ്രസംഗിച്ചു. പരേതൻെറ ആത്മശാന്തിക്കായി പ്രത്യേകം പ്രാത്ഥനാദികർമ്മങ്ങൾ നടത്തുന്നതിനും നിശ്ചയിച്ചു.

R. I. P.

## വിവാഹവാർത്ത

**വടുതല:** നെൽക്കുന്നശ്ശേരി ചാക്കോ മാത്യു അവർകളുടെ പുത്രി കുമാരി ആനിയും, കല്ലൂർപള്ളി ഇടവക പാറേപറമ്പിൽ ലോനൻ അവർകളുടെ പുത്രൻ ഫ്രാൻസിസും തമ്മിലുള്ള വിവാഹം ജാനു. 31-ാംനു- ചാത്യാത്തു് പള്ളിയിൽവെച്ചു് സമംഗളം നടന്നിരിക്കുന്നു.

## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്.

ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10.00,000—0—0 |
| വാഗ്ദത്തമൂലധനം. | ” | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | ” | 5,95,750—0—0 |

ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. ഏ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. ” കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. ” തോമസ് ററി. കുരിയാളശ്ശേരിൽ, ചമ്പക്കുളം
4. ” ഡോമിനിക്ക് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
5. ” മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടുപറമ്പിൽ, വിളക്കുമാടം
6. ” തോമസ് ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
7. ” മൈക്കൾ ജെ. കള്ളിവയലിൽ ബി. എസ്സ്‌സി., കാളകെട്ടി (സെക്രട്ടറി)
8. ” കുഞ്ചെറിയാ ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)

കുടുംബപംക്തി

# വൈവാഹികജീവിതം

(ഫാദർ ജോൺ മാത്തയ്യൻ)

VIII

## വിവാഹം, അതെന്തല്ല

വിവാഹത്തെ സംബന്ധിച്ചിടത്തോളം ആധുനികലോകത്തിൽ പലരുടേയും മനോഭാവം ആശങ്കാജനകമായ ഒന്നാണു്. ഒട്ടുപേർ അതിനെ കളിയിലാരംഭിച്ച് കാര്യത്തിൽ കലാശിക്കുന്ന ഒരു ചൂതുകളിപോലെ കണക്കാക്കുന്നു. മററുചില കൂട്ടർ കേവലം "പിള്ളകളി"പോലെമാത്രം അതിനെ വീക്ഷിക്കുന്നു. ഇന്നു ലോകത്തിൽ ധാരാളമായി നടക്കുന്ന ആലോചനകൂടാതെ പെട്ടെന്നുള്ള വിവാഹങ്ങൾ, ഇണങ്ങാത്ത ബന്ധുത, ഏതൽഫലമായി ചില സ്ഥലങ്ങളിൽ നടക്കുന്ന വിവാഹശൈഥില്യങ്ങൾ തുടങ്ങിയവ ഈ അഭിപ്രായത്തെ സ്ഥിരീകരിക്കുന്നുണ്ടു്. വിവാഹജീവിതത്തിൽ പ്രവേശിക്കാൻ പോകുന്ന ഒരു യുവാവിനോടു് അല്ലെങ്കിൽ യുവതിയോടു ചോദിച്ചുനോക്കൂ, അവർ വിവാഹത്തെപ്പററി എന്തു വിചാരിക്കുന്നുവെന്നു്. അവരിൽനിന്നു് ലഭിക്കുന്ന സമാധാനം ഈ അഭിപ്രായത്തെ ഒന്നുകൂടി ഉറപ്പിക്കാതിരിക്കയില്ല. അവർ വിവാഹത്തെ എങ്ങനെ വീക്ഷിക്കുന്നുവോ അങ്ങനെതന്നെയായിരിക്കും ദൈവത്തേയും കണക്കാക്കുന്നതു്. ബാലിശമായ അഭിപ്രായമാണു് വിവാഹത്തെപ്പററി അവർക്കുള്ളതെങ്കിൽ ബാലിശമായ ചിന്താഗതി തന്നെയായിരിക്കും ദൈവത്തെക്കുറിച്ചും അവർക്കുണ്ടായിരിക്കുക.

പുരുഷന്റേയോ സ്ത്രീയുടേയോ ജീവിതത്തിൽ സർവ്വപ്രാധാന്യമർഹിക്കുന്ന ഒരു സംഭവമാണു അവരുടെ വിവാഹം. വിവാഹം വിജയപ്രദമായിത്തീരുന്നുവെങ്കിൽ, ദൈവം അവർക്കായി നിശ്ചയിച്ചിട്ടുള്ള ജീവിതസരണിയുടെ പരിപൂർണ്ണതയിൽ അതവരെ എത്തിക്കുന്നു. വിവാഹം പരാജയമടയുന്നുവെങ്കിൽ അതു് അവരുടെ പിമ്പിൽ ചില അസ്തമിച്ച ആശകളേയും ഒരിക്കലും നിറവേറാത്ത സ്വപ്നങ്ങളേയും തകർന്ന ഒരു ജീവിതത്തേയും അവശേഷിപ്പിക്കുന്നു. ലോകത്തിൽ അനവധി വിവാഹങ്ങൾ ഇന്നു പരാജയമടയുന്നുണ്ടു്. അനവധി കാരണങ്ങൾ ഇതിനു ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. വിവാഹം പരാജയമടയുന്നതിന്റെ ഒരു ലക്ഷണമാണു് സാധാരണ ഭാര്യാഭർത്താക്കന്മാർ പരസ്പരം പഴിക്കുവാൻ തുടങ്ങുന്നതു്. ചിലപ്പോൾ കുററം രണ്ടുപേരും സമ്മതിക്കും. എന്നിട്ടുപറയും, "ഈവിധം നമുക്കിരുവർക്കും മുമ്പോട്ടുപോകുവാൻ സാദ്ധ്യമല്ല" എന്നു്. എന്തുകൊണ്ടാണീവിധം ചിലരുടെ വിവാഹജീവിതത്തിൽ സംഭവിക്കുന്നതു്? അവർ വിവാഹത്തെ തെററിദ്ധരിച്ചു. വിവാഹം, "ആയിരിക്കുവാൻ പാടില്ലാത്ത" ചിലതാണെന്നു് അവർ വിശ്വസിച്ചു. അതുകൊണ്ടു് വിവാഹത്തിനു് ഒരുങ്ങുന്നവരും, വിവാഹത്തിനുശേഷം സമാധാനം കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തവരും അറിഞ്ഞിരിക്കേണ്ടതാണു് എന്താണു് വിവാഹമെന്നും, എന്തല്ലാ വിവാഹമെന്നും. വിവാഹം എന്തല്ലാ എന്നു ശരിയായി മനസ്സിലാക്കാതെ അതെന്താണെന്നു് മനസ്സിലാക്കുവാൻ അല്പം വിഷമമുണ്ടു്. അതെന്താണെന്നു് മനസ്സിലാക്കാതെ വിവാഹത്തിന്റെ വിജയരഹസ്യവും കണ്ടെത്തുക സാദ്ധ്യമല്ല.

സംസർഗ്ഗത്തിനും സാമുദായികവും ഭൗതികവുമായ സുരക്ഷിതത്വത്തിനുംവേണ്ടി സ്ത്രീപുരുഷന്മാർ നടത്തുന്ന ഒരു വെറും സാമൂഹികഉടമ്പടിയല്ല വിവാഹം. യുവത്വത്തിന്റെ തള്ളലിൽ ശാരീരികമായ ആകർഷണത്തിന്റെ പ്രേരണയാൽ ചിന്താരഹിതരായി സ്ത്രീപുരുഷന്മാർ പറഞ്ഞൊക്കുന്ന ഒരുടമ്പടിയും വിവാഹമല്ല. ക്ഷണികവും ക്ഷിപ്രസാദ്ധ്യവുമായ ആനന്ദത്തിനുവേണ്ടിമാത്രം കൈവരിക്കുന്ന ഒരു ബന്ധവും വിവാഹമാകുന്നില്ല. കുടുംബജീവിതത്തിലെ പരീക്ഷണഘട്ടങ്ങളേയും ക്ലേശങ്ങളേയും അതിജീവിക്കുന്നതിനു് കഴിയാത്ത ഒരു സംസർഗ്ഗത്തിൽ നിന്നുൽഭൂതമാകുന്നതുമല്ല വിവാഹം. ഒററവാക്യത്തിൽ, സ്ത്രീപുരുഷന്മാരുടെ അനാവശ്യവും അർത്ഥശൂന്യവുമായ യോജിപ്പ് വിവാഹമാകുന്നില്ല.

വിവാഹം ഒരു സാമുദായിക സ്ഥാപനമെന്ന നിലയിൽ അതിന്റെ പ്രാധാന്യത്തെ ആർക്കും നിഷേധിക്കുവാൻ കഴിവില്ല. കുടുംബജീവിതം നിലനിർത്തിക്കൊണ്ടുപോകുന്നതിനു് ആവശ്യമെന്ന നിലയിൽ എല്ലാ സമുദായങ്ങളും വിവാഹത്തെ അംഗീകരിച്ചിട്ടുള്ളതുകൊണ്ടു് ഓരോ രാഷ്ട്രവും സമുദായവും വിവാഹത്തെ സംബന്ധിച്ച ചിലനിയമങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ യഥാർത്ഥവിവാഹത്തെ സംബന്ധിച്ചിടത്തോളം ആ നിയമങ്ങൾമാത്രം നമ്മൾ സ്വീകരിച്ചാൽ മതിയെന്നു് ആരെങ്കിലും ശഠിച്ചാൽ അയാൾ വിവാഹത്തിന്റെ സാമുദായികവശം മാത്രമേ കണക്കാക്കുന്നുള്ളൂ. ആദ്ധ്യാത്മികവശം പുറംതള്ളുന്നു എന്നുവേണം മനസ്സിലാക്കുവാൻ. വിവാഹത്തിന്റെ ആദ്ധ്യാത്മികമായ ഉദ്ദേശത്തേയും ആന്തരികമായ അർത്ഥത്തേയും അവഗണിച്ചുകൊണ്ടു് സാമുദായികപ്രാധാന്യത്തെ മാത്രം ആരെങ്കിലും കണക്കാക്കുന്നെങ്കിൽ അവർ വണ്ടിക്കു പിന്നിൽ കാളകളെ പൂട്ടുന്നുവെന്നു വിചാരിച്ചാൽ മതി.

വിവാഹം, ചിലർ ധരിച്ചുവച്ചിരിക്കുന്നതുപോലെ ശാരീരികബന്ധം പുലർത്തിക്കൊണ്ടുപോകുന്നതിനു് മനുഷ്യൻ കണ്ടുപിടിച്ച ഒരു സ്ഥാപനമല്ല. നേരെമറിച്ച് സന്താനോല്പാദനത്തിനും സന്താനങ്ങളുടെ വളർത്തലിനുംവേണ്ടി ദൈവം സ്ഥാപിച്ച ഒരു ബന്ധമാണതു്. പുരുഷനും സ്ത്രീയും പരസ്പരം ആകർഷിക്കത്തക്കവിധത്തിൽ ദൈവം അവരെ സൃഷ്ടിച്ചു. ഈ ആകർഷണശക്തി ദൈവം അവരിൽ നിക്ഷേപിച്ചതിന്റെ പ്രധാന ഉദ്ദേശം അവരെ പരസ്പരം ബന്ധിക്കുന്നതിനും ആ ബന്ധംവഴി അവർ സന്താനങ്ങളെ ഉല്പാദിപ്പിക്കുന്നതിനുംവേണ്ടിയാണു്. അല്ലാതെ വെറും ശാരീരികാനന്ദത്തിനുവേണ്ടിയല്ല. അപ്പോൾ ചിലർ ചോദിച്ചേക്കും ഇതേ ആകർഷണശക്തി ഇതര ജന്തുക്കളിലും ദൈവം നിക്ഷേപിച്ചിട്ടില്ലേ, അതുപയോഗിച്ച് അവയും സന്താനോല്പാദനം നിർവ്വഹിക്കുന്നില്ലേ, എന്നാൽ അവ നിലനില്ക്കുന്ന ഒരു ബന്ധത്തിൽ ഏർപ്പെടുന്നില്ലല്ലോയെന്നു്. ശരിയാണു്, മൃഗങ്ങളെ സംബന്ധിച്ചിടത്തോളം ഇവയെല്ലാം സ്വാഭാവികവാസനകൾ (natural instincts) മാത്രമാണു്. ശരിയായി ചിന്തിച്ചാൽ നമുക്കു കാണുവാൻ സാധിക്കും മനുഷ്യന്റേയും മൃഗങ്ങളുടേയും സന്താനോല്പാദനരീതിയിൽ വലിയ അന്തരമുണ്ടെന്നു്. ഒരു പുതിയ ജീവനെ ഭൂമിയിൽ ഉല്പാദിപ്പിക്കുന്ന സ്ത്രീയും പുരുഷനും, ദൈവം തന്റെ സ്വന്തം ഛായയിൽ സൃഷ്ടിച്ച മനുഷ്യാത്മാവിനു് വസിക്കുന്നതിനുള്ള ഒരു പുതിയ ഭവനം (ശരീരം) നിർമ്മിക്കുന്നു. ആ ഭവനം നശിച്ചാലും—ശരീരം മരിച്ചാലും—ആത്മാവു ജീവിക്കുന്നു. മൃഗങ്ങളുടെ സന്താനങ്ങളിലാകട്ടെ മരണത്തോടുകൂടി എല്ലാം അവസാനിക്കുന്നു. മനുഷ്യശിശു ദൈവത്തിന്റെ, "അവന്റെ മരണശേഷം ആത്മാവു ജീവിക്കും — അവന്റെ ശരീരം പൊടിയിൽനിന്നുമുയർത്തു് നിത്യമായി ആത്മാവോടു യോജിക്കും" എന്നുള്ള വാഗ്ദാനമനുസരിച്ച് നശിക്കുന്നില്ല.

വെറും ശാരീരികമായ ആനന്ദാനുഭൂതിക്കുവേണ്ടിമാത്രം ചിലർ വിവാഹജീവിതത്തിൽ പ്രവേശിക്കുന്നുണ്ടു്. നിർഭാഗ്യകരമായ ഈ രഹസ്യം എവിടേയും ഇന്നു പരസ്യമാണു്. ഇക്കൂട്ടരിലാണു് ജനനനിയന്ത്രണത്തിന്റെ പ്രണേതാക്കൾ തങ്ങളുടെ ഗുണകാംക്ഷികളെ കണ്ടെത്തുന്നതു്. ഈ നശീകരപ്രസ്ഥാനത്തെ സഭ ഒററതിരിഞ്ഞു് ധീരധീരം പോരാടിക്കൊണ്ടിരിക്കുന്നുവെന്ന വസ്തുത ആർക്കും മാച്ചുവാനോ മറയ്ക്കുവാനോ സാദ്ധ്യമല്ല. അതിന്റെ ഫലമായി അവൾ യാഥാസ്ഥിതികയാണു്, പിന്തിരിപ്പയാണു്, ശാസ്ത്രത്തിന്റെ വിലങ്ങുതടിയാണു് എന്നീവിധ ആരോപണങ്ങൾക്കു സഭ വിധേയയായിക്കൊണ്ടിരിക്കുന്നു. ചില കത്തോലിക്കർ തന്നെയും ഈദൃശ ആരോപണങ്ങൾ സഭയുടെമേൽ കെട്ടിവയ്ക്കുന്നുണ്ടു്. യഥാർത്ഥത്തിൽ ജനനനിയന്ത്രണത്തിനെതിരായിട്ടുള്ള നിയമങ്ങൾ സഭ ഉണ്ടാക്കിയിട്ടുള്ളതല്ല. അവ ദൈവംതന്നെ നൽകിയിട്ടുള്ള നിയമങ്ങളാണു്. തന്മൂലം കത്തോലിക്കരെ മാത്രമല്ല, മനുഷ്യരായ സകലരേയും അതു ബാധിക്കുന്നു. സ്ത്രീപുരുഷന്മാർക്കു് സന്താനോല്പാദനത്തിനുള്ള ശക്തി ദൈവം പ്രദാനം ചെയ്തിരിക്കുന്നതു് അവർ അതു ന്യായമായി ഉപയോഗിക്കുന്നതിനാണു്. അവരതു ശരിയായി ഉപയോഗിക്കേണ്ടായിരുന്നുവെങ്കിൽ ദൈവം അവർക്കതു നൽകുകയില്ലായിരുന്നു. ആകയാൽ ജനനനിയന്ത്രണത്തിന്റെ പ്രണേതാക്കളും പ്രയോക്താക്കളും സ്വാഭാവികവും അതിസ്വാഭാവികവുമായ നിയമങ്ങളെ

---


വി. തദേവൂസിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത. തുടർന്നുള്ള സഹായത്തിനു് അപേക്ഷിക്കുന്നു.

കെ. ജെ. ടി.

---

# വി. കെ. ബാവാ മെമ്മോറിയൽ ആസ്പത്രി

### എറണാകുളം മെത്രാപ്പോലീത്താ തിരുമേനി ഉൽഘാടനം ചെയ്തു




എറണാകുളംമെത്രാപ്പോലീത്താ മോസ്റ്റ് റവ. കണ്ടത്തിൽ മാർ അഗസ്റ്റീനോസ് തിരുമേനി എറണാകുളത്തു വി. കെ. ബാവാ മെമ്മോറിയൽ ആസ്പത്രി ജനുവരി 30-ാംനു ഉൽഘാടനം ചെയ്ത അവസരത്തിൽ എടുത്ത ഫോട്ടോ.

ഉൽഘാടനം പ്രമാണിച്ച് ഉൽഘാടകൻ തിരുമേനിയെ കൂടാതെ വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി, എറണാകുളം സഹായമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ, സുറിയാനി കത്തോലിക്കാ പ്രിയോർ ജനറാൾ വെരി റവ. ഫാദർ മാവുരൂസ് ടി. ഒ. സി. ഡി., വരാപ്പുഴ അതിരൂപതാ വികാരി ജനറാൾ റൈററ് റവ. മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ, റൈററ് റവ. മോൺ. ജോർജ്ജ് വല്യാറമ്പത്തു് വെ. റവ. മോൺ. വർഗ്ഗീസ് പുതുശ്ശേരി, വെ. റവ. മോൺ. ജോസഫ് വെട്ടിപ്പിള്ളി, വെരി റവ. മോൺ. ചമ്മിണി തുടങ്ങിയ വൈദികപ്രമുഖരും ജസ്റ്റിസ് മി. ശങ്കരൻ, ജസ്റ്റിസ് മി. എം. എസ്. മേനോൻ, വോൾക്കാർട്ട് ബ്രദേഴ്സ് മാനേജർ മി. ബ്യൂളർ, ബോംബെ കമ്പനി മാനേജർ മി. ബോർഗ്, വൈദികർ, കന്യാസ്ത്രീകൾ, അഭിഭാഷകർ, ഡോക്ടർമാർ പൊതുകാര്യപ്രവർത്തകർ തുടങ്ങി നാനാജാതിമതസ്ഥരടങ്ങിയ വളരെയധികം ആളുകൾ സംബന്ധിച്ചിരുന്നു.

നിശ്ശബ്ദപ്രാർത്ഥനയ്ക്കും ഹാരാർപ്പണത്തിനുംശേഷം മി. വി. കെ. കുട്ടിസാഹിബ് സദസ്സിനു സ്വാഗതമാശംസിച്ചു.

തുടർന്നു് എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടു് ഒരു ചെറുപ്രസംഗത്തോടെ ആശുപത്രിയുടെ ഉൽഘാടനകർമ്മം നിർവ്വഹിച്ചു. തിരുമനസ്സിലെ പ്രസംഗം ഇങ്ങനെ സംഗ്രഹിക്കാം:

"ബാവ എന്നാൽ പിതാവു് എന്നാണർത്ഥം. അതുകൊണ്ടു് ബാവാ മെമ്മോറിയൽ ആശുപത്രി എന്നു് ഈ സ്ഥാപനത്തിനു് നാമകരണം ചെയ്തിരിക്കുന്നതു് ഏററവും ഉചിതമായിട്ടുണ്ടു്. എല്ലാവർക്കും ഒരു പിതാവെന്നപോലെ ഈ സ്ഥാപനം സേവനം അനുഷ്ഠിക്കട്ടെ. ഒരു നല്ല മനുഷ്യനായിരുന്നു ശ്രീ വി. കെ. ബാവാ. എല്ലാ ജാതിക്കാർക്കും മതക്കാർക്കും സേവനം ചെയ്യാവുന്ന ഒരു സ്ഥാപനം ആശുപത്രിപോലെ മററൊന്നില്ല. സേവനതല്പരനായ ബാവായുടെ പുത്രൻ മഹമ്മദാണല്ലോ ഇതിന്റെ മേൽനോട്ടം വഹിക്കുന്നതു്. മുഹമ്മദ് എന്ന വാക്കിന്റെ അർത്ഥം സ്തുതിക്കപ്പെട്ടവൻ എന്നാണല്ലോ. അതുകൊണ്ടു് ഈ സ്ഥാപനത്തിൽനിന്നു അദ്ദേഹം സ്തുതിക്കപ്പെടത്തക്കവണ്ണം നന്മകൾ ദൈവം പ്രദാനംചെയ്യട്ടെയെന്നു ഞാൻ ആശംസിക്കുന്നു."

തുടർന്നു വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർജോസഫ് അട്ടിപ്പേററി തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഒരുപൊതുയോഗം നടന്നു.

കൊച്ചി മഹാരാജാവു് ശ്രീ രാമവർമ്മ പരീക്ഷിത്തു് തമ്പുരാൻ ഡോക്ടർ ടി. ജെ. ജോബ്, കൽദായ മെത്രാപ്പോലീത്താ തിരുമേനി, ആലപ്പുഴ മെത്രാൻ ഡോക്ടർ മൈക്കൾ ആറാട്ടുകുളം തിരുമേനി, ശ്രീ കെ. പി. മാധവൻനായർ, ഹാർബർ അഡ്മിനിസ്ട്രേററീവ് ആഫീസർ മി. വെങ്കിട്ടരാമൻ തുടങ്ങിയവരിൽനിന്നും ലഭിച്ചിരുന്ന ആശംസാസന്ദേശങ്ങൾ റവ. ഫാദർ സേവ്യർ കണിയാമ്പുറത്തു് എം. എ. വായിച്ചു.

ആതുരർക്കും അവശർക്കും സേവനം ചെയ്യുന്നതിനായി ആരംഭിച്ചിട്ടുള്ള ഈ ആശുപത്രി ഉത്തരോത്തരം അഭിവൃദ്ധിപ്രാപിക്കട്ടെ എന്നാശംസിച്ചുകൊണ്ടാണു് വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് അദ്ധ്യക്ഷപ്രസംഗം ആരംഭിച്ചതു്. രോഗങ്ങൾമൂലം വർഷംതോറും ഇന്ത്യയിൽ വളരെപ്പേർ മരണമടയുന്നുണ്ടു്. അതിന്റെ പരിഹാരത്തിനായുള്ള ഗവമ്മെണ്ടിന്റെ പ്രവർത്തനങ്ങളെ ഇമ്മാതിരി സ്ഥാപനങ്ങൾ നടത്തി സഹായിക്കേണ്ടതാണെന്നു് തിരുമേനി അനുസ്മരിപ്പിച്ചു.

അനന്തരം ജസ്റ്റിസ് മി. എം. എസ്. മേനോൻ ഡോക്ടർ മുഹമ്മദിന്റെ ചികിത്സാപാടവത്തെ അനുസ്മരിച്ചും ആതുരശുശ്രൂഷാകേന്ദ്രങ്ങളുടെ ആവശ്യകതയെ പരാമർശിച്ചും പ്രസംഗിച്ചു. തുടർന്നു് ഡോക്ടർ മുഹമ്മദ് കൃതജ്ഞത പ്രകാശിപ്പിച്ചു.

നിശിതമായി ലംഘിക്കുന്നു.

ശാരീരികമായ പ്രവണതകൾക്കു പുറമെ വിവാഹബന്ധത്തെ ദൈവം കൂടുതൽ ആകർഷകമാക്കിയിട്ടുണ്ട്. സന്തോഷപ്രദമായ വിവാഹജീവിതത്തിൽ ഭാര്യയും ഭർത്താവും തങ്ങൾക്കു മാത്രമല്ല മററുള്ളവർക്കും സംതൃപ്തി കൈവരുത്തുന്നു. വിവാഹജീവിതം വിജയപ്രദമാണെങ്കിൽ അവർ തങ്ങളുടെ സ്നേഹം കൈമാറുകയാണ്, അവരുടെ ഹൃദയങ്ങൾ സ്നേഹത്തിൽ ലയിച്ച് ഒന്നായിത്തീരുകയാണ്, അവരുടെ മനസ്സുകൾ ഇണങ്ങിച്ചേരുകയാണ്. വ്യക്തിത്വം വിടാതെ രണ്ടു വ്യക്തികൾ ഒന്നായിത്തീരുന്നു. അതും അവരുടെ നന്മയ്ക്കുവേണ്ടി. ഇതഭികാമ്യമല്ലേ? സുഖാനന്ദങ്ങളിൽ അവർ ഇരുവരും ഒരുപോലെ പങ്കെടുക്കുന്നു. ഒരാളുടെ ദുഃഖത്തിൽ മറെറയാളും തുല്യ പങ്കു വഹിക്കുന്നു. പരിശുദ്ധമായ ഈ യോജിപ്പിൽ ഇരുവരും ഭാഗഭാഗിത്വം വഹിക്കുന്നു. ചുഴിഞ്ഞു ചിന്തിച്ചാൽ ദൈവവുമായുള്ള സംയോജനത്തിലാണ് അവർ പങ്കെടുക്കുന്നതെന്നു കാണാൻകഴിയും. ഈ യാഥാർത്ഥ്യം വിവാഹബന്ധത്തെ ആകർഷകതരമാക്കുകയല്ലെ ചെയ്യുന്നതു്. വിവാഹബന്ധം ഒന്നുകൂടെ സ്വീകാര്യവും ഫലദായകവുമാകുന്നതിനു് ദൈവം അതിനോടു് അനവധി അനുഗ്രഹങ്ങളും ആനന്ദങ്ങളും ബന്ധിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം പ്രതിഫലമായി ദൈവം സ്ത്രീപുരുഷന്മാരിൽനിന്നു് പ്രതീക്ഷിക്കുന്നതു്, അവിടുത്തെ ഉദ്ദേശം അവർ നിറവേററണമെന്നുള്ളതുമാണ്. അവിടുത്തെ ഉദ്ദേശമോ, സന്താനോല്പാദനവും, സന്താനങ്ങളുടെ ശരിയായ വളർത്തലുമത്രെ.

വിവാഹത്തെ സംബന്ധിച്ച് സഭയുടെ ആദർശങ്ങൾ ചിലർ വിചാരിക്കുന്നതുപോലെ സഭ കണ്ടുപിടിച്ചിട്ടുള്ള ഏതാനും നിയമങ്ങൾ മാത്രമല്ല. വിവാഹം ഒരു ദൈവികസ്ഥാപനമാണ്. മനുഷ്യൻ ശരിയായി മനസ്സിലാക്കുന്നതിനുവേണ്ടി ദൈവം നൽകിയിട്ടുള്ള നിർദ്ദേശങ്ങളേയും പ്രമാണങ്ങളേയും സഭ വേണ്ടവിധത്തിൽ വ്യാഖ്യാനിക്കുന്നുവെന്നേയുള്ളു. അവ അനുസരിച്ച് മനുഷ്യൻ വിവാഹത്തെ വീക്ഷിക്കുകയും വിവാഹജീവിതം നയിക്കുകയും ചെയ്താൽ ദൈവതിരുമനസ്സനുസരിച്ച് അവൻ ജീവിക്കുന്നുവെന്നു് സമാധാനപ്പെടാം.

"വ്യഭിചാരികൾ പരസ്പരം സ്നേഹിക്കുന്നതുപോലെയല്ല, പ്രത്യുത ക്രിസ്തു സഭയെ സ്നേഹിക്കുന്നതുപോലെ ഭാര്യാഭർത്താക്കന്മാർ പരിശുദ്ധവും നിർമ്മലവുമായ സ്നേഹത്തിൽ സംയോജിക്കണമെന്നു് വിവാഹം അവരിൽനിന്നും ആവശ്യപ്പെടുന്നു. സ്നേഹം വാക്കുകളാൽ മാത്രമല്ല പ്രവൃത്തിയാലും സ്ഥിരീകരിക്കപ്പെടുന്നതുകൊണ്ടു് വിവാഹജീവിതത്തിലെ സ്നേഹം കടന്നുപോകുന്ന ജഡികാസക്തിയെയല്ല ആശ്രയിക്കേണ്ടതു്, പിന്നെയോ പ്രവൃത്തികളിൽ വ്യക്തമാക്കപ്പെടുന്ന ഹൃദയങ്ങളുടെ അടുപ്പത്തെ ആയിരിക്കണം. ഇതിനു കുടുംബത്തിൽ പരസ്പരസഹായം മാത്രമുണ്ടായാൽ പോരാ, ഒരു പടികൂടെ കടന്നിട്ട് ഭാര്യാഭർത്താക്കന്മാർ തങ്ങളെ പരിപൂർണ്ണരാക്കുന്ന ആന്തരികജീവിതത്തിനുവേണ്ടി നിലകൊള്ളണം. അങ്ങനെ അവരുടെ ബന്ധം അവരെ പുണ്യപൂർണ്ണതയിൽ പുരോഗമിപ്പിക്കണം. ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും അടിയുറച്ചവരുന്നതിനു് അതവരെ സഹായിക്കണം......"

(പതിനൊന്നാം പീയൂസ്)

—o—

# നിങ്ങൾ വായിക്കുന്നുണ്ടോ?

(ജോസഫ് മസ്സാർഡ്)

ആധുനികലോകം ഒരു രാജ്യത്തിൻെറ സംസ്കാരവും പരിഷ്കാരവും നിർണ്ണയിക്കുന്നതു് ആ രാജ്യത്തുള്ള ജനങ്ങൾ വായിക്കുന്ന കടലാസിൻെറ തൂക്കമടിസ്ഥാനമാക്കിയാണെന്നു് ആരോ പറഞ്ഞിട്ടുള്ളതു് കുറെയെല്ലാം പരമാർത്ഥമാണെന്നു തോന്നുന്നു. ഒരിടത്തെ ജനപദം വിദ്യാസമ്പന്നരും സംസ്കൃതാശയരുമായി ഭവിക്കുമ്പോൾ അവർക്ക് നൈസർഗ്ഗികമായി കൂടുതൽ കൂടുതൽ ഗ്രഹിക്കുന്നതിനുള്ള അഭിവാഞ്ഛ ഉണ്ടാകുന്നുവെന്നുള്ളതു നമുക്കറിവുള്ളതാണല്ലൊ.

ഇന്നു നമ്മുടെ നാട്ടിൽ പത്രമാസികകളുടേയും ഗ്രന്ഥശാലകളുടേയും സംഖ്യ വർദ്ധിച്ചുവരുന്നതായി നാം കാണുന്നു. ഇതൊന്നു സൂചിപ്പിക്കുന്നുണ്ട്, ഇന്നത്തെ യുവജനങ്ങൾ കൂടുതൽ വായനാഭിരുചിയുള്ളവരാണെന്നു്. നമ്മുടെ കുട്ടികൾ ഏതുതരം സാഹിത്യം ആസ്വദിക്കുന്നുവെന്നോ അവക്കെന്തും വായിക്കാമോ എന്നോ നാം എപ്പോഴെങ്കിലും ചിന്തിക്കാറുണ്ടോ? നാം നല്ലതുപോലെ പരിഗണിക്കേണ്ട ഒരു പ്രശ്നമാണിതു്. ക്രിസ്റ്റോഫർ പ്രസ്ഥാനത്തിൻെറ ജനയിതാവായ ഫാദർ ജയിംസ് കെല്ലർ പ്രസ്താവിക്കുന്നതുപോലെ ഇന്നു ലോകത്തെ ഭരിക്കുന്നതു് ആശയങ്ങളാണു്. നല്ലവണ്ണം ഇതു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് അന്ധകാരത്തിൻെറ മക്കൾ എവിടെയും സാഹിത്യകാരന്മാരേയും അച്ചടിശാലകളേയും തങ്ങളുടെ ചേരിയിലേക്കു കൊണ്ടുവരുന്നതിനു് ഉററു പരിശ്രമിക്കുന്നതു്.

ഉത്തമഗ്രന്ഥങ്ങൾ വായിക്കുന്നതിൻെറ പ്രാധാന്യം അറിഞ്ഞിരുന്ന പലരും അതിനുവേണ്ടി അത്യദ്ധ്വാനംപോലും ചെയ്തിട്ടുണ്ട്. "ഒരു വായനശാലയിൽ പ്രവേശിക്കുമ്പോൾ എനിക്കെപ്പോഴുമുണ്ടാകുന്ന സങ്കടം ജീവിതം തുലോം ചുരുങ്ങിയതാണെന്നുള്ളതുകൊണ്ടു് എൻെറ മുമ്പിലിരിക്കുന്ന വിശേഷഭക്ഷണത്തെ (പുസ്തകങ്ങളെ) വേണ്ടുവോളമാസ്വദിക്കുന്നതിനു് സൗകര്യപ്പെടുകയില്ലല്ലോ എന്നതായിരുന്നു"വെന്നു് ജയിംസ് ബ്രൗൺ പറയാറുണ്ടായിരുന്നു. അമേരിക്കയിലെ പ്രസിഡൻറായിരുന്ന എബ്രാഹം ലിങ്കൻ തൻെറ ചെറുപ്രായത്തിൽ പറഞ്ഞിരുന്നു, ഞാൻ വായിക്കാത്ത ഒരു പുസ്തകം എനിക്കു വായിക്കുവാൻ തരുന്നവനാണ് എൻെറ സ്നേഹിതനെന്നു്. അദ്ദേഹം പലപ്പോഴും പുസ്തകങ്ങൾ സ്വന്തമായി വാങ്ങുവാൻ നിവൃത്തിയില്ലാതിരുന്നതുകൊണ്ടു് കടമെടുത്താണു് വായിച്ചിരുന്നതു്. അക്കാലത്തു ലിങ്കൺ നിത്യവൃത്തിക്കുവേണ്ടി മററുള്ളവർക്കു കൂലിപ്പണിചെയ്തുകൊണ്ടിരുന്നപ്പോൾ തനിക്കു ന്യായമായി കിട്ടിയ വിശ്രമാവസരങ്ങൾപോലും ഗ്രന്ഥപാരായണത്തിനും പ്രസംഗപരിശീലനത്തിനുമായി വിനിയോഗിച്ചിരുന്നു. ഇപ്രകാരമുള്ള പരിശ്രമങ്ങളുടെ ഫലമാണു് അദ്ദേഹത്തിനു അമേരിക്കൻ പ്രസിഡൻറുസ്ഥാനംവരെ എത്തിച്ചേരുന്നതിനു കഴിഞ്ഞതു്.

നല്ല പുസ്തകങ്ങൾമാത്രം വായിക്കുക. രചിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ലാത്ത ഒരുവൻെറ ലേഖനമോ, ഗ്രന്ഥമോ വായിച്ചു് ഒരിക്കലും സമയം നഷ്ടപ്പെടുത്തരുതു്. കാരണം നമ്മുടെ ജീവിതം ഹ്രസ്വമാണെന്നുള്ളതുതന്നെ. വായിച്ച നല്ല രണ്ടു മൂന്നു പുസ്തകങ്ങൾ വീണ്ടും വീണ്ടും ആവർത്തിച്ചു വായിക്കുക. തന്മൂലം അതിലെ ആശയങ്ങളും ഭാഷാരീതിയും ശൈലികളും നമ്മുടേതായിത്തീരുന്നു. നാം കേട്ടിട്ടുണ്ട് ലോകപ്രസിദ്ധ വാഗ്മിയായിരുന്ന ഡെമോസ്തനീസ് തൻെറ ഗദ്യശൈലി നന്നാക്കുന്നതിനു ചെയ്ത ഭഗീരഥയത്നം. അദ്ദേഹം തൂച്ചിഡിഡിസിൻെറ (Thucydides) ചരിത്രഗ്രന്ഥം, അതിലെ ഉജ്ജ്വലത്തായ ഭാഷാരീതി തനിക്കു വശമാക്കുന്നതിനുവേണ്ടി സ്വന്ത കൈയക്ഷരത്തിൽ എട്ടുപ്രാവശ്യം പകർത്തിയെഴുതിപോലും. ഫലമോ? രണ്ടായിരം വർഷങ്ങൾക്കു ശേഷം അമേരിക്കൻ പ്രസിഡൻറായിത്തീർന്ന വിത്സൺ, അദ്ദേഹത്തിൻെറ ഗദ്യശൈലി നന്നാക്കുന്നതിനു് ഡെമോസ്തനീസിൻെറ ഗ്രന്ഥങ്ങൾ സശ്രദ്ധം പഠിച്ചതായി ചരിത്രം ഘോഷിക്കുന്നു.

തോമസ് ജാഫേർസൺ പറയുന്നു: "വർത്തമാനപ്പത്രങ്ങൾക്കുപകരം ടാസ്സിററസ്സിൻെറയും തൂച്ചിഡിഡിസിൻെറയും ന്യൂട്ടൻെറയും എവുക്ലിഡ്സിൻെറയും ഗ്രന്ഥങ്ങൾ വായിക്കുന്നതിനു ഞാൻ നിശ്ചയിച്ചു. അതുനിമിത്തം കൂടുതൽ ആനന്ദം എനിക്കനുഭവപ്പെട്ടു." നമുക്കും വെറും വർത്തമാനപ്പത്രങ്ങളുടെ വായന അല്പം കുറച്ച് അഗാധമായ തത്വചിന്തയും വിജ്ഞാനവും പ്രദാനംചെയ്യുന്ന ഉത്തമഗ്രന്ഥങ്ങൾ കൂടുതൽ വായിക്കുന്നതിനു് ഒന്നു പരീക്ഷിച്ചു നോക്കരുതോ? ഇത്തരുണത്തിൽ പ്രസിദ്ധ ഗ്രന്ഥകർത്താവായ ഫാദർ ഡാനിയൽ എ. ലോർഡ് എസ്. ജെ. യുടെ വാക്കുകൾ പ്രത്യേകം സ്മർത്തവ്യങ്ങളാണു്. അദ്ദേഹം ഏതാണ്ടിപ്രകാരം പറയുന്നു: "അധമഗ്രന്ഥങ്ങളുടെ വായന ഉത്തമഗ്രന്ഥങ്ങൾ വായിക്കുന്നതിനുള്ള കഴിവിനെ ഒരുവനിൽ ഇല്ലാതാക്കുന്നു." നോവലുകളും ചെറുകഥകളും വെറും വർത്തമാനപ്പത്രങ്ങളും മാത്രം വായിച്ച് പരിശീലിച്ചവർക്ക് സാഹിത്യ ഗ്രന്ഥങ്ങൾ തീർത്തും അരസികങ്ങളായിത്തോന്നുന്നതിൻെറ കാരണം മറെറങ്ങും തേടേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

വായനയ്ക്കു് സമയമില്ലെന്നു് നമുക്കെങ്ങനെ പറയാൻ കഴിയും? നെപ്പോളിയൻ പറയുന്നു: "സാഹചര്യങ്ങൾ, അതു ഞാൻ ഉണ്ടാക്കുന്നു." ചരിത്രത്തിൻെറ വശങ്ങൾ പിർപോട്ടു മറിച്ചുനോക്കുന്ന പക്ഷം നമുക്കു കാണുവാൻ കഴിയും, ഏററവും വലിയ ജോലിത്തിരക്കിൽപ്പെട്ട് നട്ടംതിരിഞ്ഞിരുന്നവർക്കുപോലും വായനയ്ക്കും പഠനത്തിനും സമയവും സന്ദർഭവും ഉണ്ടായിരുന്നുവെന്നു്. റോമൻ സൈന്യാധിപനായിരുന്ന സീസർ അദ്ദേഹത്തിൻെറ സൈന്യങ്ങളോടുകൂടി ആൽപ്സ്പർവ്വതം കടന്നുകൊണ്ടിരിക്കുമ്പോൾ ഒരു ലത്തീൻ വ്യാകരണഗ്രന്ഥം നിർമ്മിച്ചതായും യുദ്ധക്കളത്തിൽവച്ച് അദ്ദേഹത്തിൻെറ പ്രസിദ്ധ വ്യാഖ്യാനഗ്രന്ഥങ്ങൾ രചിച്ചതായും അറിയുമ്പോൾ നമ്മിൽ പലരും അത്ഭുതപ്പെട്ടേക്കാം. കർദ്ദിനാൾ വൈസ്മാൻ വിദേശഭാഷകൾ പഠിച്ചിരുന്നതു് മുഖം വടിച്ചുകൊണ്ടിരുന്നപ്പോളാണുപോലും. ഒരു കാലത്തു് ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിരുന്ന ഡിസ്രായേലി, അദ്ദേഹം ഒരു രാഷ്ട്രീയപ്രവർത്തകനെന്ന പേരിനെക്കാൾ ഒരു ഗ്രന്ഥകർത്താവെന്നുള്ള പേരു് അതിയായി ഇഷ്ടപ്പെട്ടിരുന്നതുകൊണ്ടു്, ചിലർ പറയുന്നതുപോലെ ഒരു കൈകൊണ്ടു് ഇംഗ്ലണ്ടിനെ ഭരിക്കുകയും മറുകൈകൊണ്ടു് ഗ്രന്ഥങ്ങൾ വിരചിക്കുകയും ചെയ്തതായി പ്രസ്താവിക്കപ്പെടുന്നു.

ഗ്രന്ഥപാരായണത്തിനു എങ്ങിനെ സമയം കണ്ടെത്താം എന്ന പേരിൽ ഒരു ലേഖനം ഒരമേരിക്കൻ മാസികയിൽ കാണുകയുണ്ടായി. താഴെ കാണുന്ന നിർദ്ദേശങ്ങളാണു് അവർ കൊടുക്കുന്നതു്. 1) കുറച്ചുമാത്രം സംസാരിക്കുക. 2) നിങ്ങളുടെ യാത്രയ്ക്കെടുക്കുന്ന സാധനങ്ങളുടെ കൂട്ടത്തിൽ ഒരു പുസ്തകവുംകൂടി കരുതുക. 3) തലയണയുടെ അടിയിൽ ഒരു പുസ്തകം വയ്ക്കുക. ഉറക്കംവരാതിരിക്കുന്നപക്ഷം എണീററു് വായിക്കുക. 4 ദിനംപ്രതി 15 മിനിട്ടു് നേരത്തെ ഉണർന്നു എന്തെങ്കിലും വായിക്കുക. 5) പെട്ടെന്നെടുത്തുവായിക്കത്തക്കവണ്ണം ഒരു പുസ്തകം നിങ്ങളുടെ പാചകമുറിയിലും, ഓഫീസ് മുറിയിലും ടെലഫോണിൻെറ സമീപത്തും മററു പ്രവർത്തനസ്ഥലങ്ങളിലും സൂക്ഷിക്കുക. 6) വക്കീലിനെയോ ഡോക്ടറെയോ ദന്തവൈദ്യനേയോ കാണുവാൻപോകുമ്പോൾ അവരുടെ മേശപ്പുറത്തുള്ള പഴയമാസികകൾ വായിച്ച് സമയം ദുർവ്യയം ചെയ്യാതിരിക്കേണ്ടതിനു ഒരു പുസ്തകംകൂടി എടുക്കുക. 8) നിങ്ങളുടെ കാറിനു്, ഇടയ്ക്കുവച്ച് യാദൃച്ഛികമായി സംഭവിക്കാവുന്ന തകരാറോ. യാത്രാതടസ്സങ്ങളോ ഉണ്ടാകുന്നപക്ഷം വായിക്കുന്നതിനായി ഒരു പുസ്തകം ഉണ്ടായിരിക്കട്ടെ. 9) ഒരിക്കലും ഒരു പുസ്തകംകൂടാതെ യാത്രയ്ക്കിറങ്ങരുതു്. നിങ്ങളുടെ അടുത്തിരിക്കുന്നവരെ നിങ്ങൾ ക്കിഷ്ടപ്പെടാത്തപക്ഷം നിങ്ങൾക്കു വായിക്കാം. (10) പുസ്തകപ്പെട്ടിയിലിരിക്കുന്ന പല പുസ്തകങ്ങളെക്കാൾ സ്വന്തകൈവശമുള്ള ഒററപ്പുസ്തകം കൂടുതൽ വിലയുള്ളതാണു്. മേൽകണ്ടവ നമുക്കും ഭേദ്യഭേദങ്ങളോടുകൂടി എളുപ്പത്തിൽ അനുകരിക്കുവാൻ കഴിയുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

നമ്മുടെ കുട്ടികളെ സുശിക്ഷിതരും രാഷ്ട്രത്തിനും സഭയ്ക്കും ഉപകരിക്കുന്നവരുമാക്കിത്തീർക്കാൻ നമുക്കാഗ്രഹമില്ലേ? ശിക്ഷണമെല്ലാം പള്ളിക്കൂടത്തിൽനിന്നും ഒരു പക്ഷേ ലഭിച്ചെന്നുവന്നേക്കാം. എന്നാൽ, പ്രസിദ്ധ സാഹിത്യകാരനായ തോമ്മസ് കാർലൈൽ പ്രസ്താവിക്കുന്നതുപോലെ വിവിധതരക്കാരായ അദ്ധ്യാപകന്മാർ തങ്ങളുടെ കഴിവുകളുടെ പരമാവധിവരെ പ്രവർത്തിച്ചശേഷവും വിജ്ഞാനം സമ്പാദിക്കുന്നതിനുള്ള സ്ഥാനം പുസ്തകങ്ങളാണ്. പ്രഥമതഃ നമ്മുടെ വീടുകളിൽ സൽഗ്രന്ഥങ്ങൾ ഉണ്ടായിരിക്കുകയും നാംതന്നെ അവയെ വായിച്ചുകാണിച്ചുകൊടുക്കുകയും ചെയ്യുക. എങ്കിൽമാത്രമെ ഇക്കാര്യത്തിൽ കുട്ടികൾ നമ്മെ അനുകരിക്കുകയുള്ളു. മഹാന്മാർ അവരുടെ കുട്ടികളെ വിദ്യാസമ്പന്നരാക്കിയതെങ്ങനെയെന്നു കേൾക്കണമോ? 18-ാംനൂററാണ്ടിലെ പ്രസിദ്ധസാഹിത്യകാരനായിരുന്ന ഗിബൺസിൻെറ പിതാവു് തൻെറ പുത്രൻ ഒരു സാഹിത്യകാരനായിത്തീരുന്നതിനു് അത്യധികം ആഗ്രഹിച്ചു. അതിനുവേണ്ടി അദ്ദേഹം അത്യദ്ധ്വാനം ചെയ്തു. സർ വില്ല്യം ജോൺസൻെറ മാതാവു് തൻെറ മകനോടു് ഇപ്രകാരം പറഞ്ഞുകൊടുത്തിരുന്നു. മകനേ വായിക്കുക; അപ്പോൾ നിനക്കു ജ്ഞാനമുണ്ടാകും. സോക്രട്ടീസ്, പ്ലേറോ, അരിസ്റ്റോട്ടൽ തുടങ്ങിയ തത്വജ്ഞന്മാരുടെ ജീവിതരംഗമായിരുന്ന ഏഥൻസ് പട്ടണത്തിൻെറ പ്രധാനഭാഗത്തു്, അവരുടെ മാതൃരാജ്യത്തിനു് പേരും പെരുമയും സമ്പാദിച്ചുകൊടുത്ത മഹാരഥന്മാരുടെ പ്രതിമകൾ സ്ഥാപിച്ചിരുന്നതായി കാണുന്നു. ഗ്രീസിലെ മാതാക്കൾ തങ്ങളുടെ കുട്ടികൾ ഏതു നിലയിൽ പ്രശസ്തരായിത്തീരണമെന്നു് ആഗ്രഹിച്ചുവോ ആ വിഷയത്തിൽ കീർത്തിമാനായ മഹാൻെറ പ്രതിമയുടെ മുമ്പിൽ അവരുടെ കുട്ടികളെനിർത്തിക്കൊണ്ടു് അവരോടിപ്രകാരം പറഞ്ഞിരുന്നു: ഇതാ മകനേ നിൻെറ മാതൃക. ഇദ്ദേഹത്തിൻെറ പ്രവൃത്തികളെ നീ അനുകരിക്കുകയും ഇദ്ദേഹത്തേപ്പോലെ നീ ആയിത്തീരുകയും ചെയ്യുക.

എന്തുകൊണ്ടു് നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കുള്ള ഉത്തമമാതൃക ഉത്തമഗ്രന്ഥങ്ങൾവഴി കാണിച്ചുകൊടുക്കുവാൻ പാടില്ല? നാം നമ്മുടെ കുട്ടികളെ ആരാക്കിത്തീർക്കാൻ ആഗ്രഹിക്കുന്നു? ഒരു സാഹിത്യകാരനോ? ഉത്തമസാഹിത്യഗ്രന്ഥങ്ങൾ അവനു കൊടുക്കുക. അവ അവനെ വായിച്ചുകേൾപ്പിക്കുക. അതു ശ്രദ്ധയോടെ പഠിക്കുന്നതിനു് അവനെ പ്രേരിപ്പിക്കുക. അവനോടു പറയുക: മകനേ ഇദ്ദേഹത്തെയാണു് നീയനുകരിക്കേണ്ടതു്. നീ ഇദ്ദേഹത്തെപ്പോലെയാകാൻ പരിശ്രമിക്കുക. ഒരു മിഷനറിയോ? എന്നാൽ ഒരു മിഷനറിയുടെ സ്ഥാനമഹിമാവിനെ ചൂണ്ടിക്കാണിക്കുന്ന ഉത്തമ പ്രസിദ്ധീകരണങ്ങൾ അവനു കൊടുക്കുക. വി.

(ശേഷം 8-ാംപേജിൽ)



# ഈശ്വരനില്ലാത്ത പഞ്ചവത്സരപദ്ധതികൾ*

(ഡി. എഫ്. കാരക)

നമ്മുടെ പ്രധാനമന്ത്രി രാജ്യത്തിൻെറ ഭാഗധേയം രൂപപ്പെടുത്തുന്ന സമ്പ്രദായത്തിനു് കാര്യമായ എന്തോ ദോഷമുണ്ടെന്നു്, സാവധാനത്തിൽ ഞങ്ങൾക്കു ബോദ്ധ്യമായി. അദ്ദേഹം ഈശ്വരവിരുദ്ധമായ ശക്തികളുമായി കൂട്ടുചേരുകയാണു്. സദുദ്ദേശത്തോടെയാണെങ്കിലും, സാവധാനത്തിലും സുനിശ്ചിതമായും അദ്ദേഹം നമ്മുടെ രാജ്യത്തെ, അതിൻെറ അഗാധമായ മതബോധത്തിൽനിന്നു് ഇളക്കി, "റഷ്യയിലെ സോഷ്യലിസം" എന്നു വിളിക്കപ്പെടുന്ന ഒരു പുതുഫാസിസത്തിൻെറ പിടിയിലേക്കു നയിക്കുകയാണു്. ഈ ആത്മാർത്ഥവിശ്വാസത്തിൽനിന്നാണു് ഞങ്ങൾ കുറെ കൊല്ലങ്ങളായി അദ്ദേഹത്തിൻെറ നേരെ ഉതിക്കുന്ന വിമർശങ്ങളെല്ലാം ഉത്ഭവിക്കുന്നതു്.

നാം ഒരു മതേതരരാഷ്ട്രമാണെന്നതു് വാസ്തവംതന്നെ. ഈ മതേതരസ്വഭാവത്തെ സ്വാതന്ത്ര്യലബ്ധിക്കുശേഷം അന്യൂനം നിലനിത്തിപ്പോന്നിട്ടുണ്ടെന്നുള്ളതു് അദ്ദേഹം ഇന്ത്യയുടെ പുരോഗതിക്കു ചെയ്തിട്ടുള്ള ഏററവും വലിയ സംഭാവനയുമാണു്. ഹിന്ദുമഹാസഭയുടെ മതഭ്രാന്തിൽനിന്നും, ആർ. എസ്സ്. എസ്സിൻെറ സമരസന്നദ്ധമായ വർഗ്ഗീയതയിൽനിന്നും അദ്ദേഹം രാജ്യത്തെ രക്ഷിച്ചു. അതിനു് ഇന്ത്യക്കാരെല്ലാം അദ്ദേഹത്തോടു് കൃതജ്ഞരായിരിക്കും. പക്ഷെ, ഇതാണു് അദ്ദേഹത്തിൻെറ ഏററവും വലിയ സംഭാവനയെങ്കിൽ, ഇതു മാത്രമാണു് അദ്ദേഹത്തിൻെറ യഥാർത്ഥ സംഭാവനയും.

മതേതരരാഷ്ട്രം നിലനിത്തുന്നതിനുള്ള അത്യുത്സാഹത്തിൽ, നിർഭാഗ്യമെന്നു പറയട്ടെ, അതിനെ ഏതുതരത്തിലുള്ള ഈശ്വരാരാധനയിൽനിന്നും അകററുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ടു്. ഉദാഹരണം: ഒരു പ്രാർത്ഥനയോടുകൂടി വേണം നമ്മുടെ പാർലമെൻറിലെ നടപടികൾ തുടങ്ങുന്നതും അവസാനിക്കുന്നതും എന്ന നിർദ്ദേശത്തെ അദ്ദേഹം പുച്ഛിക്കുന്നു.

അതു മാത്രമേയുള്ളുവെങ്കിൽ, കണ്ടില്ലെന്നുവയ്ക്കാം. പക്ഷെ, തൻെറ വിദേശനയത്തിൽ അദ്ദേഹം രാജ്യത്തെ ഈശ്വരവിരുദ്ധശക്തികളുമായി കൂട്ടിച്ചേർക്കുന്നു. മതത്തിൽ അടിയുറച്ച വിശ്വാസം ഇന്നും പുലത്തുന്ന രാജ്യങ്ങളിൽനിന്നു് അദ്ദേഹം നമ്മെ അകററുന്നു. തൽസ്ഥാനത്തു്, ഈശ്വരരൂപത്തെ തകത്തുകളഞ്ഞ ശക്തികളോടു് നമ്മെ ഘടിപ്പിക്കുന്നു. എന്നിട്ടും, ഇന്ത്യയിലെ മതവിശ്വാസികളാണു് നെഹ്രുവിനെ ഈ ശ്രമത്തിൽ പ്രശംസിക്കുന്നതായി കാണുന്നതു്.

സോവ്യററ്യൂണിയൻ ദൈവത്തിൽ വിശ്വസിക്കുന്നില്ല; മാവോസെ തുങ്ങ്, ചൗ എൻ ലായ്, ചൂത്തെ എന്നിവരുടെ ചൈനയും വിശ്വസിക്കുന്നില്ല. ഇതു് നെഹ്രുവിനു്, അദ്ദേഹത്തിൻെറ പ്രത്യേക ചാച്ചിലുകൾ വെച്ചുപോലും, നിഷേധിക്കാനാവാത്ത യാഥാർത്ഥ്യമാണു്. "ടൈം"മാസികയുടെ റിപ്പോർട്ടനുസരിച്ചു്, ഈയിടെ റഷ്യയിൽ മതത്തിനെതിരെ ഒരു സംരംഭമുണ്ടായി. "ടൈം" എഴുതി:

ക്രിസ്തുമതം എന്ന ആ "മുതലാളിത്തപരമായ അന്ധവിശ്വാസം" സോവ്യററ്യൂണിയനുള്ളിൽ ഇന്നും വഴങ്ങാതെ അവശേഷിക്കുന്നതിൽ ക്രെംലിനു ഉൽക്കണ്ഠ വർദ്ധിച്ചുവശായിരിക്കുന്നു. നാട്ടുമ്പുറങ്ങളിലുള്ള ബുദ്ധിജീവികളോടു് പുറത്തുകടന്നു ഔദ്യോഗികമതം, നിരീശ്വരത്വം, പ്രചരിപ്പിക്കാൻ ട്രേഡ്യൂണിയൻ പത്രമായ "ട്രഡ്" നിർദ്ദേശിച്ചിട്ടുണ്ടു്. ചെറുപ്പക്കാരുടെയിടയിൽ മതമെന്ന "വ്യാധി" പരക്കുന്നതിൽ യുവജനപത്രമായ "കോംസോ മോൾസ്കായ പ്രവദ"യ്ക്കു പ്രത്യേകം വ്യസനമുണ്ടു്. ഈ പത്രം കഴിഞ്ഞ ആഴ്ചയിൽ, കുട്ടികൾക്കു പറഞ്ഞുകൊടുക്കാൻ പാറിയ കുറെ മുദ്രാവാക്യങ്ങൾ, അച്ഛനമ്മമാർക്കു നൽകി.

"മതം വിഷമാണു്—കുട്ടികളെ അതിൽനിന്നും അകററിനിർത്തുക."

"നമുക്കു് അപ്പം തരുന്നതു് ക്രിസ്തുവല്ല, യന്ത്രങ്ങളും കൂട്ടുകൃഷിസ്ഥലങ്ങളുമാണു്."

"ദൈവത്തെ മറന്നുകഴിഞ്ഞാൽ ജീവിതം ഭേദപ്പെടുന്നു."

"ദൈവവും പുരോഹിതരുമില്ലാതെതന്നെ പാടത്തു കൂടുതൽ കററ യുണ്ടാവുന്നു."

ഇതെല്ലാമുണ്ടായിട്ടും നെഹ്റു റഷ്യയോടും ചൈനയോടുമുള്ള സഹഭാവത്തെ, അതു് സമാധാനത്തിലേക്കുള്ള ചലനമാണെന്നും പറഞ്ഞു് ന്യായീകരിക്കുന്നു. സമാധാനത്തിനു അർത്ഥം ഉടനെയുള്ള യുദ്ധത്തെ ഒഴിഞ്ഞുമാറുക എന്നാണെങ്കിൽ നെഹ്രുവിൻെറ വാദത്തിനു് കുറെ ന്യായമുണ്ടു്. എന്നാൽ സമാധാനമെന്ന ആശയത്തിനു്, ലക്ഷക്കണക്കിനാളുകൾ സൈബീരിയായിലെ ഉപ്പുഖനികളിൽ അടിമത്തമനുഭവിക്കുന്നതിനോടും ചൈനയിലെ നിലമുടമകളെ കൈകൾ പിന്നിൽ വരിഞ്ഞുകെട്ടി പട്ടാപ്പകൽ വെടിവെക്കുന്നതിനോടും മററും വളരെ കുറച്ചേ സാരൂപ്യമുള്ളു. നമ്മുടെ പരമ്പരാഗതമായ നീതിസംഹിതയും, "ചൈനീസ് റിപ്പബ്ളിക്കിൻെറ ശത്രുക്കൾ" എന്നു മുദ്രയടിക്കപ്പെട്ട കുറേപ്പേർക്കു നൽകിയ നീതിയും തമ്മിൽ ഞാൻ അതിലും കുറച്ചേ സാമ്യം കാണുന്നുള്ളു. എന്നിട്ടും ഈ ചൈനാക്കാരോടാണു് നെഹ്രു ഒരു അനാക്രമണസന്ധി ഉണ്ടാക്കിയിരിക്കുന്നതു്.

നമ്മുടേതു് ബുദ്ധനിൽ, കൃഷ്ണനിൽ, മുഹമ്മദിൽ, സൊറോസ്റ്ററിൽ, ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരു രാജ്യമാണു്. വാസ്തവമാണു്, ഇവരാരും ഒരു സ്റ്റാലിൻ സമ്മാനവും നേടിയിട്ടില്ല. എന്നാൽ ഇന്ത്യയിലെ 35 കോടി ജനങ്ങളും തലമുറ തലമുറയായി ഇവയിൽ ഏതെങ്കിലുമൊരു മതത്തിൽ വിശ്വസിച്ചു പോന്നിട്ടുണ്ടു്. അവയെല്ലാംതന്നെ ദൈവവിശ്വാസം, മനുഷ്യജീവിതത്തിൻെറ പരമോദ്ദേശം, മതസഹിഷ്ണുത എന്നിവയിൽ അടിയുറച്ചവയുമാണു്. ഇന്നു്, ബുദ്ധൻെറയും കൃഷ്ണൻെറയും ക്രിസ്തുവിൻെറയും മററുമായ ഇന്ത്യക്കാരെ ചൗ എൻ ലായ്, മാലങ്കോവ് തുടങ്ങിയ മാന്യന്മാരുടെ പങ്കാളികളാക്കാൻ നെഹ്റു ആഗ്രഹിക്കുന്നു. ഇവരുടെ ക്ഷേത്രത്തിൽ നെഹ്റു അനാവശ്യമായ ആദരങ്ങളർപ്പിക്കുന്നു.

ദൈവവിശ്വാസത്തെ തുത്തുകളയുക എന്നതാണു് കമ്മ്യൂണിസത്തിൻെറ ചരിത്രം. മതവിശ്വാസത്തെ ഹനിക്കുന്നതിൽ കമ്മ്യൂണിസ്റ്റു് സുഹൃത്തുക്കൾക്കു് താൽക്കാലികമായി വിജയം സിദ്ധിച്ചാലും, ചരിത്രം തെളിയിക്കുന്നതു് ഈശ്വരവിശ്വാസത്തെ ഭൂമുഖത്തുനിന്നു് ശാശ്വതമായി തുടച്ചുനീക്കാനാവില്ലെന്നാണു്.

നെഹ്റുവിനു് ചരിത്രവുമായി ഒരു ചെറിയ പരിചയമുള്ളതുകൊണ്ടു് അദ്ദേഹത്തിനു ഓർമ്മയുണ്ടാവണം, ഹിററ്ലർ നാസിജർമ്മനിയിൽനിന്നു് യൂതപ്പള്ളികൾ മാച്ചുകളയാൻ ശ്രമിച്ചതു് എങ്ങിനെയെന്നു്. യൂതവർഗ്ഗത്തെ നശിപ്പിക്കാനുള്ള ശ്രമത്തിൽ ഹിററ്ലർ ബുഷൻവാൾഡിലും ബെൽസനിലും യൂതരെ വസ്ത്രങ്ങളുരിഞ്ഞു് കുന്നുകൂട്ടിയിട്ടു. ഞാൻ ഈ കൂമ്പാരങ്ങൾ എൻെറ കണ്ണുകൊണ്ടു് കണ്ടിട്ടുണ്ടു്. യൂതർ ചത്തും ചാവാതെയും, വേദനയാൽ വാപിളന്നും, ആൾവലിപ്പമുള്ള അടുപ്പുകളിലേക്കു പ്രവേശിക്കുവാനുള്ള സന്ദർഭവും കാത്തു കിടക്കുന്നതു് ഞാൻ ദർശിച്ചിട്ടുണ്ടു്. ജീവനുള്ള ശരീരങ്ങളിൽനിന്നു നീക്കിയ ചർമ്മം കൊണ്ടു് ഹിററ്ലറുടെ കിങ്കരന്മാർ വിളക്കുമറകളും ചെരിപ്പുകളുമുണ്ടാക്കി. ഈമറകളും ചെരിപ്പുകളും ഒരു പക്ഷെ ഒരിന്ത്യക്കാരനും കണ്ടിരിക്കയില്ല. ഞാൻ അവയും എൻെറ കണ്ണിനാൽ ദർശിച്ചിട്ടുണ്ടു്. എന്നിട്ടും അഡോൾഫ് ഹിററ്ലക്കു് മോശയുടെ വർഗ്ഗത്തെ നിർമ്മാജ്ജനം ചെയ്‌വാൻ കഴിഞ്ഞില്ല. പകരം, യൂതന്മാക്കു് ഒരു പുതിയ ഗേഹം, ഇസ്രായേൽ രാഷ്ട്രം, ലഭിച്ചു.

ഞാൻ ചിലപ്പോൾ വിചാരിക്കാറുണ്ടു്, മി. നെഹ്റു ഇടയ്ക്കിടക്കു് ഒരു അമ്പലത്തിൽ ചെന്നു് നിശ്ശബ്ദപ്രാർത്ഥന ചൊല്ലുകയാണെങ്കിൽ അദ്ദേഹത്തിനു് അണക്കെട്ടുകളുടെ ബട്ടണുകൾ അമർത്താൻ നടക്കുന്നതിനേക്കാൾ കൂടുതൽ ഗുണം ഇന്ത്യക്കു ചെയ്യാൻ സാധിക്കുമെന്നു്. ഭക്രാനാംഗൽ കനാൽ തുറക്കുന്ന വേളയിൽ അദ്ദേഹം പറഞ്ഞു അണക്കെട്ടുകൾ "ജനങ്ങളുടെ ഭാവിയിലെ അമ്പലങ്ങളായിരിക്കും" എന്നു്. പുതിയൊരു ആരാധനാസ്ഥലം!

മഹാത്മാഗാന്ധി പ്രാർത്ഥനയിൽ വിശ്വസിച്ചിരുന്നു. പ്രാർത്ഥനകൊണ്ടു് അദ്ദേഹം ഈ രാജ്യത്തെ അടിമത്തത്തിൽനിന്നും ഉയർത്തി സ്വാതന്ത്ര്യത്തിൻെറ ശുദ്ധമായ മാർഗ്ഗത്തിൽ കൊണ്ടാക്കി. പ്രാർത്ഥനയിലുള്ള അതേ വിശ്വാസം എ. സി. സി. സിമൻറിൽ അർപ്പിക്കാൻ ഗാന്ധിയെക്കാൾ കുറഞ്ഞ ഒരിന്ത്യക്കാരൻ നമ്മോടു് ആവശ്യപ്പെടുകയാണു്.

നെഹ്റുവിൻെറ പഞ്ചവത്സരപദ്ധതികളിൽ ദൈവത്തെ കാണുന്നില്ല. അതാണു് അദ്ദേഹം വിജയിക്കുന്നില്ലെന്നു് നമ്മളിൽ ചിലക്കു് തോന്നുന്നതു്. അദ്ദേഹം നമുക്കു വാഗ്ദാനം ചെയ്യുന്ന സമാധാനം അയഥാർത്ഥമാണു്. ഈശ്വരവിരുദ്ധശക്തികളുമായുള്ള സഖ്യത്തിലാണു് അതു് അധിഷ്ഠിതം; അതിനാൽ, ഇന്ത്യയെപ്പോലെ മതവിശ്വാസത്തിൽ അടിയുറച്ച ഒരു രാജ്യത്തിൻെറ നിലനില്പിനെ അതു് അപകടപ്പെടുത്തുന്നു.

നെഹ്റു യുദ്ധത്തെപ്പററി ഒരു ഭീകരവസ്തു എന്ന നിലയിൽ സംസാരിക്കുന്നു; അദ്ദേഹത്തിൻെറ വിദേശനയം യുദ്ധത്തെ ഒഴിവാക്കുന്നതായും പറയുന്നു. ആക്കു യുദ്ധം വേണ്ട, മി. നെഹ്റു; ഒരു പട്ടാളക്കാരനതീച്ചയായും വേണ്ട. പക്ഷെ, കമ്മ്യൂണിസത്തിൻെറ പിടിയിൽ പെടുന്നവക്കു് നേരിടുന്ന മാനസികാടിമത്തത്തേക്കാളും അഭിമാനക്ഷയത്തേക്കാളും ഭേദം യുദ്ധം തന്നെയാണു്. കമ്മ്യൂണിസത്തോടു നിഷ്പക്ഷമായിരിക്കുക എന്നാൽ അതിനു കീഴടങ്ങുക എന്നർത്ഥമാണു്—ഇന്നല്ലെങ്കിൽ നാളെ......

—o—

* പ്രസിദ്ധ ഗ്രന്ഥകാരനും പത്രാധിപരുമായ മി. കാരക അദ്ദേഹത്തിൻെറ "കറൻറു്" വാരികയുടെ അഞ്ചാം വാർഷികപ്പതിപ്പിൽ എഴുതിയ ലേഖനത്തിൻെറ ഒരു ഭാഗം. വിവത്തകൻ ആൻറണി അക്കര ബി. എ.

## യുഗോസ്ലാവ് അധികാരികൾ സഭാവസ്തുക്കൾ കൈയടക്കുന്നു

യുഗോസ്ലാവിയായിൽ സ്വതന്ത്രമേഖലയായ "ബി"സോണിൽ കപ്പോഡിസ്ത്രിയാ ഡിസ്ട്രിക്ടിൽ സ്ഥിതിചെയ്യുന്ന തിരുസഭവക ചില സ്ഥാപനങ്ങളേയും വസ്തുക്കളേയും കൈയടക്കുന്നതിനുള്ള നടപടികൾ അധികാരികൾ ആരംഭിച്ചിരിക്കുന്നു. അവിടത്തെ രൂപതവക സെമിനാരിയായ ഡിമീസ് കോളേജും ഫ്റയേഴ്സ് മൈനർ സഭക്കാരുടെവക സെൻറു് ആൻറണീസു് കോൺവെൻറും ഇതിൽ പെടുന്നുണ്ടു്. ഇവയ്ക്കു കമ്മ്യൂണിസ്റ്റധികാരികൾ പ്രതിഫലമെന്നോണം അവക്കു കൊടുക്കുന്നതു് പ്രസ്തുത വസ്തുവകകളുടെ വിലയുടെ പത്തിലൊരു ഭാഗം മാത്രമാണത്രെ.

## പ്രസിഡൻറു് പെറോണിൻെറ വിരോധകാരണം

ഫ്രീട്രേഡ്യൂണിയനുകളുടെ സാർവ്വദേശീയസംഘടനവകയായ ഇൻറർ അമേരിക്കൻ ബുള്ളററിൻെറ ഒരു മുഖപ്രസംഗത്തിൽ അർജെൻറീനായിലെ സഭക്കെതിരായി പ്രസിഡൻറു് പെറോൺ മർദ്ദനം നടത്തുന്നതിനു കാരണമായ സാഹചര്യങ്ങളെ വിവരിച്ചിരിക്കുന്നു. അവിടെ ചില വൈദികർ അവിടത്തെ തൊഴിലാളിസംഘടനകളെ സഹായിച്ചുവെന്നതാണത്രെ പ്രസ്തുത കാരണം. പ്രസിഡൻറു്, അവിടത്തെ ജീവിതച്ചിലവു വളരെ വർദ്ധിച്ചിരുന്ന അവസരത്തിൽ, തൊഴിലാളികൾക്കു യാതൊരു വിധത്തിലും ഉപജീവനത്തിനു മതിയാകാത്ത ഒരു ജീവനക്കൂലി നടപ്പാക്കുവാൻ ശ്രമിച്ചു. തൊഴിലാളികൾ ന്യായപൂർവ്വം അതിനെ എതിത്തു. സാമൂഹികപ്രവത്തകരായ ചില വൈദികർ അവക്കു തികച്ചും ധാർമ്മികവും ആദ്ധ്യാത്മികോപദേശപരവുമായ നിർദ്ദേശങ്ങൾ നൽകുകയും പ്രത്യേകിച്ചും കർഡോബാ സാന്താഫെ എന്നീ പ്രോവിൻസുകളിലെ തൊഴിലാളിപ്രവത്തനങ്ങളെ സഹായിക്കുകയുംചെയ്തു. ഇതാണു് പ്രസിഡൻറിനെ ക്രുദ്ധനും പ്രതികാരോൽസുകനുമാക്കിയതെന്നു ബുള്ളററിൻ പ്രസ്താവിക്കുന്നു.


## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

ഹെഡാഫീസ്: ആലുവാ

ബ്രാഞ്ചുകൾ: ആലുവാ, അങ്കമാലി, ചാലക്കുടി, എറണാകുളം, പെരുമ്പാവൂർ

# അഭിവൃദ്ധിപട്ടിക

| വർഷം | മൂലധനം | | | കരുതൽധനം | | | ഇൻവെസ്റ്റ്മെൻറു് | | | നിക്ഷേപം | | | ആദായം | | | ഡിവിഡൻറു് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1946 | 116115 | 0 | 0 | 200 | 0 | 0 | 34127 | 6 | 6 | 174010 | 15 | 3 | 3597 | 7 | 0 | $2\frac{1}{3}$% F. t. |
| 1947 | 126820 | 0 | 0 | 1200 | 0 | 0 | 39796 | 6 | 6 | 222285 | 5 | 5 | 5015 | 2 | 8 | $2\frac{1}{3}$% " |
| 1948 | 130340 | 0 | 0 | 2200 | 0 | 0 | 41700 | 0 | 0 | 232071 | 5 | 2 | 6921 | 0 | 0 | $2\frac{1}{3}$% " |
| 1949 | 131590 | 0 | 0 | 3600 | 0 | 0 | 43837 | 8 | 0 | 305452 | 10 | 1 | 7157 | 3 | 4 | $2\frac{1}{2}$% " |
| 1950 | 131590 | 0 | 0 | 5000 | 0 | 0 | 39237 | 8 | 0 | 633010 | 6 | 5 | 7412 | 5 | 4 | $2\frac{1}{2}$% " |
| 1951 | 142860 | 0 | 0 | 16318 | 2 | 0 | 87758 | 2 | 0 | 864844 | 7 | 7 | 11318 | 13 | 4 | 3 % " |
| 1952 | 142860 | 0 | 0 | 17393 | 12 | 0 | 89719 | 7 | 0 | 873889 | 12 | 6 | 15008 | 2 | 6 | $3\frac{1}{2}$% " |
| 1953 | 142860 | 0 | 0 | 20400 | 0 | 0 | 113839 | 7 | 9 | 1011902 | 0 | 11 | 19908 | 3 | 11 | $4\frac{1}{2}$% " |
| 1954 | 142860 | 0 | 0 | 27534 | 9 | 3 | 158960 | 9 | 0 | 1333676 | 2 | 5 | 21754 | 12 | 9 | 5%(recomd.) |

ക്യാപ്ററൻ ഫ്രാൻസിസ് പാനികുളം,
B. A, M. B. B. S., D. A. (England)
ചെയർമാൻ

കെ. പി. ഹോർമിസ്,
ബി. എ., ബി. എൽ., എം. എൽ. എ.
മാനേജിംഗ് ഡയറക്ടർ

Reg. No. M. 2293

# Sathya Deepam

Vol. 28 Ernakulam, February 9, 1955 No. 25

# ബാലരംഗം

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"

## ബാല  മിത്രം

വിശുദ്ധ ജോൺ ബോസ്കോ


പ്രിയപ്പെട്ട കുഞ്ഞ സഹജന്മാരേ, കുഞ്ഞ സഹജത്തികളേ,

ബാലനായ ജോൺബോസ്കോ പലതരം കളികളും കസ്സർത്തുകളും വശമാക്കി. കൂട്ടുകാർ അതു കണ്ടു രസിക്കുന്നതിനും വാസനയുള്ളവർ അതു കളിച്ചുപഠിക്കുന്നതിനും അടുത്തുകൂടി. നല്ല കളിക്കാരക്കു കൂട്ടുകാരെ സമ്പാദിക്കാൻ വളരെ എളുപ്പമുണ്ടല്ലോ.

പത്തുവയസ്സായ ജോണിക്കു കൂട്ടുകാരെ വിനോദിപ്പിക്കുന്നതിനും വശത്താക്കുന്നതിനും നല്ല വശമുണ്ടു്. ജോണിയോടു് എല്ലാവർക്കും സ്നേഹവും ബഹുമാനവുമാണ്. കളികളിൽ ഏർപ്പെടുന്നതിനും കളികൾ പഠിപ്പിക്കുന്നതിനും എല്ലാം ജോണിക്കു ഒരു വ്യവസ്ഥയുണ്ടു്—കളിക്കുന്നതിനുമുമ്പു ദൈവത്തോടു പ്രാർത്ഥിക്കണം. ആദ്യം ചിലർക്കു അതു ഇഷ്ടമായില്ല.........




### 8-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം




### പ്രശ്നം 9

(ഡേവി വേലൂക്കാരൻ)

നിങ്ങൾക്കു പറയാമോ?

1) ഒരു സംഖ്യയുടെ അഞ്ചിലൊന്നിനോടുകൂടി ഒന്നു കൂട്ടിയാൽ ആ സംഖ്യയുടെ നാലിലൊന്നിനോടു തുല്യമെങ്കിൽ ആ സംഖ്യ എത്ര?

2) ഒരു സംഖ്യയെ ആ സംഖ്യകൊണ്ടു് ഗുണിച്ചാൽ കിട്ടുന്ന തുക, ആ സംഖ്യയോടുകൂടി ഒന്നു കൂട്ടിയാൽ കിട്ടുന്ന തുകയുടെ പകുതിയാണെങ്കിൽ ആ സംഖ്യ എത്ര? (ഉത്തരങ്ങൾ അടുത്തതിൽ)

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

വീട്ടിൽ ഒരു വയസ്സടുത്ത കുഞ്ഞുങ്ങളുള്ളവർക്കറിയാം ആ കുഞ്ഞു് ഒന്നു എഴുന്നേററുനിന്നു് നടന്നു തുടങ്ങാൻ എന്തു പാടുപെടുന്നു എന്നു്. ആദ്യം രണ്ടുനാലടിയങ്ങു വെച്ചു് നടന്നു എന്നു വരട്ടെ—പിന്നെ ആ കുഞ്ഞങ്ങു നടക്കാൻതുടങ്ങുകയായി. അവിടംമുതൽ അന്ത്യംവരെ. അതുപോലെ തന്നെയാണു് രണ്ടുവയസ്സാകുന്ന കുഞ്ഞുങ്ങൾ സംസാരിക്കാനാരംഭിക്കുന്നതും. ആരംഭിച്ചുകഴിഞ്ഞാൽ പിന്നെ അതങ്ങു തുടന്നുകൊള്ളുകയാണു്.

ഇതുപോലെ എല്ലാ കാര്യങ്ങളും ആദ്യമായി ആരംഭിക്കാനാണു് വിഷമമൊക്കെ. ആരംഭിച്ചുകഴിഞ്ഞാൽ പിന്നെ ആ പ്രവൃത്തി തടവില്ലാതെ അങ്ങു തുടന്നു് പൊയ്ക്കൊള്ളും. നല്ല കാര്യങ്ങളും ചീത്ത പ്രവൃത്തികളും എല്ലാം ഈ തത്വം അനുസരിച്ചാണു് മനുഷ്യരിൽ കാണുന്നതു്.


ബേബി മൂന്നാംഫോറത്തിൽ പഠിക്കുന്ന കുട്ടിയായിരുന്നു. അവനു് മാസികകളും പത്രങ്ങളും വാങ്ങി വായിക്കുക വലിയ ഇഷ്ടമായിരുന്നു. ഒരു ദിവസം അങ്ങാടിയിലുള്ള ബുക്കു്സ്റ്റാളിൽ അവൻ പോയി. അവിടെ ഒരു നല്ല വിദ്യാർത്ഥിമാസിക കണ്ടു. വില 3ണ. ബേബിക്കു അതു വാങ്ങണമെന്ന ആഗ്രഹം വളരെക്കൂടുതലായി. പുസ്തകക്കടക്കാരൻ ബേബിയെ അറിയുന്ന ആളായിരുന്നു. അതിനാൽ ഒരണ പിന്നെ കൊടുത്താൽ മതിഎന്ന വ്യവസ്ഥയിൽ ബേബിക്കു മാസിക കൊടുത്തു് രണ്ടണ വാങ്ങിച്ചു. ബേബി വീട്ടിൽ വന്നു് മാസിക വായിക്കയും പഠിത്തം തുടരുകയും ചെയ്തു. ഒരാഴ്ചകഴിഞ്ഞാണു് പിന്നീടു് ബേബി അങ്ങാടിയിൽ പോയതു്. എന്നാൽ പുസ്തകക്കടയിൽ വേറൊരാളെയാണു് കണ്ടതു്. ബേബി അവിടെ കൊടുക്കാനുണ്ടായിരുന്ന ഒരണ കൊടുത്തില്ല. അതുതകക്കുറിച്ചു ആരും ഒന്നും ചോദിച്ചതുമില്ല. അവനും ഏതാനും മാസിക വാങ്ങി. മുഴുവൻ പണം കൊടുത്തില്ല. പിന്നെ വരുമ്പോൾ കൊടുക്കാമെന്നു പറഞ്ഞു് മാസികകൾ കൊണ്ടുപോന്നു. എന്നാൽ പിന്നെ അങ്ങാടിയിൽ പോയപ്പോഴും ബാക്കി കടയിൽ കൊടുത്തില്ല. കടക്കാർ ചോദിച്ചതുമില്ല. ഈ പ്രവൃത്തി ബേബി പല കടയിലും ആവർത്തിച്ചു. ആദ്യമൊക്കെ ഈ കള്ളപ്രവൃത്തി ചെയ്യുന്നതു് തെററാണു് എന്നു് ബേബിയുടെ മനസ്സാക്ഷി പറഞ്ഞെങ്കിലും ഒടുവിൽആ സങ്കോചവുമില്ലാതായി. അവസാനം ബേബിയുടെ കള്ളത്തരം കടക്കാർ കണ്ടുപിടിച്ചു. അവനെ വളരെയേറെ കളിയാക്കി. അവൻ അവൻെറ പ്രവൃത്തിയിൽ അതീവലജ്ജിതനായി. പഠിത്തം നിറുത്തി. കൂട്ടുകാരുടെ മുമ്പിൽ പോകാതെ വീട്ടിൽതന്നെ കഴിച്ചുകൂട്ടേണ്ടതായിവന്നു.

അങ്ങിനെ ആദ്യം വളരെ വിഷമിച്ചു ചെയ്യാൻ തുടങ്ങിയ ആ പ്രവൃത്തി ബേബിയെ തികച്ചും ഒരു ചീത്തകുട്ടിയാക്കി.

പുകവലിക്കാരും, കുടിയന്മാരും, ചീട്ടുകളിക്കാരും, തട്ടിപ്പുകാരും, നുണപറയുന്നവരും, ചതിയന്മാരും, ദുർന്നടത്തകളിൽ കൂടി കാലം കഴിക്കുന്നവരുമെല്ലാം അവരുടെ ആദ്യത്തെ പ്രവൃത്തി വളരെ വിഷമിച്ചാണു് ചെയ്തതു്. അതാവർത്തിച്ചാവർത്തിച്ചാണവർ ഇപ്പോഴത്തെ സ്ഥിതിയിലെത്തിയതു്.

കുഞ്ഞുങ്ങൾ നല്ല കാര്യംമാത്രമേ ആദ്യമായാരംഭിക്കാവൂ. എന്തെന്നാൽ സൽപ്രവൃത്തികളേ നമ്മെ നല്ലവരാക്കുകയുള്ളൂ. നിങ്ങളെല്ലാവരും നല്ലവരായിത്തീരാനല്ലേ ഇഷ്ടപ്പെടുന്നതു്?

സ്നേഹപൂർവ്വം നിങ്ങളുടെ സ്വന്തം കുഞ്ഞമ്മാവൻ.




ബേബി ലജ്ജിതനായി പഠിത്തംനിറുത്തി വീട്ടിൽകഴിച്ചുകൂട്ടുന്നു